# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

2016 ഏപ്രിൽ
വില ₹15



# ഇരട്ടി പുണ്യം



## കാരുണ്യയും കാരുണ്യ പ്ലസും

### കാരുണ്യ പ്ലസ്

എല്ലാ വ്യാഴാഴ്ചയും

ഒന്നാം സമ്മാനം ₹1 കോടി

രണ്ടാം സമ്മാനം ₹15 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

ടിക്കറ്റ് വില ₹50

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

### കാരുണ്യ

**ചികിത്സാ ധനസഹായ പദ്ധതി**

കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള ലാഭം വിനിയോഗിക്കുന്നു ഇതുവരെ ചികിത്സാ സഹായമായി 92458 രോഗികൾക്ക് നൽകിയത് 746.76 കോടി രൂപ

കാരുണ്യ, കാരുണ്യ പ്ലസ്
ഭാഗ്യക്കുറികൾ വാങ്ങൂ..
ഭാഗ്യം പരീക്ഷിക്കൂ...

ഇതു നമ്മുടെ കടമ കൂടിയാണ്

### കാരുണ്യ

എല്ലാ ശനിയാഴ്ചയും

ഒന്നാം സമ്മാനം 1 കോടി

ടിക്കറ്റ് വില ₹50

രണ്ടാം സമ്മാനം ₹10 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

**കേരള സംസ്ഥാന ഭാഗ്യക്കുറി** വിശ്വസ്തം സുതാര്യം ജനകീയം

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**എപ്രിൽ 2016**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**

ഉള്ളടക്കം

## കെറ്റീഷ

**സാറാ ജോസഫ്**



അച്ഛനും അമ്മയും ഇല്ലാത്ത കുട്ടിയാണ് കെറ്റീഷ. ഒരു മഠത്തിലെ ജോലിക്കാരി. തന്റെ കഷ്ടപ്പാടുകൾക്കിടയിലും അവൾ അമ്മയെ തിരയുന്നു.

16

## മീൻപിടിക്കാൻ പോരുന്നോ?

**മനോജ് കരിങ്ങാമഠത്തിൽ**

തൃശ്ശൂർ കോൾപ്പാടവും ചുറ്റുപാടുകളും വലിയൊരു ആവാസവ്യവസ്ഥയാണ്. മീൻപിടുത്തമാണ് കൃഷിക്കൊപ്പം പലരുടെയും ജീവിതമാർഗം. അവിടത്തെ മീൻപിടുത്തരീതികൾ നമുക്കു പരിചയപ്പെടാം. ഒപ്പം അവയിൽ ചിലത് മീനുകളുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാവുന്നതിനെക്കുറിച്ചും.



8

## പൊന്നിലത്താലികൾ

**ചന്ദ്രമതി**

22

'പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്ന മട്ടിൽ പൂത്തുലയുന്ന കണിക്കൊന്നയും വിഷുവും തന്റെ കുട്ടിക്കാലത്തിന്റെ പശ്ചാത്തലത്തിൽ ചെറിയൊരു നഷ്ടബോധത്തോടെ ഓർത്തെടുക്കുന്നു ലേഖിക.



**സ്നേഹപൂർവ്വം**.........................4
കെ സി ജോസഫ്
**മുൻമൊഴി** .........................5
സുഗതകുമാരി
**മയിൽപ്പീലി**.........................6
ഒ എൻ വി
**സ്കൂൾ അസംബ്ലി**.........................15
രാജഗോപാലൻ നാട്ടുക്കൽ
**സ്കൂൾ ഡെയ്സ്**.........................21
രാജീവ് എൻ ടി
**നാണയങ്ങൾ പറയും ചരിത്രം**...24
ഡോ. എം ജി ശശിഭൂഷൺ
**സ്വർണക്കോട്ടയിലെ മയിൽ**.......29
സത്യജിത് റായ്
പുനരാഖ്യാനം : എം ചന്ദ്രപ്രകാശ്
**പുസ്തകങ്ങളുടെ മായികലോകം**.........................34
എസ് ശിവദാസ്
**ജാതകകഥ**.........................36
വെങ്കി
**ആരോഗ്യം**.........................40
ഡോ. ബി പത്മകുമാർ
**സിനിമാപരിചയം** .........................42
തനൂജ ഭട്ടതിരി
**മഹാഭാരതം**.........................46
സുഗതകുമാരി
**ഇളംതളിര്**.........................48
**ആനക്കാര്യം**.........................49
രാജീവ് എൻ ടി
**ഉണ്ടാക്കാം**.........................50
അരവിന്ദ് ഗുപ്ത
**അക്ഷരചിത്രം**.........................51
ഭരണിക്കാവ് കൃഷ്ണൻ

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)
ചീഫ് എഡിറ്റർ
**സുഗതകുമാരി**
എഡിറ്റർ & ഡയറക്ടർ
**ഡോ. പോൾ മണലിൽ**
എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ
**ആർ ആശ**
ആർട്ട്
**അരുണ ആലഞ്ചേരി**
ലേ ഔട്ട്
**വിഷ്ണു പി എസ്**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

പ്രിയപ്പെട്ട കുട്ടികളേ,

1961 ഏപ്രിൽ പന്ത്രണ്ട് മനുഷ്യരാശിയെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനപ്പെട്ട ഒരു ദിവസമായിരുന്നു. ഒരു മനുഷ്യൻ ആദ്യമായി ബഹിരാകാശത്തെ തൊട്ട ദിവസം. തുടർന്നങ്ങോട്ട് ബഹിരാകാശത്തെത്തിയ മനുഷ്യരുടെ എണ്ണം ഏറെയാണ്. ബഹിരാകാശചരിത്രത്തിൽ വലിയ കുതിച്ചുചാട്ടം നടത്തി 1969ജൂലായ് 21ന് മനുഷ്യൻ ചന്ദ്രനിലുമെത്തി. 1998 മുതൽ ഭൂമിക്കു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്ന അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ (International Space Station) കഴിഞ്ഞ കുറെ വർഷങ്ങളായി എപ്പോഴും ആൾത്താമസവുമുണ്ട്. ഇനി നമ്മുടെ ലക്ഷ്യം ചൊവ്വയാണ്. അതിനുള്ള ശ്രമത്തിലാണ് വിവിധ രാജ്യങ്ങളിലെ ബഹിരാകാശസംഘടനകൾ. ചന്ദ്രയാനും മാർസ് ഓർബിറ്റർ മിഷനും ഒക്കെയായി ഇന്ത്യയും ബഹിരാകാശത്തിന്റെ പുറകേ തന്നെ.

പരീക്ഷകളുടെ അല്ലലുകളിൽനിന്നൊഴിഞ്ഞ് അവധിക്കാലം ആസ്വദിക്കുകയാണല്ലോ നിങ്ങൾ. ആർക്കും കൗതുകം തോന്നുന്ന ഒരു മേഖലയാണ് ബഹിരാകാശവും അവിടേക്കുള്ള യാത്രയും അവിടത്തെ ജീവിതവും. ചന്ദ്രനിലേക്കോ ചൊവ്വയിലേക്കോ ഉള്ള യാത്രകളെക്കുറിച്ചാണെങ്കിൽ അത്ഭുതവും കൗതുകവും ഇരട്ടിക്കും. അതു മാത്രമല്ല, ബഹിരാകാശയാത്രകളും ഗവേഷണങ്ങളും ശാസ്ത്രലോകത്തിനു നൽകുന്ന അറിവുകൾ ഏറെയാണ്. അതിന്റെ പ്രാധാന്യം കണക്കിലെടുത്ത്, മനുഷ്യന്റെ ബഹിരാകാശയാത്രയ്ക്ക് തുടക്കം കുറിച്ച ഏപ്രിൽ 12 'അന്താരാഷ്ട്ര മാനവ ബഹിരാകാശയാത്രാദിന'മായി (International Day of Human Space Flight ) യുണൈറ്റഡ് നേഷൻ ആചരിച്ചു വരുന്നു.

നമുക്കും ഈ ആചരണത്തിന്റെ ഭാഗമാകാം. ബഹിരാകാശയാത്രകളെക്കുറിച്ചുള്ള നിരവധി വിവരങ്ങളും ചിത്രങ്ങളും വീഡിയോകളുമെല്ലാം ഇന്റർനെറ്റിൽ യഥേഷ്ടം ലഭ്യമാണ്. ബഹിരാകാശസംഘടനകളുടെ സൈറ്റുകളിലോ വിക്കിപീഡിയ പോലുള്ള വിജ്ഞാനകോശങ്ങളിലോ ചെന്നാൽ ആധികാരികമായ വിവരം ലഭിക്കും. ഇവ ശേഖരിച്ച് ഏപ്രിൽ 12ന് ഒരു ബഹിരാകാശ പ്രദർശനം ഒരുക്കാൻ ശ്രമിക്കൂ. പ്രദർശനമൊരുക്കാൻ നാട്ടിലെ വായനശാലകളുടെയോ ക്ലബുകളുടെയോ സഹായം തേടാവുന്നതാണ്. നാട്ടിലെ എല്ലാവർക്കും വന്നെത്താവുന്ന ഒരിടം വേണം ഇതിനായി തിരഞ്ഞെടുക്കാൻ. ബഹിരാകാശം ഒരു നാടിനെ മുഴുവൻ അത്ഭുതത്തിലും കൗതുകത്തിലും ആറാടിക്കുന്നത് നിങ്ങൾക്കു നേരിട്ടുകാണാം, അനുഭവിക്കാം. പുതിയ കാര്യങ്ങൾ അറിയുമ്പോഴുള്ള അവരുടെ സന്തോഷം നിങ്ങളിലും എന്നെന്നും നിലനിൽക്കും. അപ്പോൾ ഇന്നു തന്നെ അതിനായി ശ്രമിച്ചുതുടങ്ങൂ.

സ്നേഹപൂർവ്വം,

**കെ സി ജോസഫ്**
(സാംസ്കാരികവകുപ്പു മന്ത്രി)



വര: സുധീർ പി വൈ

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങളോട് ഒരു ചെറിയ ചോദ്യം. ഭൂമിയിലെ ഏറ്റവും പ്രധാനപ്പെട്ട ജീവി ഏത്?

'സംശയമെന്ത്! മനുഷ്യൻ' എന്നായിരിക്കും മിക്കവാറും പേരുടെ മനസ്സിലുയരുന്ന ഉത്തരം. ആരുണ്ട് മനുഷ്യനെക്കാൾ വലിയവർ! ഭൂമിയെ മുഴുവനും മാത്രമല്ല കടലിനെയും ആകാശത്തെയും കീഴടക്കിയിരിക്കുന്നവർ. ചന്ദ്രനിൽ ചെന്നു കൊടിയുയർത്തിയവർ. പോരാ അന്യഗ്രഹങ്ങളിലും ചെന്നുതൊടാൻ മാത്രമല്ല കുടിയേറാനും ശ്രമിച്ചുകൊണ്ടിരിക്കുന്നവർ! അവരല്ലാതെ ആരുണ്ടിവിടെ കൂടുതൽ പ്രധാന്യമർഹിക്കുന്നവർ?

കുട്ടികളുടെ ഒരു യോഗത്തിൽ ഈ ചോദ്യമുന്നയിച്ചപ്പോൾ ചില മിടുക്കർക്ക് ഒരു സംശയം. ഇതിലെന്തോ കൃത്രിമമുണ്ട്. അല്ലെങ്കിൽ ഇത്ര ലഘുവായൊരു ചോദ്യം വലിയ ക്ലാസ്സുകളിൽ പഠിക്കുന്ന ഞങ്ങളോടു ചോദിക്കുന്നതെന്തിന്?

ചോദ്യങ്ങൾ തുടരാം. മനുഷ്യനില്ലെങ്കിൽ ഈ ഭൂമിയിൽ എന്തു സംഭവിക്കും? എല്ലാം നിശ്ചലമാകും എന്ന് ചില കുട്ടികൾ പറഞ്ഞു. കാറുകൾ ഓടുകയില്ല. ടി വി കൾ ശബ്ദിക്കുകയില്ല. കമ്പ്യൂട്ടറുകൾ നിശ്ചലമായാൽ എല്ലാ സംവിധാനവും തകിടം മറിയും. വിമാനങ്ങൾ, കപ്പലുകൾ എല്ലാം നിന്നുപോകും. ഒരു കൊച്ചുകുട്ടി പറഞ്ഞു. കടയൊന്നും തുറക്കുകയില്ല. പിന്നെയെങ്ങനെ സാധനങ്ങൾ വാങ്ങിക്കും. ഏതു സാധനങ്ങൾ എന്നു ഞാൻ ചോദിച്ചപ്പോൾ അവൻ ചിരിച്ചു. അതുപോലും അറിഞ്ഞുകൂടേ? ''പാല്, ബിസ്കറ്റ്, ഡ്രസ്സ്, ചെരിപ്പ്..'' മറ്റു കുട്ടികൾ ഏറ്റുപിടിച്ചു. ''അരി, പഴങ്ങൾ, ചിക്കൻ, പച്ചക്കറി, സ്വീറ്റ്സ്, കളിസാധനങ്ങൾ, പുസ്തകങ്ങൾ...''

ശരി ശരി. എല്ലാം മനുഷ്യരുണ്ടാക്കുന്നതാണ്. അവർ തന്നെയാണ് ഏറ്റവും മിടുക്കർ. പക്ഷേ അരിയും പാലുമൊക്കെ ഉണ്ടാകുന്നതെങ്ങനെ? കൃഷി, പശു എന്നൊക്കെ കുട്ടികൾക്കറിയാം. പക്ഷേ കൃഷി എങ്ങനെ നിലനിൽക്കുന്നു? എങ്ങനെ അരിയുണ്ടാകുന്നു? പഴങ്ങളുണ്ടാകുന്നു? പച്ചക്കറിയുണ്ടാകുന്നു? ചെടികൾ, മരങ്ങൾ എന്നിവയിലൂടെ അവർ പച്ചപ്പ് പ്രകാശസംശ്ലേഷണം, സൂര്യൻ എന്ന ഊർജദായകനിലെത്തിച്ചേർന്നു. സൂര്യൻ മാത്രം മതിയോ? പോരാ. മഴവേണം, മണ്ണു വേണം, ചെടികളും മരങ്ങളും പുല്ലുകളുമെല്ലാം വേണം. അവയെല്ലാം എങ്ങനെയുണ്ടാകുന്നു? തൈകൾ, വിത്തുകൾ എന്നൊക്കെ ഉത്തരങ്ങൾ വന്നു. വിത്തുകളുണ്ടാകുന്നതെങ്ങനെ?

അങ്ങനെ ഞങ്ങൾ പരാഗണം എന്ന അത്ഭുതത്തിൽ എത്തിച്ചേർന്നു. ഓരോ ചെടിക്കും മരത്തിനും നിലനിൽപ്പിനു വേണ്ടതു പരാഗണമാണ്. അപ്പോൾ പരാഗവിതരണം നടത്തുന്നതാര്?


'തേനീച്ച!' എന്ന മനോഹരമായ മറുപടി നിരവധി കുഞ്ഞുങ്ങളിൽ നിന്നുയർന്നു. അതെ തേനീച്ചയാണ്. ആ വർഗത്തിൽപ്പെട്ട ചെറുപ്രാണികളാണ്. ചെറുതുമ്പികളാണ്. ശലഭങ്ങളാണ്. വണ്ടുകളാണ്. അവരൊന്നുമില്ലെങ്കിൽ ഒരു പൂവും കായായി പഴമായി വിത്തായി മാറുകയില്ല. ആ വിത്തുകളിൽ നിന്നു പുല്ലും സസ്യജാലങ്ങളും മുളച്ചുയരുകയില്ല. സസ്യങ്ങളില്ലെങ്കിൽ പശുവും ആടും മാനും മുയലുമൊന്നുമില്ല. അവരില്ലെങ്കിൽ മൃഗരാജാവായ സിംഹമില്ല, കടുവയില്ല, പുലിയില്ല, നായും നരിയുമൊന്നുമില്ല. കോഴിയില്ല, കുയിലില്ല, മയിലില്ല. ഇതൊന്നുമില്ലെങ്കിൽ ഭൂമിയിൽ ഭക്ഷണമില്ല. ഭക്ഷണമില്ലെങ്കിൽ മഹാശക്തരായ മനുഷ്യരുമില്ല.



അപ്പോൾ അവർക്ക് അന്നം കൊടുക്കുന്ന തേനീച്ചയല്ലേ ഏറ്റവും പ്രധാനപ്പെട്ട ജീവി?

ഭൂമിദിനം ആചരിക്കുമ്പോൾ ഈ ചെറുപ്രാണികളെ ആദരിക്കാനും അവരെ പരസ്പരബന്ധിതവും പരസ്പര ആശ്രിതവുമായ ഈ പ്രകൃതിയെന്ന മഹാത്ഭുതത്തിന്റെ മുന്നിൽ വിനയത്തോടെ പ്രണമിക്കാം.

സ്നേഹത്തോടെ,
**സുഗതകുമാരി**



വര: സുധീർ പി വൈ

# മയിൽപ്പീലി

ഒ എൻ വി

‘‘എന്റെ മയിൽപ്പീലി കണ്ടില്ലാ’’
എൻ മകൻ തേങ്ങിക്കരയുന്നൂ!

ഓടിവന്നെൻ മടിയേറുന്നൂ;
ഓമന്മിഴികൾ തുളുമ്പുന്നൂ;

തേങ്ങുന്നു, തൊണ്ടയിടറുന്നൂ
വിങ്ങിവിതുമ്പിപ്പറയുന്നൂ:

‘‘എന്റെ മയിൽപ്പീലി കണ്ടില്ലാ!’’
എന്നുണ്ണിക്കുട്ടൻ കരയുന്നൂ!

(ഒരു കൊച്ചുദുഃഖത്തിൻ സൗന്ദര്യമെന്മുന്നിൽ
അരുമയായ്പ്പീലി നിവർത്തുന്നൂ!)

മാറോടണച്ചു ഞാൻ തഴുകുന്നൂ;
ഈറൻകണ്ണിണയൊപ്പുന്നൂ;

‘‘കരയാതെ കരയാതെ’’ ന്നോതുന്നൂ;
കവിളിണ തെരുതെരെ മുത്തുന്നൂ!

വാരിളംമെയ്യെന്റെ മെയ്ചേർന്നു
വാത്സല്യച്ചെറുചൂടേല്ക്കെ,

ഏറെത്തുടുത്ത മിഴി രണ്ടും
ഏടലർമൊട്ടുപോൽ കൂമ്പുന്നൂ;

പാതിരത്താരുപോൽ പിന്നേയും
പാതി വിരിയുന്നൂ, ചിമ്മുന്നൂ;



വര: ബാബുരാജൻ

* ഒരു പഴയ പാട്ട്

പൊൻകിനാവിന്റെ വിരുന്നുണ്ണാൻ
ഉണ്ണിയെ നിദ്ര വിളിക്കേ, ഞാൻ

പണ്ടത്തെപ്പാട്ടൊന്നു മൂളീട്ടേ
പഞ്ചാരപ്പായസമൂട്ടുന്നൂ:

*'എന്റെ മകൻ കൃഷ്ണനുണ്ണി
കൃഷ്ണാട്ടത്തിനു പോകേണം.

കൃഷ്ണാട്ടത്തിനു പോയാൽപ്പോരാ
കൃഷ്ണന്റെ മുടി വയ്ക്കേണം.

കൃഷ്ണന്റെ മുടി വച്ചാൽപ്പോരാ,
കാളിന്ദിക്കരെയെത്തേണം.

കാളിന്ദിക്കരെയെത്ത്യാൽപ്പോരാ,
കാലിയെ മേച്ചു നടക്കേണം.

കാലിയെ മേച്ചു നടന്നാൽപ്പോരാ,
കോലക്കുഴലു വിളിക്കേണം.

കോലക്കുഴലു വിളിച്ചാൽപ്പോരാ,
കാളിയമർദ്ദനമാടേണം!''

'താതെയ്' താളത്തിലുണ്ണിപ്പൂവുടൽ
താലോലിച്ചു ഞാൻ പാടുന്നൂ;

നീട്ടിക്കുറുക്കി ഞാൻ പാടുന്നൂ;
പാട്ടു കേട്ടുണ്ണി മയങ്ങുന്നൂ;

മാറോടുചേർന്നെന്റെ പൊന്നുണ്ണി
മാതളപ്പൂപോൽ മയങ്ങുന്നൂ.

അക്കവിൾത്തട്ടിലുണ്ടപ്പോഴും
ഇത്തിരിക്കണ്ണീരിൻ പൂമുത്ത്.



*''എവിടേക്കു പോകുവാൻ*
*മുത്തച്ഛൻ നമ്മെ വി-*
*ട്ടെവിടേക്കു പോവാനാ-*
*ണല്ലേ യുണ്ണീ?''*

ഒ എൻ വി എന്ന നിങ്ങളുടെ മുത്തച്ഛൻ എവിടേക്കും പോയിട്ടില്ല. കവിതകളിലൂടെ അദ്ദേഹം നിങ്ങൾക്കൊപ്പം തന്നെയുണ്ട്.

സുഗതകുമാരി



# മീൻപിടിക്കാൻ പോരുന്നോ?

**മനോജ് കരിങ്ങാമഠത്തിൽ**

വേണുച്ചേട്ടനോടു സംസാരിച്ചിരിക്കുക നല്ല രസമാണ്. ഒരു ദിവസം വൈകിട്ടാണ് അദ്ദേഹത്തെ കാണുന്നത്. നീണ്ടുപരന്നു കിടക്കുന്ന പാടത്തിനു നടുവിലെ ചെമ്മൺനിരത്തിൽ പാടത്തേക്കു കാലുംതൂക്കിയിട്ടിരിക്കുന്നു. കൈയിൽ പാടത്തെ വെള്ളത്തിൽ താഴ്ത്തിയിട്ടിരിക്കുന്ന ചൂണ്ടയും. ഞങ്ങളുടെ തലമുറയ്ക്ക് കേട്ടുകേൾവിപോലും ഇല്ലാത്ത പല കാര്യങ്ങളും അദ്ദേഹത്തിനറിയാം. പ്രത്യേകിച്ചും തൃശ്ശൂരിലെ കോൾപ്പാടങ്ങളെക്കുറിച്ചും അവിടുത്തെ മീനുകളെക്കുറിച്ചും അവയെ പിടിക്കാനുള്ള രസകരമായ ചില രീതികളെക്കുറിച്ചും. അത്ര എളുപ്പത്തിൽ പിടിതരുന്ന ആളൊന്നുമല്ല വേണുച്ചേട്ടൻ. കുറെ നേരത്തെ സൗഹൃദസംഭാഷണത്തിനു ശേഷമാണ് അദ്ദേഹം പലതും പറഞ്ഞു തന്നതു തന്നെ.

അനുഗൃഹീതമായ കാലാവസ്ഥയും ആവശ്യത്തിലധികം മഴയും വർഷം മുഴുവൻ കുടിനീർ ചുരത്തുന്ന കാടുകളും അവിടെ നിന്നുദ്ഭവിക്കുന്ന പുഴകളും അതിനോടനുബന്ധിച്ചുള്ള തണ്ണീർത്തടങ്ങളും പാടശേഖരവും കായലുകളുമൊക്കെയുള്ള നമ്മുടെ നാട്ടിൽ ഒരുകാലത്ത് സുലഭമായി ലഭിച്ചിരുന്ന ഒന്നായിരുന്നു മീനുകൾ. അനേകമനേകം ജാതി മീനുകൾ. പലരുടെയും ജീവിതം തന്നെ മീൻപിടുത്തത്തെ ആശ്രയിച്ചായിരുന്നു എന്നും പറയാം. കടലോടു ചേർന്നുള്ള മീൻപിടുത്തം മാത്രമായിരുന്നില്ല ഇവിടെ. ഗ്രാമപ്രദേശങ്ങളിലൂടെ ഒഴുകുന്ന കുഞ്ഞുകുഞ്ഞ് അരുവികളിലും തോടുകളിലും കുളങ്ങളിലും എല്ലാം മീനുകളുണ്ടായിരുന്നു, മീൻപിടുത്തക്കാരും. അവരുടെ മീൻപിടുത്തരീതികൾ, മീനുകളുടെ ചില സ്വഭാവങ്ങൾ എല്ലാം വേണുച്ചേട്ടന്റെ സംഭാഷണത്തിൽ നിറഞ്ഞുനിന്നു.

തൃശ്ശൂരിലെ കോൾനിലങ്ങളുടെ കൃഷിയുമായി അഭേദ്യമായ ബന്ധമാണ് അവിടുത്തെ മീൻപിടുത്തരീതികൾക്കുള്ളത്. ഇടവപ്പാതി എത്തുമ്പോൾ നാട്ടിലെ മിക്കവരും കൂട്ടത്തോടെ മീൻപിടുത്തത്തിനിറങ്ങും. ഒട്ടും ശാസ്ത്രീയമല്ലെങ്കിൽപ്പോലും എളുപ്പ



മഞ്ഞക്കൂരി (Horabagrus brachysoma)

ത്തിൽ മീൻപിടിക്കാനാകുന്ന ഊത്ത അല്ലെങ്കിൽ ഊത്ത യിളക്കം എന്ന പ്രതിഭാസം ഇക്കാലത്താണ്. മീൻപിടി ക്കാൻ ചെറുപ്പക്കാരുടെ ഒരു പട തന്നെയുണ്ടാകും.

മീനുകൾ കൂട്ടത്തോടെ നടത്തുന്ന ദേശാന്തരഗമന മാണ് ഊത്തയിളക്കം. ജൂൺ ആദ്യത്തോടെ കേരളത്തിലെ ത്തുന്ന കാലവർഷം മീനു കളുടെ പ്രജനനകാലം കൂടി യാണ്. ഒഴുക്കിനെതിരെ സഞ്ചരിക്കുന്ന സ്വഭാവമുണ്ട് ഇക്കാലത്ത് മീനുകൾക്ക്. മഴക്കാലത്ത് വെള്ളംകെട്ടുന്ന വയലുകൾ, ചെറുതടാക ങ്ങൾ, കൈത്തോടുകൾ, കൃത്രിമക്കനാലുകൾ, ചതു പ്പുകൾ തുടങ്ങിയ ഇടങ്ങളി ലേക്കു കൂട്ടത്തോടെ നദിക ളിൽനിന്നും മറ്റും സഞ്ചരിച്ചു ചെന്ന് പ്രജനനം നടത്തി അവ തിരിച്ചുപോകുന്നു.

തികച്ചും വ്യത്യസ്തമായ രണ്ട് ആവാസവ്യവസ്ഥക ളാണ് നദികളും വയലുകൾ പോലെ വെള്ളം കെട്ടിക്കിട ക്കുന്ന ഇടങ്ങളും. എങ്കിലും കൃത്യമായ ഇടവേളകളിൽ മീനുകൾ ഈ സഞ്ചാരം നടത്തിക്കൊണ്ടേയിരിക്കുന്നു. കാലവർഷക്കാലത്തിന്റെ ആദ്യ ആഴ്ചയിലാണിത് സംഭവിക്കുക. പുതുവെള്ള ത്തിലേക്കു പ്രജനനം നട ത്താൻ കുതിച്ചുകയറുന്ന മീനുകളെ പിടിക്കാനെളുപ്പ മാണ്. പുതുവെള്ളത്തിലേ ക്കുള്ള മീനിന്റെ പാതകളിൽ ഇവയെ കൂട്ടത്തോടെ കിട്ടും. അവിടെയൊരുക്കുന്ന ചെറു കെണികളിൽപ്പോലും നിര വധി മീനുകൾ കുടുങ്ങും. ഒന്നോ രണ്ടോ പേർ ഇത്തര ത്തിൽ മീൻപിടിച്ചാൽ അതൊരു പ്രശ്നമാകില്ല. പക്ഷേ കൂട്ടത്തോടെ ആളു കൾ ഊത്തയിളക്കത്തിലെ മീൻപിടുത്തത്തിനിറങ്ങി യാൽ മീനുകൾക്കു വംശ നാശംപോലും സംഭവിക്കാം.

പ്രജനനത്തിനായുള്ള യാത്രയാണു മീനുകൾ നട ത്തുന്നത്. അടുത്ത തലമുറ യ്ക്കു ജന്മംകൊടുക്കുന്ന തിനു മുൻപു തീൻമേശകളി ലെത്തുന്ന ഓരോ മീനും നൂറുകണക്കിനും ആയിര ക്കണക്കിനും മീൻകുഞ്ഞു ങ്ങളുടെ ജനിക്കുംമുൻപേ യുള്ള മരണംതന്നെയാണ്! അതിനാൽ ഊത്തപിടുത്തം എന്ന ഈ മീൻപിടുത്തരീതി സർക്കാരുകൾ നിരോധിച്ചി ട്ടുണ്ട്. കാലവർഷക്കാലത്ത് കടലിലെ ട്രോളിങ് നിരോധ നവും ഇതേ കാരണത്താൽ തന്നെയാണ്. ഊത്തപിടുത്തം വ്യാപകമായതോടെ പല മീൻജാതികളും അപ്രത്യക്ഷ മായിത്തുടങ്ങി. മുതുക്കി, ആരക, മുഴി എന്നിങ്ങനെ യുള്ള ചില ശുദ്ധജല മീനുകൾ വംശമറ്റുപോയി എന്നാണ് നാട്ടിലെ പല മീൻപിടുത്തക്കാരും വിശ്വസി ക്കുന്നത്. ഇവയെ ലഭിക്കു ന്നതുതന്നെ അപൂർവമാണ്.

ശാസ്ത്രീയമല്ലാത്തതിനാൽ ഊത്തയിളക്കവുമായി ബന്ധ പ്പെട്ടുള്ള പല മീൻപിടുത്ത രീതികളും നിരോധിച്ചിട്ടുണ്ട്. നിരോധിക്കാത്തവയും ഉണ്ട്. അവയിൽ ചിലതിനെ നമുക്കു പരിചയപ്പെടാം.

## തപ്പിപ്പിടിക്കൽ

മനുഷ്യൻ ആദ്യമായി മീൻ പിടിച്ചത് ഇങ്ങനെയായി രിക്കാം. പാടങ്ങളിലെയും ആഴം കുറഞ്ഞ ജലാശയങ്ങ ളിലെയും അടിത്തട്ടു തപ്പി മീൻപിടിക്കുന്ന രീതിയാ ണിത്. വൈദഗ്ധ്യമുള്ള വർക്കേ എളുപ്പം മീൻ കിട്ടൂ. ചെളിയിലോ മണലിലോ പൂഴ്ന്നിരിക്കുന്ന മീനിനെ വെള്ളത്തിൽ തല മുങ്ങാതെ കുനിഞ്ഞിരുന്നു തപ്പിപ്പി ടിക്കും. കിട്ടുന്ന മീൻ അരയിൽ കെട്ടിയിരിക്കുന്ന കൂടയിലോ കുടത്തിലോ ഇടുന്നു. അക്കാലത്ത് സ്ത്രീ കളും കുട്ടികളുമാണ് കൂടു തലും മീൻ തപ്പാൻ ഇറങ്ങി യിരുന്നത്. ഊത്തയിളക്ക



ഒറ്റാൽ - മുളകൊണ്ട് ഉണ്ടാക്കുന്ന ഉപകരണം.



ചെമ്പല്ലി, കരിമീൻ, വട്ടോൻ, വരാൽ, മുഷി, പള്ളത്തി, കുറുവ, മഞ്ഞക്കൂരി, ചില്ലൻകൂരി, കാരി, കോലാൻ, വാലേക്കൊടിയൻ, ചുട്ടിപ്പരൽ, വയമ്പ്, മുതുക്കി, തുപ്പലാംകൊത്തി, ആരൽ, കണഞ്ഞോൻ, കോലാൻ, ഉരുളൻപരൽ, പൂവാലിപ്പരൽ, പാറപ്പരൽ, കല്ലൊട്ടി, അറിഞ്ഞിൽ, ചേറുമീൻ, മുതുക്കി, വാള... അങ്ങനെ പോകുന്നു നമ്മുടെ നാട്ടുമത്സ്യങ്ങൾ !

സമയത്താണെങ്കിൽ ഇങ്ങനെ മീൻ പിടിക്കാൻ ഏറെ എളുപ്പമാണ്.

## വെട്ടിപ്പിടുത്തം

പ്രാകൃതമായ ഒരു മീൻപിടുത്തരീതിയാണിത്. പ്രജനനത്തിനായി പുഴകളിൽനിന്നു നെൽപ്പാടങ്ങളിലേക്ക് ഒഴുക്കിനെതിരെ നീന്തിവരുന്ന മീനുകളെയാണു പ്രധാനമായും വെട്ടിപ്പിടിക്കുക. പുതുമഴ പെയ്യുമ്പോൾ സന്ധ്യാസമയങ്ങളിൽ ടോർച്ചും പന്തവുമൊക്കെയായി ആളുകൾ പാടത്തേക്കിറങ്ങും. പ്രജനനസമയമായതിനാൽ മീനുകൾ വെളിച്ചം കണ്ടാലോ മനുഷ്യരെ കണ്ടാലോ രക്ഷപ്പെടാൻ ശ്രമിക്കില്ല. അവയെ വെട്ടുകത്തിയോ വാളോ പോലെ മൂർച്ചയുള്ള ആയുധങ്ങളുപയോഗിച്ചു വെട്ടിപ്പരിക്കേൽപ്പിച്ച് പിടിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ ആഘോഷമായിട്ടാണ് ഇതു നടന്നിരുന്നത്.

## ചൂണ്ട

പുരാതനകാലം മുതൽ മീൻപിടുത്തത്തിന് ഉപയോഗിക്കുന്ന ഉപകരണമാണ് ചൂണ്ട അഥവാ ചൂണ്ടൽ. ലോഹം കൊണ്ടുള്ള ഒരു കൊളുത്തും ചരട്, കമ്പ്, പൊങ്ങ്, ഭാരം തുടങ്ങിയവയും ചേർന്നതാണു ചൂണ്ട. ഒരു സൂചി വളച്ചുവച്ച ആകൃതിയിലുള്ള ചൂണ്ടക്കൊളുത്തിന്റെ അഗ്രം രണ്ടു ഭാഗത്തേക്കും, മുന്നോട്ടും പിറകോട്ടും, കൂർത്ത രീതിയിലാണ്. അതുകൊണ്ട് കൊളുത്തിൽ കുടുങ്ങിയ മത്സ്യത്തിനു രക്ഷപ്പെട്ടുപോകാൻ പ്രയാസമാണ്. ചൂണ്ടയുടെ അറ്റത്ത് ഇര കൊളുത്തിയിട്ട ശേഷം വെള്ളത്തിലിടുന്നു. ഇരയെ കൊത്തിവിഴുങ്ങുന്ന മത്സ്യത്തിന്റെ വായിൽ കൊളുത്ത് ഊരിപ്പോകാത്തവിധം കുടുങ്ങുന്നു.

ചൂണ്ടച്ചരടിൽ വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ കഴിവുള്ള (പൊങ്ങ്) വസ്തുക്കൾ കെട്ടിയിടാറുണ്ട്. ചൂണ്ടയിൽ മത്സ്യം കൊത്തുന്നതുമൂലം ചരടിലുണ്ടാക്കുന്ന ചലനം നന്നായി കാണുന്നതിനും ജലപ്പരപ്പിൽനിന്നും ചൂണ്ടയുടെ ആഴം ക്രമീകരിക്കുന്നതിനുമാണ് പൊങ്ങുപയോഗിക്കുന്നത്. പൊങ്ങിന്റെ ചലനം നിരീക്ഷിക്കുന്നതിലൂടെ മീനുണ്ടോ എന്നും കുടുങ്ങിയോ എന്നും മനസ്സിലാക്കാനാവും.

ചൂണ്ടയുടെ തണ്ടായി ഒരുതരം പനയുടെ (Caryota urens) പനയോലത്തണ്ടുകൾ ഉപയോഗിക്കാറുണ്ട്. ഈ പനയെ നാട്ടുകാർ വിളിച്ചിരുന്നതുപോലും ചൂണ്ടപ്പന എന്നാണ്.

## ഒറ്റാൽ

ആഴം കുറഞ്ഞ ജലാശയങ്ങളിലും പാടശേഖരങ്ങളിലും മീൻപിടിക്കാൻ ഉപയോഗിക്കുന്ന ഉപകരണമാണിത്. മുളയുടെ കമ്പുകളോ ഈറ്റക്കോലുകളോ ഉപയോഗിച്ചാണ് ഇതുണ്ടാക്കുക. വായഭാഗം വിസ്താരമേറിയതും മുകളിലേക്ക് വരുംതോറും വായ്‌വട്ടം കുറഞ്ഞുവരുന്ന രീതിയിലാണ് നിർമ്മാണം. മുകൾഭാഗത്തെ ദ്വാരത്തിലൂടെ കൈ കടത്തി ഒറ്റാലിന്റെ ഉള്ളിൽനിന്നും മീനുകളെ പുറത്തെടുക്കാം.

മീൻ കൂട്ടംകൂടുന്ന സ്ഥലങ്ങളിൽ വെള്ളത്തിനടിയിലെ ചെളിയിൽ ഒറ്റാൽ ഉറപ്പിച്ച ശേഷം ഉള്ളിൽ അകപ്പെടുന്ന മീനുകളെ മുകൾഭാഗത്തുകൂടി കൈയിട്ടു പിടിക്കുന്നു. ഇതുപയോഗിച്ചു മീൻപിടിക്കുവാൻ നല്ല കഴിവുവേണം. മീൻ നിക്ഷേപിക്കുവാൻ ഓലകൊണ്ടു തയ്യാറാക്കിയ സഞ്ചിപോലെ തോന്നിക്കുന്ന ഒരു കൂടയുണ്ടാകും. ഈ കൂടയുടെ മുകൾഭാഗം അൽപ്പം ബലം പ്രയോഗിച്ചു മാത്രമേ തുറക്കാൻ കഴിയൂ. അതിനാൽ മീനുകൾ ചാടിപ്പോകില്ല. വലിയ ഇനം മീനുകളായ ചേറുമീൻ, വാള, വരാൽ തുടങ്ങിയവയാണ് ഒറ്റാലുപയോഗിച്ചു പ്രധാനമായും പിടികൂടുന്നത്. കൂടുതൽ ആഴമുള്ള സ്ഥലങ്ങളിൽ ഇതുപയോഗിച്ചു മീൻപിടിക്കുക ബുദ്ധിമുട്ടാണ്.

## കോരുവല

ഒഴുകുന്ന വെള്ളത്തിൽ മീൻപിടിക്കാൻ ഉപയോഗിക്കുന്ന ചെറിയ ഇനം വലകളാണിത്. കണ്ണികളുടെ വലിപ്പം ക്രമീകരിച്ച് വലുതും ചെറുതുമായ മീൻപിടിക്കാം. ഒരു വളയത്തിൽ കോൺ ആകൃതിയിൽ കെട്ടിയുണ്ടാക്കുന്ന വലയാണിത്. ആഴം കുറവുള്ള ജലാശയത്തിൽനിന്നും മീനുകളെ കോരിയെടുക്കാൻ ഇത് ഉപയോഗിക്കുന്നു.

## കുരുത്തി

നാട്ടിൻപുറങ്ങളിൽ പ്രചാരത്തിലുള്ള മീൻപിടുത്ത രീതിയാണിത്. മുളകൊണ്ട് മനോഹരമായി ഉണ്ടാക്കിയെടുക്കുന്ന ചെറിയ കൂടുകളാണിവ. ചെറിയ തോടുകളിലോ പാടങ്ങളിലെ ചാലുകളിലോ വെള്ളത്തിനു സമാന്തരമായിട്ടാണ് ഇതു വയ്ക്കുന്നത്. ഒഴുക്കുവെള്ളത്തിൽ ഉള്ളിൽ കേറുന്ന മീനുകൾക്ക് പുറത്തേക്കു തിരിച്ചിറങ്ങാൻ പറ്റാത്ത രീതിയിലാണ് ഇതിന്റെ നിർമ്മാണം. കൂട് പൊക്കിയെടുത്ത് മീനുകളെ എടുക്കുകയെന്നതാണു രീതി. നാട്ടിൻപുറങ്ങളിൽ സാധാരണയായി കണ്ടുവന്നിരുന്ന കുരുത്തികൾ ഉണ്ടാക്കാനറിയുന്നവർ ഇന്ന് അപൂർവമാണ്. ഇടവപ്പാതി കനക്കുമ്പോഴുള്ള ഊത്തയിളക്ക സമയത്താണ് ഇതു കൂടുതലായി ഉപയോഗിച്ചിരുന്നത്. കാരി, പരൽ, മാനത്തുകണ്ണി തുടങ്ങിയ മീനുകളാണ് ഇതിൽ സാധാരണ അകപ്പെടുക.

## കൂട്

കുരുത്തിയെക്കാൾ വലിയ മീൻകെണികളെയാണ് കൂടുകളെന്നു സാധാരണ



വീശുവലയുമായി മീൻപിടിക്കാൻ പോകുന്നു. പിടിച്ച മീനിനെ ഇടാനുള്ള കുടവും കാണാം.



കുരുത്തി

വിളിക്കുന്നത്. തള്ളക്കൂടെന്നും പിള്ളക്കൂടെന്നും ഇതിനു രണ്ട് ഭാഗങ്ങളുണ്ട്. ചീകിയെടുത്ത ഈർക്കിലോ ഈറ്റയോ പ്രത്യേകരീതിയിൽ മെടഞ്ഞാണു കൂടുണ്ടാക്കുന്നത്. ഒഴുക്കിൽ ഉള്ളിലേക്കു പ്രവേശിക്കുന്ന മീനിനു രക്ഷപ്പെടാനാവില്ല. ഊത്തസമയത്തെ പ്രധാന ആകർഷണമായ വാള എന്ന വലിയ മീനിനെ പിടിക്കാനായി പ്രത്യേക വാളക്കൂടുകൾ വരെയുണ്ട്.

## അടിച്ചിൽ/പത്തായം

മീനുകൾ സഞ്ചരിക്കുമ്പോൾ അവയുടെ സഞ്ചാരപഥം അടച്ച് കെണിയിൽപ്പെടുത്തുന്ന രീതികൾ ലോകം മുഴുവനുള്ളതാണ്. തൃശ്ശൂർ ജില്ലയിൽ വ്യാപകമായിട്ടുള്ള ഇത്തരം മീൻപിടുത്തരീതിയാണ് അടിച്ചിൽ. വലിയ ജലാശയങ്ങളിലെ ഒഴുക്കിനെയും മറ്റും തടസപ്പെടുത്തുന്നതിനാലും മീനുകളെ കൂട്ടമായി പിടിക്കാൻ സാധിക്കുന്നതിനാലും ഈ മീൻപിടുത്തരീതി നിരോധിച്ചിട്ടുണ്ട്.

കവുങ്ങിൻതടി ചീളുകളായി കീറിയെടുത്ത കഴകളാണ് ഇതിന്റെ പ്രധാനഭാഗം. തോടിന്/പുഴയ്ക്ക് കുറുകെ വലകെട്ടി മത്സ്യങ്ങളുടെ സഞ്ചാരം പരിമിതപ്പെടുത്തുകയാണ് ആദ്യം ചെയ്യുന്നത്. രണ്ടു കരകളുടെ അടുത്തായി അടിച്ചിലുകൾ സ്ഥാപിക്കുന്നു. പ്രജനനസമയത്ത് സഞ്ചരിക്കാൻ നിർബന്ധിക്കപ്പെടുന്ന മീനുകൾ വഴി കാണാതെ അവസാനം അടിച്ചിൽക്കൂടുകളിൽപ്പെടുന്നു. 'Ո' ആകൃതിയിൽ, ഒരാൾക്ക് ഇറങ്ങി നിൽക്കാൻ തക്ക വലുപ്പമുള്ളതാണ് അടിച്ചിലുകൾ. ചിലവേറിയതാണ് ഇതിന്റെ നിർമാണം.

## ചാട്ടം

നെൽപ്പാടങ്ങളിലും തോടുകളിലും അടിച്ചിൽ പോലുള്ള കെണികൾ മീനുകൾക്ക് തടസ്സമായി വയ്ക്കുമ്പോൾ, ഈ തടസ്സങ്ങളെ മീനുകൾ ഊത്തസമയത്ത് ചാടി മറികടക്കാൻ ശ്രമിക്കും. അടിച്ചിൽ ലംബമായിട്ടാണു വയ്ക്കുന്നതെങ്കിൽ അതിനു 45ഡിഗ്രി കുറുകെ ചെരിച്ച് 'ചാട്ടം' എന്നു വിളിക്കുന്ന വലകൾ സ്ഥാപിക്കും. തടസ്സം മൂലം ചാടുന്ന മീനുകൾ നേരെ ഇങ്ങനെ സ്ഥാപിച്ചിട്ടുള്ള വലകളിലേക്കോ ചാക്കുകളിലേക്കോ എത്തുന്നു.

## തണ്ടാടിവല

നേർത്ത നൂലു കൊണ്ടുള്ള ഒരു തരം വലയാണിത്. വെള്ളത്തിനു കുറുകെ കെട്ടിയാണ് ഇതിലും മീൻപിടിക്കുന്നത്. വ്യത്യസ്തനീളത്തിലും കണ്ണിയകലത്തിലുമുള്ള തണ്ടാടിവലകളുണ്ട്. അതിന്റെ ഒററത്തു ഭാരം



കൂട് – ഒഴുക്കിനെതിരെവച്ച് മീൻപിടിക്കാൻ ഉപയോഗിക്കുന്നു.

കൂടിയതും മറ്റേ അറ്റത്തു പൊങ്ങുപോലെയുമുള്ള വസ്തുക്കൾ കെട്ടി ഉറപ്പി ച്ചിട്ടുണ്ടായിരിക്കും. വല യുടെ മുകൾഭാഗത്ത് പ്ലാസ്റ്റിക്പന്തുകൾ വച്ചു കെട്ടുന്നു. മണ്ണുകൊണ്ടോ ഈയം കൊണ്ടോ ചെറിയ മണികൾ ഉണ്ടാക്കി തീയിൽ ചുട്ടെടുത്തു വലയുടെ അടി ഭാഗത്തായി കോർക്കുന്നു. ഇങ്ങനെ കെട്ടിയുണ്ടാക്കിയ വലകൾ തോടുകളിലെയും പുഴകളിലെയും വെള്ളത്തിൽ നീട്ടിക്കെട്ടുന്നു. പ്ലാസ്റ്റിക് പന്തുകൾ വലയുടെ മുകൾ ഭാഗം പൊന്തിക്കിടക്കുന്ന തിനും ഈയം കൊണ്ടും മണ്ണുകൊണ്ടും ഉണ്ടാക്കിയ മണികൾ വലയുടെ അടി ഭാഗം താഴ്ന്നുകിടക്കുന്ന തിനും സഹായിക്കുന്നു. ഇരുവശത്തേക്കും ഉപയുക്ത മായ വലയാണിത്. ആഴം കുറഞ്ഞതും വീതി കുറഞ്ഞ തുമായ സ്ഥലങ്ങളിലും ഈ വലയാണ് ഉപയോഗിക്കാറ്.



കവുങ്ങിൻതടി കൊണ്ടുണ്ടാക്കിയ അടിച്ചിൽ.

## നഞ്ച്

പുതുവെള്ളക്കെട്ടുകളിൽ വിഷം കലക്കി മീൻ പിടി ക്കുന്ന പതിവും ചിലയിടങ്ങ ളിലുണ്ട്. ഇതിനെ നഞ്ചു കലക്കൽ എന്നു പറയും. ആ പ്രദേശത്തെ ജലജീവി കളെ ആകെ കൊല്ലുകയാണ് നഞ്ചുകലക്കുമ്പോൾ ചെയ്യു ന്നത്. നദികളിലെ ജലനിരപ്പു കുറയുന്ന കാലങ്ങളിലാണു നഞ്ചിടീൽ വ്യാപകമായി നടക്കാറ്. ഇക്കാലത്തു മത്സ്യ ങ്ങൾ തങ്ങുന്ന ആഴം കൂടിയ കയങ്ങൾ കേന്ദ്രീകരിച്ച് രാത്രിയിൽ നഞ്ചു കലക്കും. ജലത്തിന്റെ ഒഴുക്കിനൊപ്പം നഞ്ചിന്റെ എരിവും സഞ്ചരി ക്കുന്നതിനാൽ മത്സ്യങ്ങൾ താഴോട്ടു സഞ്ചരിക്കുകയും ഏകദേശം ഒരു കിലോമീറ്റർ താഴെ കാത്തുനിൽക്കുന്ന വലക്കാരുടെ വലയിൽ അക പ്പെടുകയും ചെയ്യുന്നു. ചെറുതും വലുതുമായ മത്സ്യ ങ്ങൾ ധാരാളം ചത്തൊടു ങ്ങാൻ ഇതു കാരണമാകാ റുണ്ട്. ജലാശയങ്ങളിൽ നഞ്ചുകലക്കുന്നത് ക്രൂരതയാ ണെന്നു മാത്രമല്ല നിയമ വിരുദ്ധവുമാണ്.



തണ്ടാടിവല ഉപയോഗിച്ച് മീൻപിടിക്കുന്നു.

## ഊത്തുളി

ഇതിലെ പ്രധാനസംഗതി അമ്പുപോലെ കാണുന്ന ഉളിയും നീളമുള്ള വാവട്ടം കുറഞ്ഞ കുഴലുമാണ്. പ്രത്യേക ഡിസൈനാണി തിന്റെ. ഉളി കോർക്കുന്നതി നുള്ള ഒരു കൊളുത്ത്, അതിനെത്തുടർന്ന് നീണ്ട ചരട്, തൊടുക്കുന്ന ലക്ഷ്യം കൃത്യമാക്കാൻ പിന്നിലൊരു തുണിക്കഷണം എന്നിവയാ ണിതിലുള്ളത്. ഉളി കുഴലി ലേക്കു തിരുകി വലിയ മീനു കളെ കാണുമ്പോൾ ലക്ഷ്യം വച്ച് ശക്തിയായി ഊതുന്നു. ഉളി നേരേപോയി മീനിന്റെ



വൈദ്യുതി ഉപയോഗിച്ച് മീൻ പിടിക്കാൻ ഉള്ള ഉപകരണം. ഇത് നിരോധിച്ചതാണ്.

മേൽ തറയ്ക്കും. ചരടുവലിച്ചെടുത്ത് ഉളിയിൽ കുടുങ്ങിയ മീനിനെ കൈക്കലാക്കാം.

## വീശുവല

ചെറുമീനുകളെ മുതൽ വലിയമീനുകളെ വരെ പിടിക്കാൻ ഉപയോഗിക്കുന്ന വലയാണിത്. ഇതിനായി വിവിധ വലിപ്പത്തിൽ കണ്ണികളുള്ള വീശുവലകൾ ലഭ്യമാണ്. കരയിൽനിന്നും വള്ളത്തിൽനിന്നും ഈ വല ഉപയോഗിച്ച് മീൻപിടിക്കാൻ സാധിക്കും.

14

## ഇലക്ട്രിക്ക് ഷോക്ക്

പവർലൈനുകളും ഇൻവെർട്ടറുകളുംകൊണ്ടു വെള്ളത്തിലേക്കു വൈദ്യുതി പ്രവഹിപ്പിച്ച് മീൻ പിടിക്കുന്ന രീതിയാണിത്. മനുഷ്യജീവനു തന്നെ ഇത് അപകടം വരുത്തിവയ്ക്കാം. എന്നു മാത്രമല്ല ആവാസവ്യവസ്ഥയെ വലിയതോതിൽ തകർക്കുന്ന രീതിയാണിത്. അതിനാൽത്തന്നെ ഈ രീതി നിയമവിരുദ്ധമാണ്.

## അടക്കംകൊല്ലിവല

പുഴകളിലും മറ്റു വലിയ ജലാശയങ്ങളിലും മത്സ്യബന്ധനത്തിനുപയോഗിക്കുന്ന ഒരു തരം വലയാണ് അടക്കംകൊല്ലിവല. ഇതിന്റെ ഉപയോഗം പലയിടത്തും ഫിഷറീസ്‌വകുപ്പ് നിരോധിച്ചിട്ടുണ്ട്.

## തോട്ട പൊട്ടിച്ചുള്ള മീൻപിടുത്തം

സ്ഫോടകവസ്തുക്കൾ വെള്ളത്തിനടിയിൽവച്ചു പൊട്ടിച്ച് മത്സ്യങ്ങളെ ബോധംകെടുത്തിയോ കൊന്നോ എളുപ്പത്തിൽ പിടിച്ചെടുക്കുന്ന രീതിയാണിത്. ഡൈനമൈറ്റ് ഫിഷിങ് അല്ലെങ്കിൽ ബ്ലാസ്റ്റ് ഫിഷിങ് എന്നും പറയും. പരിസ്ഥിതിക്ക് ഇതു വലിയ ദോഷം വരുത്തിവയ്ക്കും.

സ്ഫോടനത്താലുണ്ടാകുന്ന മർദവ്യതിയാനം മീനുകളുടെ നീന്തലിനെ സഹായിക്കുന്ന വായു അറ പൊട്ടുന്നതിനു കാരണമാകുന്നു. മീനുകളുടെ പൊങ്ങിക്കിടക്കാനുള്ള ശേഷി അതോടെ നഷ്ടമാകും. ചില മത്സ്യങ്ങൾ ഉപരിതലത്തിലേക്കു പൊങ്ങിവരുമെങ്കിലും കൂടുതൽ മീനുകളും താണുപോവുകയാണു ചെയ്യുന്നത്. നിയമവിരുദ്ധമാണെങ്കിലും കേരളത്തിൽ പലയിടത്തും ഈ രീതി ഉപയോഗിച്ചു മീൻപിടിക്കുന്നുണ്ട്. സ്ഫോടകവസ്തുക്കൾ മീൻപിടുത്തം നടത്തുന്നവർക്കും അപകടം ക്ഷണിച്ചുവരുത്താറുണ്ട്.

ആവാസവ്യവസ്ഥകൾ നശിപ്പിച്ച് വംശവർദ്ധനവ് ഇല്ലാതാക്കുന്ന തരത്തിൽ കുഞ്ഞുങ്ങളെ വരെ അരിച്ചുപിടിച്ചെടുക്കുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. വളർത്തുമത്സ്യങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും നാട്ടുമീനുകളുടെ നിലനിൽപ്പിനെ ബാധിക്കുന്നുണ്ട്.

എന്നാൽ മീൻ ഭക്ഷണവും വരുമാനവുമാണ് പലർക്കും. പരിസ്ഥിതിക്കും മീനുകളുടെ നിലനിൽപ്പിനും ദോഷകരമല്ലാത്ത മീൻപിടുത്തരീതികൾ അനുവർത്തിക്കാം. എന്താ അങ്ങനെ മീൻപിടിക്കാൻ പോരുന്നോ?

കടപ്പാട്

*1. തൃശ്ശൂർ കോൾപ്പാടത്തെ മീൻപിടുത്ത സുഹൃത്തുക്കൾ.*
*2. ഊത്തയിളക്കം (പഠന റിപ്പോർട്ട് - സി.പി. ഷാജി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്)*
*3. രജനീഷ് പി. ചാലക്കുടി പുഴ സംരക്ഷണസമിതി,*
*4. വിക്കിപീഡിയ*
*5. ഓൺലൈൻ സുഹൃത്തുക്കൾ.*

# സ്കൂൾ അസംബ്ലി

രാജഗോപാലൻ നാട്ടുക്കൽ

കൂട്ടരേ പ്രാർത്ഥനയ്ക്കെത്തുകെന്ന്
നീട്ടി വിളിക്കുന്ന മട്ടിലല്ലീ,
ഓട്ടുമണിയുടെ ചുണ്ടിൽ നിന്നും
കേൾക്കുന്നു തേനൊലിപ്പാട്ടു
നമ്മൾ?

കുഞ്ഞിച്ചിറകു വിടർത്തി മന്ദം
തെന്നിക്കളിക്കുന്ന തുമ്പികൾ
പോൽ
ക്ലാസ്സിൽ, വരാന്തയിൽ ചുറ്റി
നിന്നോർ
ഗ്രൗണ്ടിലേക്കിപ്പോളൊഴുകിടുന്നൂ

നാലു ദിക്കിൽ നിന്നും മേഘമെത്തി
വാനിൻ നടുവിൽ നിരന്നപോലെ!
ഓളങ്ങളില്ലാത്ത പൊയ്ക തന്നിൽ
ആമ്പൽപ്പൂക്കൾ വിരിഞ്ഞ പോലെ!
മിഴികൾക്കു കൗതുകക്കാഴ്ചയല്ലോ
അഴകിന്നു രൂപം ലഭിച്ച പോലെ!

പ്രാർത്ഥന നല്ല പ്രഭാഷണവും
പള്ളിക്കൂടത്തിന്റെ പ്രൗഢഭാവം!
കാലത്തിതേ മട്ടിലെന്നുമുണ്ടേ
ചേലൊത്തിടുന്നോരു ചിട്ടവട്ടം!



വര: രാജീവ്എൻടി

# കെറ്റീഷ

സാറാ ജോസഫ്

കെറ്റീഷ പാവമാണ്. ചെമ്പിച്ച ചപ്രത്തലമുടിയും വലിയ കണ്ണുകളുമുള്ള ഒരു കൊച്ചുപെണ്ണ്! അവൾ മെലിഞ്ഞിട്ടാണ്. നല്ല പോലെ വെളുത്തിട്ടുമാണ്. പക്ഷേ എപ്പോഴും മുടി ചിക്കിപ്പറത്തിയിടുന്നതുകൊണ്ട് അവളുടെ നക്ഷത്രം പോലെ തിളങ്ങുന്ന കണ്ണുകളോ വെളുത്ത മുഖമോ മുഴുവനായി കാണാൻ പറ്റില്ല.

കെറ്റീഷയ്ക്കാരുമില്ല.

നേരം പരപരാ വെളുക്കുമ്പോൾ കാണാം, പറപ്പിച്ചിട്ട തലമുടിയും തിരുമ്മിച്ചുവന്ന മുഖവുമായി കെറ്റീഷാ കോൺവെന്റിന്റെ ഗേറ്റിലേക്കോടുന്നത്. ഓടുമ്പോൾ പാവാടച്ചരടിൽ കോർത്തിട്ട താക്കോൽക്കൂട്ടം കിലുങ്ങും. അവൾ ഗേറ്റു തുറന്നാലുടനെ കന്യാസ്ത്രീകൾ വരിവരിയായി പടികടന്നുപോകും, പള്ളിയിലേക്ക്. അങ്ങനെ കെറ്റീഷയുടെ ദിവസം ആരംഭിക്കും.

കോൺവെന്റിലെ വിറകുപുരയുടെ മൂലയ്ക്ക് കൊളുത്തിയിട്ടിരിക്കുന്ന ഉമിക്കരിപ്പാട്ടയിൽനിന്ന് ഒരു നുള്ള് ഉമിക്കരിയെടുത്ത് ചെമ്പൻ മുടിക്കിടയിലൂടെ പല്ലുതേച്ചുകൊണ്ട് കെറ്റീഷ കിണറ്റുകരയിലേക്കു നടക്കും. മുഖം കഴുകിയാലുടനെ ഒരോട്ടം! അടുക്കളയിൽ ഒരു കപ്പ് കട്ടൻകാപ്പി അവളെക്കാത്തിരിപ്പുണ്ടാവും. വിറകുപുരയിൽ ഒരീർക്കിൽച്ചൂലും!

മണലുവിരിച്ച മുറ്റത്ത്, പതിയുന്ന കിരുകിരശബ്ദത്തിൽ ഈർക്കിൽത്തുമ്പുകൾ വരിയൊപ്പിച്ചുവീഴും. കെറ്റീഷ മുറ്റമടിച്ചു കഴിയുമ്പോഴേക്കും വെളിച്ചം പരന്നുതുടങ്ങും. കോൺവെന്റിന്റെ മുറ്റം വളരെ വിശാലമാണ്. അടിച്ചു വൃത്തിയാക്കിക്കഴിയുമ്പോഴേക്കും കെറ്റീഷയുടെ നടു നോവും. കൈ കഴയ്ക്കും. അതൊന്നുമവൾ സാരമാക്കാറില്ല. പക്ഷേ നടപ്പാതയ്ക്കിരുവശത്തും പൂത്തുലഞ്ഞുനിൽക്കുന്ന മഞ്ഞപ്പൂമരങ്ങൾ തലേന്നു കൊഴിച്ചിട്ട പൂക്കളിൽ ഈർക്കിൽത്തുമ്പു കുത്തിക്കേറുമ്പോൾ കെറ്റീഷയ്ക്കു വേദനിക്കും.

നടപ്പാത മുഴുവനും ആ പൂക്കൾ അങ്ങനെ കിടന്നാൽ എന്താണു തകരാറ്? പൂക്കൾ അടിച്ചുവാരിക്കളയുന്നത് എന്തു സങ്കടമാണ്!

പക്ഷേ സിസ്റ്റർ മാർഗരറ്റ് കെറ്റീഷയുടെ ചെവിപിടിച്ചു തിരുമ്മും.

"അടിച്ചു വൃത്തിയാക്ക്!"

അവർ കല്പിക്കും.

ഈർക്കിൽത്തുമ്പുകൊണ്ട് ചതയുന്ന പൂക്കളെ ഉള്ളം കൈയിലെടുത്ത് ഉമ്മവെച്ച് ദുഃഖത്തോടെ കെറ്റീഷ ചോദിക്കും. "വേദനിച്ചോ!"

കെറ്റീഷ മുറ്റമടിച്ചുവൃത്തിയാക്കി ചൂല് വിറകുപുരയിൽ കൊണ്ടുവെച്ച്, വരുമ്പോഴേക്കും സിസ്റ്റർ മാർഗരറ്റ് മണിയടിക്കും. ബോർഡിംഗിലുള്ള കുട്ടികൾക്ക് ഉണരാനുള്ള മണി. പിന്നെ കെറ്റീഷയ്ക്ക് നല്ല തിരക്കാവും.

"കെറ്റീഷാ, ഇവിടെ വരൂ."

"കെറ്റീഷാ അതെടുക്കൂ."

"ഇതെടുത്തുതരൂ കെറ്റീഷാ..."

"കെറ്റീഷാ ... കെറ്റീഷാ... കെറ്റീഷാ..."

അറുപതു ബെഡ്ഡുകളും തട്ടിക്കുടഞ്ഞു വൃത്തിയാക്കി, മുറികളടിച്ചുവാരി പുറത്തു കടക്കുമ്പോഴേക്കും പാവം കൊച്ചുകെറ്റീഷ വിയർത്തു പോകും. അവളുടെ നെറ്റിയിൽ വിയർപ്പിൽ നനഞ്ഞു കുതിർന്ന ചെമ്പൻമുടി പറ്റിപ്പിടിക്കും.

കുട്ടികളുടെ കാപ്പികുടി കഴിയുന്നതുവരെ കാത്തുനിൽക്കണം കെറ്റീഷാ. പിന്നെയാണവൾക്ക് കാപ്പികിട്ടുക. കുട്ടികൾ ബാക്കിയിട്ട കേക്കു കഷ്ണങ്ങളോ ബിസ്ക്കറ്റോ റൊട്ടിയോ എന്തെങ്കിലുമൊക്കെ നിറച്ച ഒരു കോപ്പ സൂസൻ ചേടത്തി അവൾക്കായി കാത്തുവച്ചിരിക്കും.

അടുക്കളയിൽ പണിയുന്ന തടിച്ചുകൊഴുത്ത സൂസൻ ചേടത്തിയെ കെറ്റീഷയ്ക്കിഷ്ടമാണ്. സൂസൻ ചേടത്തിക്കും ആരുമില്ല.

താറാവുപോലെ അവർ ഉരുണ്ടു കൊഴുത്തിരിക്കുന്നത് അവർ അടുക്കളയിൽ

**കോൺവെന്റിന്റെ മുറ്റം വളരെ വിശാലമാണ്. അടിച്ചു വൃത്തിയാക്കിക്കഴിയുമ്പോഴേക്കും കെറ്റീഷയുടെ നടു നോവും. കൈകഴയ്ക്കും. അതൊന്നുമവൾ സാരമാക്കാറില്ല. പക്ഷേ നടപ്പാതയ്ക്കിരുവശത്തും പൂത്തുലഞ്ഞുനിൽക്കുന്ന മഞ്ഞപ്പൂമരങ്ങൾ തലേന്നു കൊഴിച്ചിട്ട പൂക്കളിൽ ഈർക്കിൽത്തുമ്പു കുത്തിക്കേറുമ്പോൾ കെറ്റീഷയ്ക്ക് വേദനിക്കും.**

പണിയുന്നതുകൊണ്ടാണ്. എന്നാലും മഠത്തിൽ കെറ്റീഷയെ സ്നേഹിക്കുന്ന ഒരേ ഒരാൾ സൂസൻചേടത്തിയാണ്.

വലിയ വെളുത്ത മണികളുള്ള കൊന്തയിലെ ക്രൂശിത രൂപത്തെത്തൊട്ട് അവർ പലപ്പോഴും പറഞ്ഞിട്ടുണ്ട്.

''കെറ്റീഷക്കൊച്ചേ! കർത്താവാണ് സത്യം! നിന്നെ ഞാൻ ഈ നരകത്തീന്നു രക്ഷിക്കും. അതിനുള്ളത് ഞാൻ സമ്പാദിക്കും.''

എന്നിട്ടവർ ആരും കാണാതെ ഒളിച്ചുവെച്ച ഒരു മുട്ടയോ, കേക്കിന്റെ കഷ്ണമോ, ഒരു നുള്ളു വെണ്ണയോ അവളുടെ വായിൽ അമർത്തിവയ്ക്കും. കെറ്റീഷയ്ക്കത് അത്രയ്ക്കിഷ്ടമാണെന്നു പറഞ്ഞുകൂടാ. ഒന്നാമത് അവൾക്കങ്ങനെ വിഴുങ്ങാൻ അറിയില്ല.

''വിഴുങ്ങാൻ പഠിക്ക് എലുമ്പത്തിക്കൊച്ചേ.''

സൂസൻചേടത്തി പറയും. കാപ്പി കുടിച്ച് ഓടിപ്പോകുമ്പോൾ കെറ്റീഷയ്ക്ക് അതോർത്ത് ചിരിവരും. കാപ്പികുടി കഴിഞ്ഞാലും അവൾക്കു ജോലിയാണ്. അറുപതുജോഡി ഷൂസുകൾ പോളീഷ് ചെയ്തു മിനുക്കണം. കുട്ടികൾ അവ മേശയ്ക്കടിയിലോ കട്ടിലിന്നടിയിലോ– ചിലപ്പോൾ കെറ്റീഷയെ പറ്റിക്കാൻ കിടക്കയ്ക്കടിയിലോ വലിച്ചെറിഞ്ഞിട്ടുണ്ടാവും. അതെല്ലാം തേടിപ്പിടിച്ച് പോളീഷ് ചെയ്തു കഴിയുമ്പോഴേക്കും കെറ്റീഷയുടെ കൈ വേദനിച്ചു നാശമാവും.

നടക്കുന്ന കെറ്റീഷയെ ക്കാണാൻ വിഷമമാണ്. കെറ്റീഷ എപ്പോഴും ഓടും. രാവിലെ അഞ്ചുമണിക്കുണരുമ്പോൾ മുതൽ രാത്രി പത്തുമണിക്കു കിടക്കുന്നതുവരെ കെറ്റീഷയ്ക്ക് ഓടിക്കൊണ്ടേയിരിക്കണം. ഗേറ്റുതുറക്കാൻ ഒരായിരം പ്രാവശ്യമെങ്കിലും താക്കോലും കിലുക്കി അവൾ ഓടുന്നതുകാണാം.

കാറുകൾ! ലോറികൾ! ആട്ടോറിക്ഷകൾ! നിരന്തരം ഒഴുകിവരുന്ന ആളുകൾ!

ഗേറ്റുതുറക്കാൻ കെറ്റീഷ തന്നെ വേണം. അതും ഗേറ്റിൽ കാറിന്റെ ഹോൺ കേട്ടയുടനെ എവിടെയാണെങ്കിലും അവിടം മുതൽ ഓടണം. അവളെങ്ങാനും മെല്ലെ നടന്നുവരുന്നതു കണ്ടാൽ കാറുകാരൻ ധൃതിവയ്ക്കും, അയാൾ തുടരെത്തുടരെ ഹോണടിക്കും. സിസ്റ്റർ റോസിറ്റയ്ക്ക് ഹോണടികൾ ഭയങ്കര ദേഷ്യമാണ്. ഗേറ്റിൽ വരുന്നവർ ബഹളം വെച്ചാൽ കുറ്റം കെറ്റീഷയ്ക്കാവും.

''കെറ്റീഷാ, നിനക്ക് ഓടിപ്പോയ് ആ ഗേറ്റ് തുറന്നൂടെ പെണ്ണേ... ചെവി ഞാൻ പൊന്നാക്കും... ങ്ആ!''

കെറ്റീഷയ്ക്ക് രോഗം പോലും വരാൻ പാടില്ലെന്നാണു തോന്നുന്നത്. ഒരിക്കൽ അവൾക്ക് പനിവന്നിരുന്നു. ഗേറ്റു തുറക്കാൻ പോകാൻ പറ്റാത്തവിധം അവളുടെ തല കറങ്ങിക്കൊണ്ടിരുന്നു. കാറുകാരനോ ലോറിക്കാരനോ സർവ്വശക്തിയുമെടുത്ത് ഹോണടിച്ചു. സിസ്റ്റർ റോസിറ്റയുടെ ചെകിടുപൊളിഞ്ഞു.

''കർത്താവീശോമിശിഹായേ!''

സിസ്റ്റർ റോസിറ്റ പഞ്ഞിക്കഷണം ചെവിയിൽത്തിരുകിക്കൊണ്ട് പാഞ്ഞുവന്നു. കെറ്റീഷയുടെ നേരെ അവർ ഒരു ചാട്ടം! സൂസൻചേടത്തി അവളുടെ പാവാടച്ചരടിൽ നിന്നും


വര: വേഗാ ഫീച്ചേഴ്സ്

താക്കോൽ അഴിച്ചെടുത്ത് ഗേറ്റിലേക്ക് താറാവുപോലെ ഉരുണ്ടുചെന്നു. പക്ഷേ സിസ്റ്റർ റോസിറ്റ ചെവിയിൽ നിന്ന് പഞ്ഞിയെടുക്കാൻ കൂട്ടാക്കിയില്ല. കെറ്റീഷയ്ക്ക് അന്നുമുഴുവൻ മണലിൽ മുട്ടുകുത്തി നില്ക്കേണ്ടി വന്നു. നല്ല പനിയുണ്ടായിരുന്നതുകൊണ്ട് സൂസൻ ചേടത്തി അവളെ പിടിച്ചെഴുന്നേല്പിക്കുകയാണുണ്ടായത്!

''ഇവറ്റ മഹാ ക്രൂരകളാ.'' സൂസൻ ചേടത്തി അമർഷത്തോടെ പറഞ്ഞു. പിന്നെ, പള്ളിയിൽ പോകുമ്പോൾ തലയിലിടുന്ന തുണിയിൽ പൊതിഞ്ഞുവച്ചിരുന്ന ബാമെടുത്ത് കെറ്റീഷയുടെ നെറ്റിയിലും കഴുത്തിലും തടവി. കരുപ്പെട്ടിക്കാപ്പിയുണ്ടാക്കിക്കുടിപ്പിച്ചു.

രാത്രി കെറ്റീഷ സൂസൻ ചേടത്തിയുടെ ഒപ്പമാണു കിടക്കുക. അവർ ഡൊമിനിക് പുണ്യവാളന്റെയും മരിയഗൊരേത്തിയുടെയും വിശുദ്ധ ചെറുപുഷ്പത്തിന്റെയും കഥകൾ അവൾക്കു പറഞ്ഞുകൊടുക്കും. കെറ്റീഷയ്ക്ക് ഒരുപാടു സംശയങ്ങളുണ്ട്. അതൊന്നും സൂസൻചേട്ടത്തിയോടുപോലും ചോദിക്കാൻ അവൾക്കാവില്ല.

പാവം കെറ്റീഷ! ബോർഡിംഗിലെ കുട്ടികൾ സ്കൂളിൽപ്പോയിക്കഴിഞ്ഞാൽ അവളുടെ ജോലിക്ക് അല്പം ആശ്വാസമാണ്. അവർ ചിതറിയിട്ട പുസ്തകങ്ങളും ഉടുപ്പുകളും അടുക്കി വയ്ക്കണം. അവരുടെ ചെരുപ്പുകൾ ഒതുക്കി വയ്ക്കണം. വലിച്ചിട്ടു താറുമാറാക്കിയ പെട്ടികൾ അടുക്കണം.

ഭംഗിയുള്ള പടങ്ങളും പുസ്തകങ്ങളും ഉടുപ്പുകളും അവൾ കണ്ണിമ വെട്ടാതെ അങ്ങനെ നോക്കിയിരിക്കും.

എത്രയെത്ര ഉടുപ്പുകളാണ് കുട്ടികൾക്ക്! തൊട്ടുനോക്കാൻ കൊതിതോന്നുന്ന ഭംഗിയുള്ള ഉടുപ്പുകൾ!

കെറ്റീഷയ്ക്കാണെങ്കിൽ അവളേക്കാൾ വലിപ്പമുള്ള, അയഞ്ഞുതൂങ്ങുന്ന ഒരു വലിയ ഉടുപ്പാണുള്ളത്. അതു മാത്രം. കുട്ടികൾ അവളെ എപ്പോഴും കളിയാക്കും.

''പെണ്ണേ, ആരാ നിനക്കീ ഉടുപ്പു തന്നത്?''

''പെണ്ണേ, ഇതൊന്നു കടം തരണംട്ടൊ.'' കുട്ടികൾ ആർത്തു ചിരിക്കും.

''വവ്വാലുടുപ്പാണ്, വവ്വാലുടുപ്പ് !'' അവർ കൂവും.

''പുപ്പുപ്പൂയ്! ചപ്രത്തലമുടി! ചിപ്രത്തലമുടി കെറ്റീഷാ... കെറ്റീഷാ...''

അവർ അവളെ ഉന്തിത്തള്ളിക്കൊണ്ട് ജാഥയായി നടക്കും! കെറ്റീഷയുടെ വലിയ കണ്ണുകൾ നിറഞ്ഞ് മുഖത്തുപടർന്ന് ചെമ്പൻമുടി നനയും. അവളാകെ ചൂളിപ്പോകും! തന്നെക്കാൾ വലിയ കുട്ടികളും ചെറിയ കുട്ടികളുമുണ്ട്. അയഞ്ഞുതൂങ്ങിയ തന്റെ വലിയ ഉടുപ്പിനെ അവൾക്കരിശമാണ്.ശരിക്കും അവൾ കൈ പൊക്കിപ്പിടിച്ചാൽ ആ ഉടുപ്പ് ഒരു വവ്വാലുപോലെത്തന്നെ ഇരിക്കും!

കുട്ടികളുടെ അമ്മയുമച്ഛനുമെല്ലാം കാറുകളിൽ വന്നിറങ്ങുന്നതു കാണാൻ കെറ്റീഷയ്ക്ക് ഇഷ്ടമാണ്. കുട്ടികൾ ഓടിച്ചെന്ന് അവരുടെ അരയിൽ തൂങ്ങും. അമ്മമാർ അവരുടെ കവിളിൽ ഉമ്മവയ്ക്കുന്നതു കാണാം. കെറ്റീഷയ്ക്കെന്താണ് ഒരമ്മയില്ലാത്തത്! അവൾക്കറിയില്ല.

അവൾ എപ്പോഴും അതോർക്കാറുണ്ട്.

ആരാണ് അവളുടെ അമ്മ?

സൂസൻ ചേട്ടത്തിക്കും അതറിയില്ല.



സിസ്റ്റർ റോസിറ്റയ്ക്കും അറിയില്ല.

കെറ്റീഷ അവളുടെ ഭാവനയിൽ തനിക്കൊരമ്മയെ സൃഷ്ടിച്ചുവെച്ചിരുന്നു. ആ അമ്മയുടെ കൈവിരലുകൾ പോലും അവൾക്ക് വ്യക്തമായിട്ടറിയാം.

പക്ഷേ മുഖം... മുഖം മാത്രം കെറ്റീഷയ്ക്കു സങ്കൽപ്പിക്കാനാവുന്നില്ല.

പലപ്പോഴും അത് ബൊഗെയ്ൻ വില്ലച്ചെടികൾക്കിടയിൽ ഉണ്ണിയെ മടിയിൽ വെച്ചിരിക്കുന്ന മാതാവിന്റേതായിപ്പോകുന്നു. സൂസൻ ചേടത്തി പറയുന്നത്, അവൾക്ക് അമ്മയുണ്ടായിരുന്നില്ലെന്നാണ്. അമ്മയില്ലാതെ പക്ഷേ കുട്ടികളുണ്ടാവുമോ? അതിന് സൂസൻചേടത്തി മറുപടി പറയാറില്ല.

കെട്ടിടം പണിക്കാർക്കുള്ള ചായനിറച്ച ബക്കറ്റും താങ്ങി അവൾ കോണിപ്പടികൾ കയറുമ്പോൾ അവർ കളിയാക്കും.

''പൂച്ചക്കുട്ടി വരുന്നുണ്ട്.''

കെറ്റീഷയുടെ തിളങ്ങുന്ന കണ്ണുകൾക്ക് അല്പം പച്ച നിറമായിരുന്നു.

''കെറ്റീഷക്കൊച്ചേ, മുഖത്ത്ന്ന് ആ മുടിയൊന്നു മാറ്റ്. കൊച്ചിനെയൊന്നു കാണട്ടെ.''

ടൈൽസ് തറയിൽ ചേർത്തു പണിയുന്ന രാജപ്പൻ അവളുടെ മുടി മുഴുവനും എടുത്തുയർത്തും.

''നോക്ക്, എന്തുനല്ല പൂച്ചക്കുട്ടി!''

ഉച്ചയ്ക്ക് സ്കൂൾബസ്സിൽ കുട്ടികൾ വന്നിറങ്ങുമ്പോഴേക്കും കെറ്റീഷ ഊണുമേശയിലെ പൂപ്പാത്രങ്ങൾ ഒരുക്കിവെയ്ക്കും.

മേശപ്പുറത്ത് വെള്ളം നിറച്ച കൂജകൾ വെയ്ക്കും.

ഉണങ്ങിയ ടവ്വലുകൾ ഹാംഗറിൽ തൂക്കിയിടും.

ഊണുകഴിഞ്ഞ് കുട്ടികൾ പോയാൽ കെറ്റീഷയ്ക്ക് വിശ്രമിക്കാം. പക്ഷേ ശരിക്കും വിശ്രമമല്ല. കാറുകൾക്ക് എപ്പോൾ വരണമെന്ന നിയമമൊന്നുമില്ല. അതുകൊണ്ട് കെറ്റീഷ തയ്യാറായി ഇരുന്നുകൊള്ളും. അതിനും പുറമേ വെറുതെയിരിക്കുമ്പോഴെല്ലാം കൊന്തചൊല്ലണമെന്നാണ് മദർ പറഞ്ഞിട്ടുള്ളത്. അവർ അവളുടെ കഴുത്തിൽ കറുത്ത മണികളുള്ള ഒരു കൊന്ത ഇട്ടുകൊടുത്തിട്ടുണ്ട്. പക്ഷേ, കെറ്റീഷയുടെ വിരലുകൾ കൊന്തമണികളിന്മേൽ തെരുപിടിക്കുമ്പോഴും നീലനിറമാണ്. അരുണയുടെ ഡാഡിയെ കെറ്റീഷയ്ക്കിഷ്ടമാണ്. അദ്ദേഹം ഡോക്ടറാണ്.

ദുഃഖംപോലെ രണ്ടു ചെറിയ കണ്ണുകൾ അദ്ദേഹത്തിനുണ്ട്. എപ്പോഴും നനഞ്ഞുനിൽക്കുന്ന വിഷാദം വടിയുന്ന ആ കണ്ണുകൾ കെറ്റീഷ എവിടെയാണ് കണ്ടുമറന്നത്. അരുണയുടെ കാർ ഗേറ്റിലെത്തുമ്പോഴേക്കും കെറ്റീഷ ഓടിച്ചെല്ലും. ഗേറ്റു തുറന്നുകൊണ്ട് മുൻസീറ്റിലിരിക്കുന്ന അരുണയുടെ അമ്മയെയും അച്ഛനെയും നോക്കിച്ചിരിക്കും. ഒരു

> കുട്ടികളുടെ അമ്മയുമച്ഛനുമെല്ലാം കാറുകളിൽ വന്നിറങ്ങുന്നതു കാണാൻ കെറ്റീഷയ്ക്ക് ഇഷ്ടമാണ്. കുട്ടികൾ ഓടിച്ചെന്ന് അവരുടെ അരയിൽ തൂങ്ങും. അമ്മമാർ അവരുടെ കവിളിൽ ഉമ്മവയ്ക്കുന്നതു കാണാം. കെറ്റീഷയ്ക്കെന്താണ് ഒരമ്മയില്ലാത്തത്! അവൾക്കറിയില്ല. അവൾ എപ്പോഴും അതോർക്കാറുണ്ട്. ആരാണ് അവളുടെ അമ്മ?

മനസ്സുനിറയെ ചോദ്യങ്ങളായിരിക്കും.

എങ്ങനെയാണ് പൂക്കളുണ്ടാകുന്നത്?

ആകാശത്തിനെന്താണ് നീലനിറം?

അമ്മയില്ലാതെ എങ്ങനെയാണ് കെറ്റീഷയുണ്ടായത്?

ഈ മതിലുകൾക്കപ്പുറത്തെ ലോകത്തിന്റെ നിറമെന്താണ്?

സിസ്റ്റർ റോസിറ്റയെന്തിനാണ് ശബ്ദങ്ങളെ പേടിക്കുന്നത്...? അങ്ങനെ ആയിരം ചോദ്യങ്ങൾ...

''പാവം! തള്ളേം തന്തേമില്ലാത്ത കൊച്ച്!'' അതാണെല്ലാവരും പറയുക. ഉച്ചതിരിഞ്ഞുവരുന്ന സന്ദർശകർക്കിടയിൽ ഒരാളാണ് അരുണയുടെ അമ്മ. എല്ലാദിവസവും പുതിയ സാരിചുറ്റി വരുന്ന അരുണയുടമ്മ സുന്ദരിയാണ്. അവരുടെ കാറിന് ഇളം ദിവസം അരുണയുടമ്മ പറഞ്ഞു.

''എന്തുഭംഗിയുള്ള കൊച്ച്. അല്ലേ?''

''ങ്ഉം.'' ഡാഡി മൂളി.

''എന്തുചെയ്യാം. തള്ളേം തന്തേമില്ലല്ലോ!''

കെറ്റീഷയ്ക്കന്ന് പൊട്ടിക്കരയാൻ തോന്നി. അരുണയുടെ മമ്മി മോളെ കോരിയെടുത്തുമ്മവെയ്ക്കുന്നതു കണ്ടപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു. ഇത്തിരി സ്നേഹം- ഒരിത്തിരി സ്നേഹം- കെറ്റീഷയ്ക്കെവിടുന്നാണ് കിട്ടുക? അവൾ സൂസൻ ചേടത്തിയുടെ അരികിലേക്കോടി.

''സൂസൻ ചേടത്തി!''

''എന്താ കൊച്ചേ?''

''അമ്മമാരില്ലാണ്ടും കുട്ട്യോളുണ്ടാവില്ലേ?''

വൈകുന്നേരത്തേക്കുള്ള റൊട്ടി മൊരിക്കുകയായിരുന്ന



സൂസൻ ചേടത്തി പെട്ടെന്നു തിരിഞ്ഞു നിന്നു.

''ഉവ്വ്.'' അവർ ദൃഢമായി പ്പറഞ്ഞു.



''ഉവ്വോ? അപ്പോ ഞാൻ അമ്മേല്യാണ്ട് ഉണ്ടായ താണോ?''

''നിനക്കമ്മയില്ലാന്ന് ആരു പറഞ്ഞു?''

സൂസൻചേട്ടത്തിയുടെ മുഖം കരുണാർദ്രമായി. കെറ്റീഷ അത്ഭുതപ്പെട്ടു. എന്താണ് സൂസൻചേടത്തി പറയുന്നത്?

അവൾ നെറ്റിമേൽ നിന്നും മുടി വകഞ്ഞുമാറ്റി സൂസൻചേടത്തിയെ തുറിച്ചു നോക്കി.

''എന്റെ പൊന്നു കൊച്ചേ!'' അവർ പെട്ടെന്ന് അവളുടെ മുഖത്തിനുനേരെ കുനിഞ്ഞു.

''കർത്താവിനെയോർത്ത് ഇങ്ങനെ ഓരോന്നു ചോദി ക്കരുത്.''

''എന്റമ്മ എന്നിട്ടെവിടെ?''

സൂസൻചേടത്തി അവ രുടെ പരുക്കൻശബ്ദം താഴ്ത്തി കണ്ണടച്ച്, കഴു ത്തിലെ കൊന്തയിൽ തെരു പ്പിടിച്ചു പറഞ്ഞു.

''നിനക്കിഷ്ടമാണെ ങ്കിൽ എന്നെ അമ്മയെന്നു വിളിച്ചോ. ദൈവം രക്ഷി ക്കട്ടെ!''

കെറ്റീഷ നിരാശയോടെ തിരിഞ്ഞുനടന്നു. അവളുടെ സങ്കൽപ്പത്തിലെ അമ്മയ്ക്ക് സൂസൻചേടത്തിയുമായി യാതൊരു സാമ്യവുമില്ല. ഭക്ഷണം പാകംചെയ്തു മുര ടിച്ച വിരലുകളും എപ്പോഴും വിയർക്കുന്ന കഴുത്തും വലിയ ഒരു വയറുമുള്ള സൂസൻ ചേടത്തി കെറ്റീഷ യുടെ അമ്മയാവുന്നതെ ങ്ങനെ!

എന്നാലും ലില്ലിത്തട ങ്ങൾക്കു നനയ്ക്കുമ്പോൾ അവളോർത്തു.

ആരും കാണാതെ പാലും റൊട്ടിയും തനിക്കുവേണ്ടി കാത്തു വെയ്ക്കുന്ന- ആരെ ങ്കിലും തന്നെ ശിക്ഷിക്കു മ്പോൾ ഓടിയെത്തുന്ന- അസുഖം വരുമ്പോൾ വേവ ലാതിയെടുക്കുന്ന- രാത്രി, തന്നോടുചേർന്നു കിടക്കു മ്പോൾ എല്ലാ പുണ്യവാള ന്മാരുടെയും കഥകൾ പറഞ്ഞുതരുന്ന സൂസൻ ചേടത്തി മാത്രമല്ലേ അവളെ സ്നേഹിക്കുന്നത്! കെറ്റീഷ, കുടം താഴെവച്ച് അടുക്ക ളയിലേക്കോടിച്ചെന്നു. സൂസൻചേടത്തി തിരക്കിട്ട് റൊട്ടികൾ മൊരിക്കുകയായി രുന്നു.

''ഞാൻ അമ്മയെന്നു വിളിക്കട്ടേ?'' കെറ്റീഷ ചോദിച്ചു.

സൂസൻ ചേടത്തി ഞെട്ടി. അവരുടെ മുഖം തീയേറ്റ് ചുവന്നിരുന്നു. പതുങ്ങിയ മൂക്കിൻതുമ്പത്ത് ഒരിറ്റു വിയർപ്പ് തിളങ്ങിനിന്നു. സൂസൻ ചേടത്തിയുടെ മുഖം സ്നേഹംകൊണ്ട് ആർദ്ര മായി.

മൂക്കിൻതുമ്പിലെ വിയർപ്പ് എറ്റിക്കളഞ്ഞുകൊണ്ട് അവർ പറഞ്ഞു.

''എന്റെ കൊച്ചു കുരിശേ! ദൈവത്തെയോർത്ത് അങ്ങനെ മാത്രം വിളിക്ക്!''




*ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച **'ആഷിക് പുലി'** എന്ന ബാലകഥാസമാഹാര ത്തിൽ നിന്നും എടുത്തത്.*

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# പൊന്നിലത്താലികൾ

ചന്ദ്രമതി

വിഷു എന്ന വാക്ക് മനസ്സിൽ കൊണ്ടു വരുന്നത് മഞ്ഞപ്പൂക്കുലകൾ വിടർത്തിച്ചിരിച്ചു നിൽക്കുന്ന കൊന്നമരങ്ങളെയാണ്. ഇല കാണാത്തവണ്ണം പൂത്തുലഞ്ഞ് ചുറ്റിനും വർണ്ണാഭ പരത്തുന്ന ഐശ്വര്യം. വെള്ളായണി എന്ന ഗ്രാമത്തിലെ കുടുംബവീടിനരികിൽ മൂന്നുനാലു *കർണ്ണികാര വൃക്ഷങ്ങളുണ്ടായിരുന്നു. ഓണത്തിന്റെ വരവറിയിച്ച് ഓണത്തുമ്പികൾ വരുന്നതുപോലെയാണ് വിഷുവിന്റെ വരവ് വിളംബരം ചെയ്ത് ഈ മരങ്ങൾ മഞ്ഞക്കുടകൾ നിവർത്തുക. കവി അയ്യപ്പപ്പണിക്കർ എഴുതിയതുപോലെ 'പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്ന മട്ടിലാണവ പൂത്തുലയുന്നത്.

പിന്നെ ഓർമയിൽ വരുന്നത് വിഷുത്തലേന്നാണ്. 'ഈ പിള്ളാർക്കു പോയിക്കിടക്കരുതോ' എന്ന് മുതിർന്നവർ ശാസിക്കും. കാരണം ഞങ്ങൾ മാറിക്കൊടുത്തിട്ടുവേണം അവർക്കു രഹസ്യമായി കണിയൊരുക്കാൻ. വിഷുദിനം രാവിലെ മാത്രമേ ആ കണി കാണാവൂ. രാവിലെ വിളിച്ചുണർത്തുമ്പോഴേ കേൾക്കാം വാക്കുകൾ. 'കണ്ണുതുറക്കരുതേ. കണികാണാൻ കൊണ്ടുപോവുകയാ.'

കണ്ണുകൾക്കുമുകളിൽ അമ്മയുടെയോ കുഞ്ഞമ്മയുടെയോ അമ്മായിമാരുടെയോ കൈവിരലുകളുണ്ടാകും. മെല്ലെ നടത്തി കണിക്കു മുന്നിൽ നിറുത്തി കൈ മാറ്റുമ്പോഴോ, എന്തൊരു ദ്യുതിയാണ്! നിലവിളക്കിന്റെ പ്രകാശത്തിൽ കണിക്കൊന്നപ്പൂവു കൊണ്ടലങ്കരിച്ച കൃഷ്ണവിഗ്രഹം. മുന്നിലെ ഉരുളിയിലും മുറത്തിലുമായി അരി, പൂക്കൾ, പഴങ്ങൾ, പച്ചക്കറികൾ, വസ്ത്രം, നാണയത്തുട്ടുകൾ, സ്വർണ മാല. അടുത്ത ഒരു വർഷം ഇവയൊന്നും മുട്ടാതിരിക്കാനുള്ള അനുഗ്രഹം തേടിയുള്ള സമർപ്പണമാണ്.

പിന്നെ 'കൈനീട്ട'ത്തിനു



വര: സചീന്ദ്രൻ കാറഡ്ക്ക

*കർണികാരം- കണിക്കൊന്ന



വേണ്ടിയുള്ള കുളിയും കാത്തിരിപ്പും. അതു കിട്ടിക്കഴിഞ്ഞാൽ പിന്നെ ദിവസം പതിവുപോലെ. ഓണത്തിനുള്ളതുപോലെ പായസവും സദ്യയുമൊന്നും വീട്ടിൽ പതിവില്ല. ഒരുതവണ ഞങ്ങൾ കുട്ടികൾ ആവശ്യപ്പെട്ടപ്പോൾമാത്രം പായസം വച്ചുതന്ന ഓർമയുണ്ട്.

കർഷക-ആഘോഷമായ വിഷുവിന് പണിക്കാർക്കു പുതുവസ്ത്രവും പണവും നൽകുന്നതു കണ്ടിട്ടുണ്ട്. അന്ന് എന്റെ കളിക്കൂട്ടുകാരിയായിരുന്ന ലളിതയുടെ അച്ഛനും അമ്മയും സന്തോഷപൂർവം വിഷുക്കൈനീട്ടം വാങ്ങിപ്പോകുമ്പോൾ ലളിതയും ഞാനും കണിയെ അപഗ്രഥിച്ചു പഠിക്കുകയാവും. 'കൊത്തോടെ മാങ്ങയെവിടെ?' ലളിത ചോദിക്കും. 'കൊലയോടെ തേങ്ങയെവിടെ?' അവൾക്ക് അങ്ങനെയൊരു സാധനപ്പട്ടിക കാണാതെയറിയാം. വിഷുക്കണിയൊരുക്കാൻ വേണ്ട സാധനങ്ങളുടെ പട്ടിക. എല്ലാം ഉണ്ടെന്നു കാണുമ്പോൾ 'ങാ, നിങ്ങളുടെ കണി കുഴപ്പമില്ല' എന്നൊരു സർട്ടിഫിക്കറ്റ് അവൾ തരും.

ഇന്ന് ലളിതയും ഞാനുമൊക്കെ അമ്മൂമ്മമാരായി. കഴിഞ്ഞ ദിവസം കണ്ടപ്പോൾ ഞാനവളോടു വിഷുപ്പട്ടിക ചോദിച്ചു. ഒരു പ്രത്യേക താളത്തിൽ പണ്ട് അവൾ അതു മുഴുവൻ പറയുമായിരുന്നു. 'കൊത്തോടെ മാങ്ങയിൽത്തുടങ്ങി മുഖം നോക്കണ കണ്ണാടി' എന്ന വസാനിക്കുന്ന ദീർഘമായ പട്ടിക. പക്ഷേ ലളിത പറഞ്ഞു. 'അയ്യോ, എനിക്കൊന്നും ഓർമവരുന്നില്ലല്ലോ.' പലതും ഓർമയിൽനിന്നു പോവുകയാണ്.

വ്യക്തിയുടെയല്ല, സമൂഹത്തിന്റെ തന്നെ ഓർമയിൽ നിന്ന് എല്ലാം മറയുന്നു. വിവാഹശേഷം ആദ്യമായി സ്വയം കണിയൊരുക്കിയപ്പോൾ അതൊരു 'എഡിറ്റ്' ചെയ്ത കണിയായിരുന്നു. കിട്ടിയ വസ്തുക്കൾ മാത്രം വച്ചുള്ള കണി.

ഇപ്പോൾ മാർക്കറ്റിലേക്കിറങ്ങിയാൽ മതി. കൊന്നപ്പൂവും കശുമാങ്ങയും ചെറുപൈനാപ്പിളും മഞ്ഞച്ചായം തേച്ച കണിവെള്ളരിയും ഒക്കെച്ചേർന്ന കിറ്റ് വാങ്ങാം. കണിയൊരുക്കാൻ ഒരു പ്രയാസവുമില്ല. നാണയത്തുട്ടുകൾക്കു പകരം നോട്ടുകളാണ് കൈനീട്ടമായി ഇന്നു നൽകുന്നത്.

ചിലപ്പോൾ ചെറിയ നഷ്ടബോധം തോന്നും. പണ്ടു വിഷുത്തലേന്ന് പൂത്തുലഞ്ഞ കൊന്നമരങ്ങൾക്കരികിൽ പൂവിനുള്ള തിരക്കായിരുന്നു. വീട്ടിലെ കണിക്കുള്ള പൂവ് എടുത്തുകഴിഞ്ഞാൽ ബാക്കിയൊക്കെ വെറുതേ കൊടുക്കുകയായിരുന്നു പതിവ്. പിന്നീടെപ്പോഴോ ഒരു കച്ചവടക്കാരൻ വന്നു പൂവുമൊത്തമായി അയാൾ പറിപ്പിച്ചുകൊള്ളാമെന്നും നല്ല വില തരാമെന്നും പറഞ്ഞു.

'കൊന്നപ്പൂവ് ഐശ്വര്യത്തിളക്കമാണ്. അതു വിൽക്കാൻ പാടില്ല.' എന്നു പറഞ്ഞ് അമ്മൂമ്മ അയാളെ പറഞ്ഞയച്ചു. ഇപ്പോൾ വിഷുത്തലേന്ന് കൊന്നപ്പൂവ് വിലയ്ക്കുവാങ്ങി കണിവയ്ക്കുമ്പോൾ 'ഐശ്വര്യം പൈസ കൊടുത്താൽ കിട്ടുമോ?' എന്ന അമ്മൂമ്മ ചോദ്യം മനസ്സിൽ വരാറുണ്ട്.

അതൊക്കെ പഴയകാല കഥകൾ. കിട്ടിയ നാണയത്തുട്ടുകൾ സൂക്ഷിച്ചുവച്ച് വളച്ചെട്ടി വരുന്നതും കാത്തിരിക്കുമായിരുന്നു. ലളിതയും ഞാനുമൊക്കെ നിറമുള്ള കുപ്പിവളകൾ വാങ്ങി കൈകൾ നിറയെ അണിഞ്ഞ് കിലുക്കിക്കിലുക്കി നടക്കുമായിരുന്നു. പൊട്ടിയ വളത്തുണ്ടുകൾ പോലും ഞങ്ങൾ കളയില്ല. അതു വിളക്കിന്റെ തീയിൽക്കാണിച്ച് വളച്ചു ചേർക്കും. പിന്നെ അവയൊക്കെ ചേർത്തു നീളത്തിലൊരു മാലയുണ്ടാക്കും. കൊന്നമരത്തിന്റെ പൊന്നിലത്താലികളുടെ ചിരിത്തിളക്കം ഞങ്ങളിൽ നിറഞ്ഞുനിന്നിരുന്നു.

ഇന്ന് ലളിതയും ഞാനുമൊക്കെ അമ്മൂമ്മമാരായി. കഴിഞ്ഞ ദിവസം കണ്ടപ്പോൾ ഞാനവളോടു വിഷുപ്പട്ടിക ചോദിച്ചു. ഒരു പ്രത്യേകതാളത്തിൽ പണ്ട് അവൾ അതു മുഴുവൻപറയുമായിരുന്നു. 'കൊത്തോടെ മാങ്ങയിൽത്തുടങ്ങി മുഖം നോക്കണ കണ്ണാടി' എന്നവസാനിക്കുന്ന ദീർഘമായ പട്ടിക. പക്ഷേ ലളിത പറഞ്ഞു. അയ്യോ, എനിക്കൊന്നും ഓർമവരുന്നില്ലല്ലോ. പലതും ഓർമയിൽനിന്നു പോവുകയാണ്.

ഇന്ന് കുടുംബവീട്ടിൽ കൊന്നമരങ്ങളില്ല. പുരയിടത്തിനുള്ളിൽ റോഡുകൾ പ്രത്യക്ഷപ്പെട്ടപ്പോൾ ജെ സി ബി മാന്തിയെടുത്ത വൃക്ഷങ്ങളിൽ അവയുംപെട്ടു. പക്ഷേ ഒളിച്ചുനിന്ന് രക്ഷപ്പെട്ട ഒരു കൊന്നത്തൈ പുഞ്ചിരിയോടെ വളർന്നുവരുന്നുണ്ട്. ഏതെങ്കിലുമൊരു വിഷുക്കാലത്ത് എന്റെ കൊച്ചുമക്കളുടെ മുന്നിൽ 'പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്നു പറഞ്ഞ് പൊന്നിലത്താലികൾ കിലുക്കി അവൾ ചിരിച്ചുമറിഞ്ഞേക്കാം.



Image:Ezhuttukari

# നാണയങ്ങൾ പറയും ചരിത്രം



ഡോ. എം ജി ശശിഭൂഷൺ

തിരുവിതാംകൂർ നാട്ടുരാജ്യത്തിൽ അവസാനമായി ഒരു സെൻസസ് നടന്നത് 1941 ൽ ആയിരുന്നു. 7651 ചതുരശ്രമൈലായിരുന്നു അന്ന് തിരുവിതാംകൂറിന്റെ വിസ്തൃതി. 60,70,018 ആയിരുന്നു ജനസംഖ്യ. നിയമനിർമാണസഭയുടെ പ്രവർത്തനം, സാക്ഷരതയിലുള്ള മുൻതൂക്കം, പ്രാഥമികവിദ്യാഭ്യാസത്തിനു നൽകുന്ന പ്രാധാന്യം, പൊതുജനാരോഗ്യസ്ഥാപനങ്ങൾ എന്നിവയൊക്കെ അന്നത്തെ തിരുവിതാംകൂറിന്റെ നേട്ടങ്ങളായിരുന്നു. അവയ്ക്കൊപ്പമായിരുന്നു തിരുവിതാംകൂറിലെ നാണയങ്ങളും.

## സ്വന്തം നാണയങ്ങൾ

സ്വന്തമായി നാണയങ്ങൾ അടിക്കാൻ അനുവാദമുണ്ടായിരുന്ന ചുരുക്കം ചില നാട്ടുരാജ്യങ്ങളിൽ ഒന്നായിരുന്നു അന്നത്തെ തിരുവിതാംകൂർ. ചെമ്പിലും വെള്ളിയിലുമാണ് പൊതുവിൽ നാണയങ്ങൾ നിർമിച്ചിരുന്നത്. 1877 വരെ സ്വർണനാണയങ്ങളും ഉണ്ടായിരുന്നു.

ചെമ്പും ഈയവും ചേർത്ത 'തിരാക്കാശുകൾ' പതിനെട്ടാംനൂറ്റാണ്ടിൽ വ്യാപകമായി പ്രചരിച്ചിരുന്നു. അങ്ങാടികളിലെ ചെറിയ ക്രയവിക്രയങ്ങൾക്കായാണ് തിരാക്കാശുകൾ നടപ്പിലാക്കിയത്. മാർത്താണ്ഡവർമയുടെ (1729–1758) അവസാനകാലത്ത് പ്രാബല്യത്തിൽ വന്ന ഇവ കാർത്തിക തിരുനാളിന്റെയും (1758–1798) ബാലരാമവർമ(1798–1810) യുടെയും ഭരണകാലത്തും നിലനിന്നിരുന്നു.

കട്ടിയുള്ളത്, കട്ടികുറഞ്ഞത്, തീരെ ചെറുത്, ഇടത്തരം, വലുത് എന്നിങ്ങനെ അഞ്ചു വിഭാഗത്തിൽപ്പെട്ട 'തിരാക്കാശുകൾ' തിരുവിതാംകൂറിൽ ഉണ്ടായിരുന്നതായി ബാർബറാ മെയേഴ്സ് രേഖപ്പെടുത്തിയിട്ടുണ്ട്. ആന, മുതല, മയിൽ, ഹംസം, ഗണപതി, താമര, പറവ, തത്ത, നരസിംഹം, കാള, മാൻ, ഗരുഡൻ, വ്യാളം, ലക്ഷ്മി, ശംഖ് തുടങ്ങിയ അടയാളങ്ങളോടുകൂടിയ എഴുപതോളം

**അരപ്പവനിലും ഒരു പവനിലും നിർമിച്ചിരുന്ന വിശാഖം തിരുനാളിന്റെ രാജാവരോധ നാണയത്തിൽ രാജാവിന്റെ പ്രതിരൂപവും ഉണ്ടായിരുന്നു. ഇംഗ്ലണ്ടിലെ ബർമിങ്ഹാംമിന്റിൽ അടിച്ചിരുന്ന ഈ നാണയങ്ങൾക്ക് ഇപ്പോഴത്തെ ചുരുങ്ങിയ വില മൂന്നരലക്ഷം രൂപയാണ്.**

നാണയങ്ങളെപ്പറ്റി ഈ ഗവേഷക പറയുന്നു. ചതുരം, വട്ടം, വട്ടമെന്നോ ചതുരമെന്നോ പറയാനാവാത്തവ എന്നിങ്ങനെ മൂന്ന് ആകൃതികളാണത്രേ തിരാക്കാശിന് ഉണ്ടായിരുന്നത്.

റാണി ലക്ഷ്മിഭായി (1810 –1815) യുടെ ഭരണകാലത്ത് തിരാക്കാശുകൾക്കുപകരം ചെമ്പുകാശുകൾ ഉണ്ടാക്കാൻ തുടങ്ങി. പിന്നീടുള്ളവരും ഈ പതിവു തുടർന്നു.

കലിയൻ പണം, അനന്തരായൻ പണം, ചിന്ന അനന്തരായൻ പണം, അനന്തവരാഹൻ പണം എന്നെല്ലാമായിരുന്നു തിരുവിതാംകൂറിലെ സ്വർണനാണയങ്ങൾ അറിയപ്പെട്ടിരുന്നത്.

മൂലം തിരുനാൾ രാമവർമയുടെ (1885–1924) കാലം മുതൽ വെള്ളിയിലുള്ള അരരൂപയും കാൽരൂപയും നിലവിൽവന്നു. ആയില്യം തിരുനാൾ രാമവർമ (1860 –1880) യുടെയും വിശാഖം തിരുനാൾ രാമവർമയുടെയും (1880–1885) മൂലം തിരുനാൾ രാമവർമയുടെയും (1885 –1924) തുലാഭാര സ്വർണ നാണയങ്ങൾക്കും വിശാഖം തിരുനാൾ രാമവർമയുടെ രാജാവരോധ സ്വർണനാണയത്തിനും സൂക്ഷിപ്പുകാർ വലിയ പ്രാധാന്യമാണ് നൽകിയിരുന്നത്. അരപ്പവനിലും ഒരു പവനിലും നിർമിച്ചിരുന്ന വിശാഖം തിരുനാളിന്റെ 'രാജാവരോധനാണയ'ത്തിൽ രാജാവിന്റെ പ്രതിരൂപവും ഉണ്ടായിരുന്നു. ഇംഗ്ലണ്ടിലെ ബർമിങ്ഹാംമിന്റിൽ അടിച്ചിരുന്ന ഈ നാണയങ്ങൾക്ക് ഇപ്പോഴത്തെ ചുരുങ്ങിയ വില മൂന്നരലക്ഷം രൂപയാണ്.

## കാശ്/ ചക്രം

പത്മനാഭ എന്നെഴുതിയ കാശുകൾ (ബാലരാമവർമ), കുതിരക്കാശുകൾ, ഗരുഡക്കാശുകൾ (റാണിലക്ഷ്മിബായി), ഐന്തല നാഗക്കാശുകൾ (റാണി പാർവതിബായി), ശിവലിംഗക്കാശുകൾ (സ്വാതിതിരുനാൾ), ശ്രീകൃഷ്ണക്കാശുകൾ (ഉത്രംതിരുനാൾ), ആർ വി പണം, അരച്ചക്രം (വിശാഖം തിരുനാൾ) വെള്ളിപ്പണം,


തിരാക്കാശുകൾ



തിരുവിതാംകൂർ ഒരു ചക്രം


അരച്ചക്രം



അനന്തവരാഹൻ പണം



അനന്തവരാഹൻ പണം



കലിയൻ പണം



തിരുവിതാംകൂർ പവൻ



ഒരു കാശ്



തിരുവിതാംകൂർ പവൻ



ആർ വി പണം,



എട്ടുകാശ് (മൂലം തിരുനാൾ), അരരൂപ (സേതുലക്ഷ്മി റാണി), രാജാവിന്റെ പ്രതിരൂപത്തോടുകൂടിയ ചെമ്പുചക്രങ്ങൾ (ചിത്തിര തിരുനാൾ) തുടങ്ങിയവയും തിരുവിതാംകൂർ നാണയങ്ങളിൽ പ്രശസ്തങ്ങളാണ്. ചിത്തിരതിരുനാളിന്റെ കാലത്തെ വെള്ളി കാൽരൂപകളും അരരൂപകളും അക്കാലത്തെ മികച്ച നാട്ടുരാജ്യനാണയങ്ങളിൽ ഉൾപ്പെട്ടിരുന്നു. വെള്ളി കാൽ രൂപകളിൽ 1112,1114,1116 എന്നീ കൊല്ലവർഷങ്ങളും അരരൂപകളിൽ 1112,1114, 1116, 1118,1121 എന്നീ കൊല്ലവർഷങ്ങളും രേഖപ്പെടുത്തിയിരുന്നു.

റാണി പാർവതി ബായിയുടെ കാലം മുതൽ യന്ത്രനിർമിത നാണയങ്ങൾക്കുള്ള ശ്രമം നടന്നുവെങ്കിലും ആയില്യം തിരുനാൾ രാമവർമയുടെ കാലം മുതലാണ് അതിനു നിയമപ്രബാല്യം ലഭിച്ചത്.

തിരുവിതാംകൂറിലെ ചക്രം ഏറെ പ്രശസ്തമായിരുന്നു. സുദർശന ചക്രത്തിന്റെ രൂപം അടയാളമായി സ്വീകരിച്ചതിനാലാണ് തിരുവിതാംകൂർ നാണയങ്ങൾക്ക് ഈ പേരു ലഭിച്ചത്.

(സാമൂതിരിയുടെ നാണയങ്ങളിൽ വീരരായൻ പണത്തിനും കൊച്ചിയുടെ നാണയങ്ങളിൽ പുത്തനുമുള്ള പ്രശസ്തി തിരുവിതാംകൂറിലെ ചക്രത്തിനും ഉണ്ടായിരുന്നു.)

പിൽക്കാലത്ത് ആർക്കാട്ട് നവാബുമാരും അവരുടെ ചെമ്പുനാണയങ്ങളിൽ സുദർശനചക്രത്തെ ഉൾപ്പെടുത്തി. വള്ളിയൂർ, കളക്കാട് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങളെ മുന്നിൽക്കണ്ടാവാം ആർക്കാട്ടു നവാബുമാർ ചെമ്പുചക്രങ്ങൾ പുറത്തിറക്കിയത്. തിരുവിതാംകൂറിന്റെ അധീനതയിലായിരുന്ന പ്രദേശങ്ങളാണിവ. മാർത്താണ്ഡവർമ(1729–1758)യുടെ കാലം മുതലാണ് ചക്രങ്ങൾക്കു മാന്യത കൈവന്നത്.

കാശും ചക്രവുമെല്ലാം ബ്രിട്ടീഷ് ഇന്ത്യയിലെ രൂപയും അണയുമായി കൈമാറ്റം ചെയ്യുമ്പോൾ വാങ്ങുന്നവർക്കും കൊടുക്കുന്നവർക്കും നഷ്ടം വരാതിരിക്കാൻ അന്നത്തെ അധ്യാപകർ നാണയങ്ങളുടെ മാറ്റപ്പട്ടിക നിർബന്ധപൂർവം പഠിപ്പിച്ചിരുന്നു. ഒരു ചെമ്പുകാശ് പതിനാറിലൊന്ന് ചക്രത്തിനു തുല്യമാണെന്നും രണ്ടുകാശ് എട്ടിലൊന്ന് ചക്രത്തിനു തുല്യമാണെന്നും അന്നത്തെ തിരുവിതാംകൂറുകാർക്ക് അറിയാമായിരുന്നു. അന്നത്തെ മാറ്റപ്പട്ടിക ഇനി പറയും പ്രകാരമായിരുന്നു.

16 കാശ് – ഒരു ചക്രം
7ചക്രം – ഒരു പണം
4 പണം – ഒരു സർക്കാർ രൂപ
28 ചക്രം – ഒരു സർക്കാർ രൂപ
28 1/2 ചക്രം –ഒരുബ്രിട്ടീഷ് രൂപ

സർക്കാർ രൂപ എന്നൊന്നു നിലവിൽ ഇല്ലായിരുന്നെങ്കിലും ബ്രിട്ടീഷ് രൂപ മാറ്റുമ്പോൾ 28 1/2 ചക്രം കിട്ടിയിരുന്നു. രാജാവിന്റെ രൂപയെക്കാൾ അരച്ചക്രത്തിന്റെ മൂല്യക്കൂടുതലല്ലേ ബ്രിട്ടീഷ് രൂപയ്ക്കുള്ളൂ എന്ന് തിരുവിതാംകൂറിലെ രാജഭക്തർ അപ്പോഴും സമാധാനിച്ചിരുന്നത്രേ!

## വീരകേരളനാണയം

തിരുവിതാംകൂർ രൂപം കൊള്ളുന്നതിനു മുൻപുള്ള വേണാടിന്റെ നാണയങ്ങൾ തിരിച്ചറിയുന്നത് എളുപ്പമല്ല.

കാരണം, അന്നത്തെ ചോഴ നാണയങ്ങളുടെയും പാണ്ഡ്യ നാണയങ്ങളുടെയും മാതൃകയിലാണ് വേണാട് നാണയങ്ങൾ നിർമിച്ചത്. വിഷ്ണുപാദങ്ങളോടു കൂടിയ ചെമ്പുകാശുകൾ തിരുവടിരാജ്യമെന്നറിഞ്ഞിരുന്ന വേണാടിനുവേണ്ടി രാജരാജചോഴൻപോലും നിർമിച്ചിരുന്നു.

ഇതിൽ നിന്നു വ്യത്യസ്തമായി വേണാട്ടിലെ വീരകേരളൻ (1127–1155) തന്റെ ബിരുദവും പേരും നാഗരിലിപിയിൽ രേഖപ്പെടുത്തിയ വെള്ളിനാണയങ്ങൾ പുറത്തിറക്കി. ചിലന്തിയും മുതലയും ഈ നാണയങ്ങളിലെ അടയാളങ്ങളായിരുന്നു.

ചോഴന്മാരിൽ നിന്നു വേണാട് ആർജിച്ച സാമന്തപദവി കൊണ്ടാടാനാവും വീരകേരളൻ ഈ നാണയങ്ങൾ ഉപയോഗിച്ചതെന്നു കരുതാം. ചോഴന്മാരുടെ വംശസ്ഥാപകനെയാണ് ചിലന്തി പ്രതിനിധാനം ചെയ്യുന്നതെന്ന വാദവും നിലവിലുണ്ട്.

തിരുനെൽവേലി ജില്ലയിലെ വൈകക്കുളത്തു നിന്നും കന്യാകുമാരി ജില്ലയിലെ ചോഴപുരത്തു നിന്നുമാണ് വീരകേരളനാണയങ്ങൾ ലഭിച്ചിട്ടുള്ളത്.

വീരകേരളന്റെ പിൻഗാമിയായ ഉദയമാർത്താണ്ഡവർമയുടെ പേര് നാഗരിലിപിയിൽ എഴുതിയ നാണയങ്ങളും ദുർലഭമായിട്ടാണെങ്കിൽക്കൂടി കന്യാകുമാരി ജില്ലയിൽ നിന്നു ലഭിച്ചിട്ടുണ്ട്.

## ഭൂതലവീര നാണയങ്ങൾ

വേണാടിന്റെ ദേശിങ്ങനാട് ശാഖയും പതിമൂന്നാം നൂറ്റാണ്ടുമുതൽ നാണയങ്ങൾ ഇറക്കിയിരുന്നു. ചോള-

നിൽക്കുകയോ ഇരിക്കുകയോ ചെയ്യുന്ന രാജാവിനെ ഇരട്ടമീനുകളോടെ ചിത്രീകരിക്കുന്ന നാണയങ്ങൾ തിരുനെൽവേലിയുടെ പലഭാഗങ്ങളിൽ നിന്നും ഇപ്പോഴും ലഭിക്കാറുണ്ട്. ചേതുങ്കനാട് (ദേശിങ്ങനാട്) തിരുവടിമാരുടെ പാണ്ഡ്യപിതൃത്വത്തെയാവാം ഇരട്ടമീനുകൾ പ്രതിനിധാനം ചെയ്യുന്നത്. ചേരകുലരാമൻ എന്നോ ഇരാമരാജ എന്നോ തമിഴിൽ എഴുതിയ നാണയങ്ങളും ഇവിടെ കണ്ടുവരുന്നു.

പാണ്ഡ്യരുടെയും കൊർകൈ പാണ്ഡ്യരുടെയും നാണയങ്ങളെയാണ് ദേശിങ്ങനാട് ഇതിനായി മാതൃകയാക്കിയത്. എന്നാൽ രാജാവിന്റെ അടുത്തായി ഒരു മഴു കൂടി ചിത്രീകരിച്ചിരുന്നു

നിൽക്കുകയോ ഇരിക്കുകയോ ചെയ്യുന്ന രാജാവിനെ ഇരട്ടമീനുകളോടെ ചിത്രീകരിക്കുന്ന ഈ നാണയങ്ങൾ തിരുനെൽവേലിയുടെ പലഭാഗങ്ങളിൽ നിന്നും ഇപ്പോഴും ലഭിക്കാറുണ്ട്. ചേതുങ്കനാട് (ദേശിങ്ങനാട്) തിരുവടിമാരുടെ പാണ്ഡ്യപിതൃത്വത്തെയാവാം ഇരട്ടമീനുകൾ പ്രതിനിധാനം ചെയ്യുന്നത്. ചേരകുലരാമൻ എന്നോ ഇരാമരാജ എന്നോ തമിഴിൽ എഴുതിയ നാണയങ്ങളും ഇവിടെ കണ്ടുവരുന്നു. പൊതുവിൽ ഇവയെ ഭൂതലവീര നാണയങ്ങൾ എന്നാണു വിശേഷിപ്പിക്കേണ്ടത്.

ജയസിംഹൻ എന്നു നാഗരിലിപിയിൽ എഴുതിയ ഒരു വെള്ളിനാണയത്തെപ്പറ്റി ബീനാസരസൻ എഴുതിയിട്ടുണ്ട്. ജയസിംഹനെ പ്രകീർത്തിക്കുന്ന ഈ നാണയം, മകനായ സംഗ്രാമധീരരവിവർമയുടേതാണെന്നും വരാം. അതല്ലെങ്കിൽ ജയസിംഹബിരുദം സ്വീകരിച്ചിരുന്ന ഭൂതലവീരന്മാരിൽ ആരുടേതുമാകാം.

## അനന്തശയന നാണയങ്ങൾ

അനന്തശയന രൂപത്തോടു കൂടിയ ചെമ്പുനാണയങ്ങളെ നാണയസൂക്ഷിപ്പുകാർ അത്യധികം വിലപിടിപ്പുള്ള നാണയങ്ങളായാണ് കണ്ടുവരുന്നത്. ചെറുത്, ഇടത്തരം, അൽപ്പംകൂടെ വലുത് എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി ഈ നാണയങ്ങളെ തരംതിരിക്കാം. ചക്രം, സൂര്യനും ചന്ദ്രനും, സൂര്യൻ, മയിൽ, താമര, വൈഷ്ണവ നാമക്കുറി, ആന, വ്യാളം, അങ്കുശം, ഗരുഡൻ, പരശോടു

### അറിയിപ്പ്

തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അയച്ചു തരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധതവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

**അയയ്ക്കേണ്ട വിലാസം**

**തളിര് മാസിക, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം-34**

കൂടിയ ആൾരൂപം, മാൻ, വജ്രായുധം, ഇരട്ട വജ്രായുധങ്ങൾ, ഗജലക്ഷ്മി, കുതിര തുടങ്ങിയ ചിഹ്നങ്ങൾ അനന്തശയന നാണയങ്ങളുടെ മറുവശത്ത് ഉണ്ടാകാറുണ്ട്. മുള്ളിനാട് പ്രദേശങ്ങൾ വേണാടിനു നഷ്ടപ്പെട്ട പതിനാറാം നൂറ്റാണ്ടിന്റെ അവസാനമോ അതല്ലെങ്കിൽ പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ നിർമിക്കപ്പെട്ടവയാണ് ഈ നാണയങ്ങൾ എന്ന് അവയുടെ ഘടനാവിശേഷങ്ങൾ വ്യക്തമാക്കുന്നു.



അനന്തശയന നാണയങ്ങൾ

വീരരവി ഇരവിവർമ കുലശേഖരൻ (1592–1609) ആകാം ചെമ്പിലുള്ള ഈ അനന്തശയന നാണയങ്ങളുടെ ഉപജ്ഞാതാവ്. തിരുവട്ടാർ ആദികേശവക്ഷേത്രം, ശ്രീപത്മനാഭസ്വാമിക്ഷേത്രം, കേരളപുരം ക്ഷേത്രം എന്നിവിടങ്ങളിൽ വിപുലമായ നവീകരണ പ്രവർത്തനങ്ങളും കല്കുളം കോട്ട, പുലിയൂർകുറിച്ചിക്കോട്ട എന്നിവയുടെ നിർമാണവും നടത്തിയത് അദ്ദേഹമാണ്. പതിനേഴാം നൂറ്റാണ്ടിലെ ഇതര ചിറാമൂപ്പൻമാരും തൃപ്പാപ്പൂർ മൂപ്പന്മാരും ഈ മാതൃക കുറെക്കാലംകൂടി തുടർന്നുവെന്നും കരുതേണ്ടിയിരിക്കുന്നു.

## കമ്മട്ടങ്ങൾ

തിരുവിതാംകോട്ടും ഇരണിയലിലും പത്മനാഭപുരത്തുമായിരുന്നു ആദ്യകാല കമ്മട്ട* ങ്ങൾ. കളക്കാട്ടും ചേരൻ മഹാദേവിയിലും ദേശിങ്ങനാട്ടിനു കമ്മട്ടങ്ങൾ ഉണ്ടായിരുന്നു. ഡച്ചുകോട്ടയ്ക്കുള്ളിലായിരുന്നു കുറച്ചുകാലം ദേശിങ്ങനാടിന്റെ ഒരു കമ്മട്ടം പ്രവർത്തിച്ചിരുന്നത്. തിരുവിതാംകൂർ നിലവിൽ വന്ന് ഏറെക്കഴിയുംമുൻപ് പത്മനാഭപുരം കമ്മട്ടം തിരുവനന്തപുരത്തേക്കു മാറ്റി. പിന്നീട് കമ്മട്ടം കൊല്ലത്തേക്കും മാവേലിക്കരയിലേക്കും ആലപ്പുഴയിലേക്കും പറവൂരേക്കും മാറ്റിയതിനും രേഖകളുണ്ട്. ദിവാന്റെ ഓഫീസ് മാറുന്നതനുസരിച്ചായിരുന്നു ഈ മാറ്റങ്ങൾ. സ്വാതിതിരുനാളാണ് ദിവാന്റെ ഓഫീസും തിരുവനന്തപുരത്തുതന്നെ വേണമെന്നു തീരുമാനിച്ചത്. അങ്ങനെ കമ്മട്ടം വീണ്ടും തിരുവനന്തപുരത്തു മടങ്ങിയെത്തി.



പറങ്കിവരാഹൻ



വെനീഷ്യൻ ഡ്യൂക്കറ്റ്

## വിദേശനാണയങ്ങൾ

തിരുവിതാംകൂറിൽ പ്രചരിച്ചിരുന്ന വിദേശ സ്വർണനാണയങ്ങളിൽ തീനാരവും (റോമൻ നാണയം) തിരമവും (ഡ്രക്മ) വിൽക്കാശും (വെനീഷ്യൻ ഡ്യൂക്കറ്റ്) പറങ്കിവരാഹനും ഉൾപ്പെടുന്നു.

കുംപിനി രൂപ, സൂറത്തി രൂപ എന്നീ പേരുകളിലാണ് ഈസ്റ്റിന്ത്യാ കമ്പനിയുടെ നാണയങ്ങൾ അറിഞ്ഞിരുന്നത്. തലപ്പത്താക്ക്, തടിപ്പത്താക്ക് എന്നീ പേരുകളിൽ പറങ്കിനാണയങ്ങളും അറിഞ്ഞിരുന്നു.

ചെമ്പും ഈയവും കലർന്ന ചൈനീസ് നാണയങ്ങൾ കൊല്ലത്തുനിന്നും ശാസ്താംകോട്ട നിന്നും അടുത്തകാലത്തു ലഭിക്കുകയുണ്ടായി.

മാറ്റക്കച്ചവടത്തിൽ നിന്നു നാണയവ്യവസ്ഥയിലേക്കു സാവധാനമുണ്ടായ ഒരു ചുവടുമാറ്റത്തിന്റെ കഥകൂടി തിരുവിതാംകൂർ നാണയങ്ങൾ പറഞ്ഞുതരും.

*നാണയം ഉണ്ടാക്കാൻ ഉപയോഗിക്കുന്ന അച്ച്

# സ്വർണക്കോട്ടയിലെ മയിൽ

## ഫെലൂദയുടെ സാഹസങ്ങൾ

**സത്യജിത് റായ്**
പുനരാഖ്യാനം - എം ചന്ദ്രപ്രകാശ്

### നാല്

അയാൾ ഫെലൂദയെ നോക്കി പുഞ്ചിരി തൂകി.

''ഞാൻ നിങ്ങളുടെ വർത്തമാനം കുറെ നേരമായി ശ്രദ്ധിക്കുകയായിരുന്നു. നാട്ടിൽനിന്നും വളരെ ദൂരെ നാട്ടുകാരെ കാണാൻ സാധിച്ചത് വലിയ ഭാഗ്യമായി. സത്യം പറഞ്ഞാൽ ഇനി കുറെ ദിവസത്തേക്ക് മാതൃഭാഷ മറക്കേണ്ടിവരുമെന്നു വിചാരിച്ചതാ ഞാൻ...!''

ഓരോ വാക്കും എടുത്തെടുത്തുവയ്ക്കുന്നതുപോലെ മനോഹരമായിരുന്നു അയാളുടെ സംസാരം. ഫെലൂദ വളരെ വിനീതനായി അയാളോടു ചോദിച്ചു.

''താങ്കൾ വളരെ ദൂരെ എവിടെയെങ്കിലും പോവുകയാണോ?''

''ജോധ്പുർ വരെ പോകാനാണ് ഇപ്പോഴത്തെ തീരുമാനം. പിന്നെ എങ്ങോട്ടു പോകണമെന്ന് അവിടെ എത്തിയിട്ട് തീരുമാനിക്കും. അതുപോട്ടെ, നിങ്ങൾ എങ്ങോട്ടാ?''

''ഞങ്ങളും ജോധ്പുരിലേക്കാ...''

''അതു നന്നായി. താങ്കൾ ഒരു എഴുത്തുകാരനാണോ?''

''ഓ.. അല്ല,'' ഫെലൂദ പുഞ്ചിരിച്ചു, ''ഞാനൊരു വായനക്കാരനാണ്. താങ്കൾ എഴുതാറുണ്ടോ?''

''നിങ്ങൾ ജടായു എന്നൊരു പേരു കേട്ടിട്ടുണ്ടോ?''

''ജടായു!'' ഞാൻ ചോദിച്ചു.

''ഡിറ്റക്ടീവ് കഥകൾ എഴുതുന്ന ആളാണോ?''

ഞാൻ അദ്ദേഹത്തിന്റെ ഒന്നുരണ്ട് പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. 'ഷീവേഴ്സ് ഇൻ ദി സഹാറ'യും 'ദ ഫെറേഷ്യസ് ഫോ'യും. ഞങ്ങളുടെ സ്കൂൾലൈബ്രറിയിൽനിന്ന് എടുത്തതാണ്.

''താങ്കൾ ജടായുവാണോ?'' ഫെലൂദ ചോദിച്ചു.

''അതേ സാർ.'' അയാൾ ചിരിച്ചുകൊണ്ട് വണങ്ങി.

''ജടായു എന്ന തൂലികാനാമത്തിലാണ് ഞാൻ എഴുതുന്നത്. നമസ്കാരം.''



വര: ടി ആർ രാജേഷ്

''നമസ്കാരം സാർ, ഞാൻ പ്രദോഷ് മിത്തർ. ഇത് തപേഷ് രഞ്ജൻ.''

ഞാൻ ചിരിയടക്കാൻ പാടുപെടുന്നുണ്ടായിരുന്നു. ഇത്തരം കഥകൾ എഴുതുന്ന ആളുകളുടെ രൂപത്തെക്കുറിച്ചുള്ള എന്റെ സങ്കൽപ്പമാണ് അതിനു കാരണം. ജടായു എന്ന പേരു കേട്ടപ്പോൾ ആളുടെ രൂപവും ഏതാണ്ട് അതുപോലെ ആയിരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്.

''എന്റെ ശരിയായ പേര് ലാൽമോഹൻ ഗാംഗുലി എന്നാണ്. തൂലികാനാമമാണ് ജടായു. ദയവുചെയ്ത് അതാരോടും പറയരുത്.

> "താങ്കൾ കുറച്ചുകാലമായി യാത്രയിലാണെന്നു തോന്നുന്നു!" "ശരിയാണ്..." ജടായു പായ്ക്കറ്റിൽ നിന്ന് ഒരു പലഹാരമെടുത്തു. അയാൾ എന്തോ ആശയക്കുഴപ്പത്തിലായതുപോലെ. പിന്നെ ഫെലൂദയെ ആശ്ചര്യത്തോടെ നോക്കിയിട്ടു ചോദിച്ചു. "അല്ലാ, അത് നിങ്ങൾക്കെങ്ങനെ മനസ്സിലായി?" "സ്ട്രാപ്പ് അയഞ്ഞിട്ടുണ്ട്. അത് മാറുമ്പോൾ ആ ഭാഗത്ത് വെയിൽകൊണ്ട് കരുവാളിക്കാത്ത ഒരു ചെറിയഭാഗം കണ്ടു."

ഞാൻ പറഞ്ഞുവരുന്നത് അതു വെളിപ്പെടുത്തിയാൽ അതിന്റെ ഫലം ഇല്ലാതാകും എന്നുള്ളതുകൊണ്ടാണ്.'' അയാൾ പറഞ്ഞു.

ആഗ്രയിൽനിന്ന് ഞങ്ങൾ ഒരു പായ്ക്കറ്റ് മധുരപലഹാരം വാങ്ങിച്ചിരുന്നു. ഫെലൂദ പായ്ക്കറ്റ് ജടായുവിനു നൽകി. എന്നിട്ടു പറഞ്ഞു.

''താങ്കൾ കുറച്ചുകാലമായി യാത്രയിലാണെന്നു തോന്നുന്നു!''

''ശരിയാണ്...'' ജടായു പായ്ക്കറ്റിൽ നിന്ന് ഒരു പലഹാരമെടുത്തു. അയാൾ എന്തോ ആശയക്കുഴപ്പത്തിലായതുപോലെ. പിന്നെ ഫെലൂദയെ ആശ്ചര്യത്തോടെ നോക്കിയിട്ടു ചോദിച്ചു.

''അല്ലാ, അത് നിങ്ങൾക്കെങ്ങനെ മനസ്സിലായി?''

''സ്ട്രാപ്പ് അയഞ്ഞിട്ടുണ്ട്. അത് മാറുമ്പോൾ ആ ഭാഗത്ത് വെയിൽകൊണ്ട് കരുവാളിക്കാത്ത ഒരു ചെറിയ ഭാഗം കണ്ടു.''

ജടായുവിന്റെ കണ്ണുതള്ളിപ്പോയി.

''ദൈവമേ, ഇതെന്തു നിരീക്ഷണപാടവം! അതേ, നിങ്ങൾ പറഞ്ഞത് വളരെ ശരിയാണ്. ഞാൻ വീടു വിട്ടിട്ടു പത്തുദിവസമായി. ആഗ്ര, ദൽഹി, ഫത്തേപുർ സിക്രി എന്നിവിടങ്ങളിലൊക്കെ യാത്രചെയ്തു. ഇതുവരെ വിദേശങ്ങളിലെ സാഹസങ്ങളെക്കുറിച്ചു മാത്രമേ ഞാൻ എഴുതിയിട്ടുള്ളൂ. അതിനു ചെറിയൊരു മാറ്റമാകാമെന്നു വിചാരിച്ചു. ഞാൻ ഭദ്രേശ്വറിലാണ് താമസിക്കുന്നത്. അതുകൊണ്ട് കുറച്ചു യാത്ര ചെയ്യാമെന്നു വിചാരിച്ചു. പുതിയ സ്ഥലങ്ങൾ കാണുക എന്നത് എന്റെ എഴുത്തിനെ സഹായിക്കുന്ന കാര്യമാണ്. മാത്രമല്ല സാഹസികകഥകൾക്ക് പറ്റിയ പ്രദേശങ്ങളാണിവയൊക്കെ. നോക്കൂ, ആ മൊട്ടക്കുന്നുകൾ കണ്ടോ!''

പുറത്തേക്കു കൈ ചൂണ്ടി ജടായു തുടർന്നു.

''ബംഗാളിൽ ഇത്തരം കുന്നുകൾ കാണാനാകില്ല. സമതലങ്ങളിൽ സാഹസങ്ങൾ ഉണ്ടാകില്ല എന്ന് ഞാൻ എവിടെയോ വായിച്ചിട്ടുണ്ട്.'' തീവണ്ടി വേഗതയിൽ പൊയ്ക്കൊണ്ടിരുന്നു. ഞങ്ങൾ മൂന്നുപേരും വീണ്ടും മധുരപലഹാരം കഴിച്ചു. ഇതിനിടയിൽ ജടായു ഫെലൂദയെ സൂക്ഷിച്ചുനോക്കുന്നതു ഞാൻ കണ്ടു. അയാൾ ചോദിച്ചു.

''ചോദിക്കുന്നതിൽ മറ്റൊന്നും തോന്നരുത്. നിങ്ങളുടെ ഉയരമെത്രയാണ്?''

''ഏതാണ്ട് ആറടി?''

ഫെലൂദ പറഞ്ഞു.

''കൊള്ളാം. അത് നല്ല ഉയരമാണ്! എന്റെ നായകന്റെ അതേ ഉയരം. താങ്കൾ ആ പേര് കേട്ടിരിക്കും. പ്രാക്കർ രുദ്ര -അതൊരു റഷ്യൻ പേരാണ്. പക്ഷേ ബംഗാളിക്കും അതു ചേരും അല്ലേ? എനിക്കു പറ്റാത്തതെല്ലാം ഞാൻ എന്റെ നായകനു നൽകുന്നു. കോളജിൽ പഠിച്ചിരുന്നപ്പോൾ ചാൾസ് അറ്റ്ലസിന്റെ പരസ്യങ്ങൾ ഞാൻ ബ്രിട്ടീഷ് മാസികയിൽ കണ്ടിട്ടുണ്ട്. നെഞ്ചുവിരിച്ച്, എല്ലാ പേശികളും വികസിപ്പിച്ച്, കൈകൾ അരക്കെട്ടിൽ വച്ചുള്ള ആ നിൽപ്പ് ഓ, കാണേണ്ടതുതന്നെയായിരുന്നു. അയാൾ ഒരു സിംഹത്തെപ്പോലെയായിരുന്നു. ആ ശരീരത്തിൽ ഒരു തുള്ളിപോലും മേദസ്സുണ്ടായിരുന്നില്ല. അയാളുടെ പേശികൾ തലയിൽനിന്നും കാലുവരെ കടൽത്തിരകൾപോലെ തരംഗരൂപത്തിലായിരുന്നു. പരസ്യവാചകം ഇതാണ്: 'എന്റെ രീതി സ്വീകരിച്ചാൽ നിങ്ങൾക്കും ഒരു മാസത്തിനകം എന്നെപ്പോലെയാകാം' എന്റെ അച്ഛൻ സാമ്പത്തികമായി നല്ല നിലയിലായിരുന്നു. അതുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ പണം കുറച്ച്



ധൂർത്തടിച്ചു. പരസ്യത്തിൽ കണ്ട പുസ്തകങ്ങൾ വരുത്തിച്ചു. അതിൽ പറഞ്ഞ കാര്യങ്ങൾ ചെയ്തു. ഒന്നും സംഭവിച്ചില്ല. എന്റെ സ്ഥിതി അതേപടി തുടർന്നു. പിന്നീട് അയൽക്കാരനായ എന്റെ മാമൻ പറഞ്ഞു, 'കർട്ടൻകമ്പിയിൽ തൂങ്ങിയാടിയാൽ ഞാൻ വളരുമെന്ന്' അതു വിശ്വസിച്ച് കുറെ മാസങ്ങൾ ഞാൻ കമ്പിയിൽ തൂങ്ങിയാടി. ഒരു ദിവസം അതു പൊട്ടി താഴെ വീണ് കാലൊടിഞ്ഞതു മിച്ചം. അതോടെ ഞാനിനി വളരില്ലെന്ന് എനിക്കു ബോധ്യമായി. തലച്ചോറിലെ മസിലുകൾ വളർത്താൻ ഞാൻ തീരുമാനിച്ചു. അങ്ങനെ ഞാൻ ആൾക്കാരെ കിടിലംകൊള്ളിക്കുന്ന ത്രില്ലറുകൾ എഴുതാൻ തുടങ്ങി. പക്ഷേ ലാൽമോഹൻ ഗാംഗുലി എന്ന പേര് പുസ്തകങ്ങൾ വിറ്റഴിക്കാൻ കൊള്ളില്ലെന്ന് എനിക്കറിയമായിരുന്നു. അങ്ങനെയാണ് 'ജടായു' എന്ന തൂലികാനാമം സ്വീകരിച്ചത്. രാവണനുമായി യുദ്ധം ചെയ്ത വീരനായകനല്ലേ!''

ഞങ്ങൾ സഞ്ചരിച്ചിരുന്ന തീവണ്ടി ഫാസ്റ്റ്പാസഞ്ചർ ആയിരുന്നെങ്കിലും മിക്ക സ്റ്റേഷനിലും അത് നിർത്തിയിരുന്നു. അതിനാൽ ഇരുപതുമിനിറ്റിൽ കൂടുതൽ തുടർച്ചയായി യാത്ര ചെയ്യാനാകില്ല. പാരാസൈക്കോളജിയെക്കുറിച്ചുള്ള മാസിക മാറ്റിവച്ച് ഫെലൂദ രാജസ്ഥാനെക്കുറിച്ചുള്ള പുസ്തകം വായിക്കാൻ തുടങ്ങി. അതിൽ അവിടത്തെ എല്ലാ കോട്ടകളെക്കുറിച്ചുമുള്ള ചിത്രങ്ങളുണ്ടായിരുന്നു. വായിച്ചുകൊണ്ടിരുന്ന പുസ്തകത്തിലുള്ള ചില സ്ഥലങ്ങൾ ചുവന്ന മഷിയുള്ള പേനകൊണ്ട് ഫെലൂദ അടയാളപ്പെടുത്തുകയായിരുന്നു. അപ്പോൾ ലാൽമോഹൻ ബാബു പറഞ്ഞു.

''ഞാൻ ഒരു സംശയം ചോദിച്ചോട്ടേ? താങ്കൾ ഒരു കുറ്റാന്വേഷകനാണോ?''

''എന്താ അങ്ങനെ ചോദിച്ചത്?''

''അത്... ഞാൻ ഉദ്ദേശിച്ചത്... നിങ്ങൾ എന്റെ യാത്രയെക്കുറിച്ച് വളരെ കൃത്യമായി പറഞ്ഞിരിക്കുന്നു!''

''ശരിയാണ്. എനിക്ക് അത്തരം കാര്യങ്ങളിൽ താൽപ്പര്യമുണ്ട്.''

''ഓഹോ... നല്ലകാര്യം. നിങ്ങളും ജോധ്പുരിലേക്ക് പോവുകയാണ് എന്നല്ലേ പറഞ്ഞത്?''

''അതേ.'' ഞാൻ പറഞ്ഞു.

''ഏതെങ്കിലും അന്വേഷണത്തിന്റെ ഭാഗമാണെങ്കിൽ, വിരോധമില്ലെങ്കിൽ, ഞാനും നിങ്ങളുടെ കൂടെ ചേരാം.''

''ഒട്ടകത്തിന്റെ പുറത്തു യാത്ര ചെയ്യുന്നതിൽ നിങ്ങൾക്ക് വിരോധമുണ്ടാകില്ലെന്നു കരുതുന്നു!''

''ഒട്ടകമോ? ദൈവമേ!!'' ലാൽമോഹൻ ബാബുവിന്റെ കണ്ണുകൾ തിളങ്ങി. അയാൾ

സന്തോഷത്തോടെ തുടർന്നു.

''മരുഭൂമിയിലെ കപ്പൽ. അത് എന്നും എന്റെ സ്വപ്നമായിരുന്നു. അറബ് ജിപ്സികളെക്കുറിച്ച് ഞാൻ ഒരു നോവൽ എഴുതിയിട്ടുണ്ട്. 'ബ്ലഡ്ബാത്ത് ഇൻ അറേബ്യ' അതുപോലെ 'ഷീവേഴ്സ് ഇൻ ദി സഹാറ'യിൽ ഒട്ടകങ്ങളെക്കുറിച്ചു പറയുന്നുണ്ട്. വളരെ ആകർഷകമായ മൃഗമാണ്. സ്വന്തം കുടലിൽ തന്നെ ആവശ്യമായ വെള്ളം സംഭരിച്ച് മണലാരണ്യത്തിലൂടെ നിരനിരയായി നീങ്ങുന്ന ഒട്ടകങ്ങളെ മനസ്സിൽ വിചാരിക്കുന്നതുപോലും ഒരു സുന്ദര സ്വപ്നമല്ലേ!''

''താങ്കളുടെ നോവലിൽ ഒട്ടകങ്ങളുടെ കുടലിനെക്കുറിച്ചു പറയുന്നുണ്ടോ?''

''എന്താ, അതു തെറ്റാണോ?''

ഫെലൂദ തലയാട്ടി.

''അതേ, ഒട്ടകത്തിന്റെ പുറത്തുള്ള കൂനിലാണ് ജലം സംഭരിക്കുന്നത്. ധാരാളം കൊഴുപ്പ് അടിഞ്ഞുകൂടിയതാണ് ആ കൂന്. ഒട്ടകത്തിന് ഈ കൊഴുപ്പിനെ വെള്ളമാക്കി മാറ്റാനുള്ള കഴിവുണ്ട്. അതുകൊണ്ട് അതിനു പത്തു മുതൽ പതിനഞ്ചു ദിവസം വരെ വെള്ളം കുടിക്കാതെ ജീവൻ നിലനിർത്താൻ കഴിയും. എന്നാൽ എവിടെയെങ്കിലും വെള്ളം കണ്ടാൽ 25 ഗാലൺ വെള്ളം ഒറ്റയടിക്കു കുടിക്കാനും ഒട്ടകങ്ങൾക്ക് കഴിയും.''

''നന്ദി ഫെലൂദ, ഇക്കാര്യങ്ങൾ പറഞ്ഞു തന്നതിന്. അടുത്ത പതിപ്പിൽ നൂറു തെറ്റുകൾ തിരുത്തണം.''

***

**വേ**ഗത കുറവായിരുന്നെങ്കിലും അധികം വൈകിയായിരുന്നില്ല ട്രെയിൻ ഓടിക്കൊണ്ടിരുന്നത്. ട്രെയിൻ മാറിക്കേറേണ്ടി വരുമ്പോൾ ആദ്യട്രെയിൻ വൈകുന്നത് പ്രശ്നമുണ്ടാക്കും. ഭരത്പുർ എത്തിയപ്പോൾ ഞങ്ങൾ മയിലുകളെ കണ്ടു. ഞങ്ങളുടെ പ്ലാറ്റ്ഫോമിന് എതിർവശം രണ്ടുമൂന്നെണ്ണം ട്രാക്കിൽ വിലസുന്നുണ്ടായിരുന്നു. ഫെലൂദ എന്നോടു പറഞ്ഞു.

''കൽക്കത്തയിൽ കാക്കയെയും കുയിലിനെയും കാണുന്നതുപോലെ ഇവിടെ നിനക്ക് മയിലുകളെയും തത്തകളെയും കാണാം.''

അവിടെ ഞങ്ങൾ കണ്ട പുരുഷന്മാർക്കെല്ലാം തലപ്പാവും നീണ്ട കൃതാവുമുണ്ടായിരുന്നു. യാത്ര തുടരും തോറും കൃതാവിന്റെ വലിപ്പം കൂടി വന്നു. അവരെല്ലാം രാജസ്ഥാനികളായിരുന്നു. മുട്ടോളമെത്തുന്ന നീളം കുറഞ്ഞ മുണ്ടും ഒരു വശത്ത് ബട്ടണുകളുള്ള ഷർട്ടുമായിരുന്നു അവരുടെ വേഷം. കാലിൽ കനമുള്ള നാഗ്രയാണു ധരിച്ചിരിക്കുന്നത്. മിക്കവരുടെയും കൈവശം തടിച്ച വടിയുണ്ടായിരുന്നു. അത്താഴം കഴിക്കാൻ ഞങ്ങൾ ബുണ്ടിക്കുയി സ്റ്റേഷനിലെ ഒരു ഹോട്ടലിൽ കയറി. ഭക്ഷണം കഴിക്കുന്നതിനിടയിൽ ലാൽമോഹൻ ബാബു പറഞ്ഞു.

''ഇവരെ ശ്രദ്ധിച്ചോ? ഇതിൽ ചിലരെങ്കിലും കൊള്ളക്കാരാകാൻ സാദ്ധ്യതയുണ്ട്. ആരവല്ലിക്കുന്നുകൾ കൊള്ളക്കാരുടെ താവളമാണ്. അവർ എത്ര ശക്തരാണെന്ന് ഞാൻ പറയാതെ തന്നെ അറിയാമല്ലോ. ജയിലിൽ ആയാൽ കമ്പി കൈകൊണ്ടു വളച്ച് ഇവർ രക്ഷപ്പെടും.''

''അതേ എനിക്കറിയാം.'' ഫെലൂദ പറഞ്ഞു.

''തങ്ങളെ ചതിക്കുന്നവരെ ഇവർ എങ്ങനെയാണ് ശിക്ഷിക്കുന്നതെന്ന് അറിയാമോ?''

''കൊന്നുകളയും.''

''അല്ല. അതൊരു പ്രത്യേകതരം ശിക്ഷയാണ്. ഒരു കൊള്ളക്കാരന് ആരോടെങ്കിലും വിദ്വേഷം തോന്നിയാൽ അയാൾ എവിടെ ഒളിച്ചിരുന്നാലും കണ്ടുപിടിച്ച് അയാളുടെ മൂക്ക് ഛേദിച്ചു കളയും.''

ലാൽമോഹൻ ബാബു ഒരു ഇറച്ചിക്കഷണം വായിലേക്കുകൊണ്ടുപോവുകയായിരുന്നു. പെട്ടെന്ന് സ്തബ്ധനായി അയാൾ ചോദിച്ചു.

''മൂക്ക് വെട്ടിക്കളയുകയോ!''

''അതേ. അങ്ങനെയാണ് ഞാൻ കേട്ടിട്ടുള്ളത്!''

''ഓ.., അത് മൃഗീയം തന്നെ!''

അർധരാത്രി ഞങ്ങൾ മാർവാറിലേക്കുള്ള ട്രെയിൻ പിടിച്ചു. ഇരുട്ടിൽ അൽപ്പം തപ്പിത്തടഞ്ഞെങ്കിലും ഞങ്ങൾക്കു സീറ്റുകിട്ടി. രാത്രി സുഖമായുറങ്ങി. രാവിലെ ഉണർന്ന്, ജനാലയിലൂടെ പുറത്തേക്കു നോക്കിയപ്പോൾ ദൂരെ കുന്നിൻമുകളിൽ ഒരു

"അല്ല. അതൊരു പ്രത്യേകതരം ശിക്ഷയാണ്. ഒരു കൊള്ളക്കാരന് ആരോടെങ്കിലും വിദ്വേഷം തോന്നിയാൽ അയാൾ എവിടെ ഒളിച്ചിരുന്നാലും കണ്ടുപിടിച്ച് അയാളുടെ മൂക്ക് ഛേദിച്ചു കളയും." ലാൽമോഹൻ ബാബു ഒരു ഇറച്ചിക്കഷണം വായിലേക്കുകൊണ്ടുപോവുകയായിരുന്നു. പെട്ടെന്ന് സ്തബ്ധനായി അയാൾ ചോദിച്ചു. "മൂക്ക് വെട്ടിക്കളയുകയോ???"



“വളരെ സംശയാസ്പദം. അയാളൊരു സാധാരണ ഗ്രാമീണനെപ്പോലെയാണ് വസ്ത്രം ധരിച്ചിരിക്കുന്നത്. പക്ഷേ അയാളെങ്ങനെ ഈ ഫസ്റ്റ്ക്ലാസ് കംപാർട്ടുമെന്റി ലെത്തി? അയാളുടെ ഭാണ്ഡ ക്കെട്ട് നോക്കൂ. അതിൽ വജ്രങ്ങളും അമൂല്യരത്ന ങ്ങളുമുണ്ടോയെന്ന് ഈശ്വര നറിയാം!”

ഭാണ്ഡക്കെട്ട് അയാ ളുടെ അടുത്തുതന്നെയാണ് വച്ചിരിക്കുന്നത്. ലാൽ മോഹൻ ബാബുവിന്റെ വളരെ ഗൗരവത്തിലുള്ള വാക്കുകൾ ഫെലൂദയുടെ മുഖത്തു ചിരി വിടർത്തി. പക്ഷേ അദ്ദേഹം ഒന്നും പറഞ്ഞില്ല. ട്രെയിൻ ഓടി ത്തുടങ്ങി. ഫെലൂദ തോൾ സഞ്ചിയിൽനിന്ന് രാജസ്ഥാ നെക്കുറിച്ചുള്ള പുസ്തകം പുറത്തെടുത്തു. ഞാൻ ന്യൂ മാൻ ബ്രാഡ്ഷായുടെ റെയിൽവേ ടൈംടേബിൾ എടുത്ത് ട്രെയിൻ നിർത്തുന്ന സ്റ്റേഷൻ നോക്കി. ഓരോ സ്ഥലത്തിനും വിചിത്രങ്ങ ളായ പേരുകളായിരുന്നു. ഗലോട്ട, ടിലോനിയ, മക്രേര, വെസാന, സെന്ദ്ര. ഈ പേരുകൾ എവിടെനിന്ന് വന്നതാണ്? ഓരോ സ്ഥല നാമത്തിനു പിറകിലും അവി ടത്തെ പ്രാദേശികചരിത്രം ഒളിഞ്ഞിരിപ്പുണ്ടാകുമെന്ന് ഒരിക്കൽ ഫെലൂദ പറഞ്ഞത് ഞാൻ ഓർത്തു.

കോട്ട കണ്ടു. ഒരു മിനിറ്റിനു ശേഷം ട്രെയിൻ കിഷൻഗഢ സ്റ്റേഷനിൽ നിർത്തി.

“സ്ഥലത്തിന്റെ പേരി നൊപ്പം ‘ഗഢ്’ എന്ന വാക്കു കണ്ടാൽ അവിടെയെവി ടെയോ ഒരു കോട്ടയുണ്ടെന്ന് ഉറപ്പിക്കാം.”

ഫെലൂദ പറഞ്ഞു.

ഞങ്ങൾ പ്ലാറ്റ്ഫോമിൽ ഇറങ്ങി ചായ കുടിച്ചു. ചായ തന്ന മൺപാത്രം ബംഗാ ളിലെ മൺപാത്രങ്ങളെക്കാൾ വലുതും ഉറപ്പുള്ളതുമായി രുന്നു. ചായയുടെ രുചിയും വ്യത്യസ്തമായിരുന്നു. ഒട്ടക പ്പാലാണ് അതിൽ ചേർത്തിരി ക്കുന്നതെന്നു ഫെലൂദ പറഞ്ഞു. അതുകൊണ്ടായി രിക്കാം ലാൽമോഹൻ ബാബു രണ്ടാമതൊരു ചായ കൂടി വാങ്ങിയത്. ചായ കുടിച്ചുകഴിഞ്ഞ് തണുത്ത വെള്ളംകൊണ്ടു മുഖം കഴുകി ഞാൻ കംപാർട്ടുമെ ന്റിലേക്കു മടങ്ങി. ലാൽ മോഹൻ ബാബുവിന്റെ സീറ്റിന്റെ ഒരറ്റത്ത് ഒരു രാജ സ്ഥാനി ഇരിക്കുന്നുണ്ടായി രുന്നു. അയാൾ വലിയൊരു തലപ്പാവ് വെച്ചിട്ടുണ്ട്. ഒരു കാല് മടക്കി, സീറ്റിൽ കയറ്റി വച്ചിരിക്കുന്ന കാലിന്റെ മുട്ടിൽ താടിയമർത്തിയാണ് അയാളുടെ ഇരിപ്പ്. മുഖം ഏതാണ്ടു മറച്ചുകൊണ്ട് ഒരു ഷാൾ പുതച്ചിട്ടുണ്ട്. പക്ഷേ ഷാളിന്റെ ഇടയിലൂടെ ഷർട്ടി ന്റെ നിറം എനിക്കു കാണാൻ കഴിഞ്ഞു. കടുംചുവപ്പ്!

ലാൽമോഹൻ ബാബു അയാളെ കണ്ടിട്ട് ഞങ്ങളുടെ സീറ്റിലേക്കു മാറി. സീറ്റിന്റെ ഒരു മൂലയിൽ അദ്ദേഹം ഞെ രുങ്ങിയിരിക്കാൻ തുടങ്ങിയ പ്പോൾ ഫെലൂദ പറഞ്ഞു.

“നിങ്ങൾ രണ്ടുപേരും സൗകര്യമായി ഇരുന്നോളൂ.”

എന്നിട്ട് അദ്ദേഹം എതിർ വശത്തുള്ള സീറ്റിലേക്കു മാറി ആ രാജസ്ഥാനിയുടെ അടുത്തിരുന്നു.

ഞാൻ അയാളുടെ തലപ്പാവ് ശ്രദ്ധിച്ചു. ആ തുണി എത്ര വളച്ചും തിരിച്ചുമാണ് തലപ്പാവാക്കി മാറ്റിയതെന്നു ദൈവത്തിനറിയാം. ലാൽ മോഹൻ ബാബു ഫെലൂദ യോട് ശബ്ദം താഴ്ത്തിപ്പ റഞ്ഞു.

ട്രെയിൻ ഓടിക്കൊണ്ടിരി ക്കുകയാണ്. പെട്ടെന്ന് ആരോ എന്റെ ഷർട്ട് പിടിച്ചു വലിക്കുന്നതായി തോന്നി. തിരിഞ്ഞുനോക്കിയപ്പോൾ വിളറി വെളുത്ത ലാൽ മോഹൻ ബാബുവിനെയാണ് കണ്ടത്. അദ്ദേഹം എന്നെ നോക്കി മന്ത്രിച്ചു.

“രക്തം!” *(തുടരും)*

# പുസ്തകങ്ങളുടെ മാന്ത്രികലോകം

എസ് ശിവദാസ്

കൂട്ടുകാരേ!

ആദ്യം ഒരു കഥപറയാം. കെട്ടുകഥയല്ല. സംഭവകഥ. ഇന്ത്യയിലെ ഒരു വീട്ടിലേക്കു രണ്ടു നോബൽസമ്മാനം വന്ന കഥ. കഥ തുടങ്ങുന്നത് തമിഴ്നാട്ടിലെ ഒരു ഗ്രാമത്തിൽ. മങ്കുടി എന്ന ഓണം കേറാമൂലയിൽ. അത് തഞ്ചാവൂർ ജില്ലയിലായിരുന്നു. അവിടെ രാമനാഥൻ എന്നൊരു സാധാരണക്കാരനായ മനുഷ്യനുണ്ടായിരുന്നു. പാരമ്പര്യമായി കിട്ടിയ കുറച്ചു കൃഷിസ്ഥലങ്ങളുണ്ട് അദ്ദേഹത്തിന്. അവിടെ കൃഷിചെയ്ത് അദ്ദേഹം ജീവിച്ചു. പിന്നെ പാരമ്പര്യമായി നടത്തിവന്ന പൂജയും തുടർന്നു. കുറച്ചു സംസ്കൃതവും തമിഴും മാത്രം പഠിച്ചിരുന്ന പൂജാരി. കൃഷിയിൽ നിന്നു വളരെക്കുറച്ച് ആദായം മാത്രമേ ലഭിച്ചിരുന്നുള്ളൂ. കരം കൊടുത്തു കഴിഞ്ഞാൽ കാര്യമായ മിച്ചമൊന്നുമില്ല. പൂജയിൽനിന്നും ഇല്ല കാര്യമായ വരുമാനം. ചുരുക്കത്തിൽ വീട്ടിൽ എല്ലാറ്റിനും വറുതിയായിരുന്നു. വലിയ കുടുംബം, വരുമാനം കുറവും. പിട്ടിണിയില്ലാതെ കഴിഞ്ഞു എന്നു മാത്രം. രാമനാഥൻ ജീവിച്ചത് 1837–1906 കാലത്ത്. അന്നു മദ്രാസ് പ്രസിഡൻസിയിലായിരുന്നു തമിഴ്നാട്. ഭരണം ബ്രിട്ടീഷുകാരുടെ കൈയിൽ.

ബ്രിട്ടീഷുകാർക്കു ജോലിക്കായി ആൾക്കാരെ വേണമായിരുന്നു. ഇംഗ്ലീഷ് പഠിച്ചവരെ. അതിനായി അവർ ഇംഗ്ലീഷ് പഠിപ്പിക്കുന്ന വിദ്യാലയങ്ങൾ സ്ഥാപിച്ചകാലം. തമിഴും സംസ്കൃതവും മന്ത്രവും പൂജയും കൊണ്ട് ഇനിയുള്ള കാലം രക്ഷയില്ല. മകനെ ഇംഗ്ലീഷ്‌വിദ്യാലയത്തിൽ പഠിപ്പിക്കണം. മങ്കുടിക്കടുത്തൊന്നും ഇംഗ്ലീഷ് വിദ്യാലയമില്ല. കുംഭകോണം പട്ടണത്തിലുണ്ട്. അവിടെ ഒരു കൊച്ചുവീട് രാമനാഥന്റെ ഭാര്യയ്ക്കുണ്ടായിരുന്നു. രാമനാഥൻ തന്റെ മകനെ അവിടെ കൊണ്ടുപോയി താമസിപ്പിച്ചു. രാമനാഥൻ ചന്ദ്രശേഖർ (ആർ സി) എന്നായിരുന്നു മകന്റെ പേര്. ആ കുട്ടി അവിടെ താമസിച്ച് സ്വയം ഭക്ഷണം പാചകം ചെയ്തു ജീവിച്ചു, പഠിച്ചു. പഠനകാലം മുതൽ വലിയ വായനക്കാരനായി. കാശില്ലായിരുന്നിട്ടും കഷ്ടപ്പെട്ടു പുസ്തകങ്ങൾ ശേഖരിച്ചു. വായിച്ചു പഠിച്ചു വളർന്നു.

അക്കാലത്തെ രീതിയനുസരിച്ച് ഹൈസ്ക്കൂളിൽ പഠിക്കുമ്പോൾ തന്നെ ആർ സി വിവാഹിതനായി. ഭാര്യ പാർവതി അന്നൊരു പെൺകുട്ടി മാത്രമായിരുന്നു. ആർ സി പഠിത്തം കഴിഞ്ഞ് അധ്യാപകനായി. ആർ സി രണ്ടു വർഷം തൃശ്ശിനാപ്പള്ളിയിലെ കോളജിലായിരുന്നു പഠിച്ചത്. പിന്നെ മദ്രാസിൽ ക്രിസ്ത്യൻ കോളജിൽ . പിന്നീടായിരന്നു തൃശ്ശിനാപ്പള്ളിയിൽ കോളജിൽ പഠിപ്പിക്കാൻ തുടങ്ങിയത്. പിന്നീട് അദ്ദേഹം വിശാഖപട്ടണത്ത് ഒരു



വര: ഷാജി ബാബു

കോളെജിൽ വൈസ്പ്രിൻസിപ്പലായി. ഗണിതം, ഭൗതികം, ഇംഗ്ലീഷ് സാഹിത്യം ഇവ കൂടുതലായി പഠിച്ച് മാസ്റ്റർ ബിരുദം നേടി. ഗണിത പ്രൊഫസറുമായി.

ചെറുപ്പംമുതൽ ആർ സിക്ക് പുസ്തകങ്ങൾ ഒരു ഹരമായിരുന്നു. ശമ്പളത്തിലൊരു വലിയ ഭാഗം പുസ്തകങ്ങൾ വാങ്ങാൻ ഉപയോഗിച്ചു. ഏറ്റവും നല്ല ക്ലാസിക് ഗ്രന്ഥങ്ങളുടെ വലിയ ഒരു ശേഖരം അദ്ദേഹം വീട്ടിൽ ഉണ്ടാക്കി. വീട്ടിലൊരു ലൈബ്രറി. ഒന്നാംതരം ലൈബ്രറി. ആ ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് അദ്ദേഹത്തിന്റെ മൂത്തപുത്രൻ സിബു സുബ്രഹ്മണ്യ അയ്യരും (സി എസ് അയ്യരും) സി വെങ്കിട്ട രാമനും വളർന്നു. രണ്ടുപേരും പഠനത്തിൽ വലിയ മികവു കാട്ടി. സി എസ് അയ്യർ സിവിൽ എൻജിനീയറിങ് പാസ്സായി. സൂപ്പീരിയർ അക്കൗണ്ട്സ് പരീക്ഷയും പാസായി ബ്രിട്ടീഷ് റയിൽവേ കമ്പനിയിൽ വലിയ നിലയിലുള്ള ഉദ്യോഗസ്ഥനായി. വെങ്കിട്ടരാമനും നന്നായി പഠിച്ചു. പതിനൊന്നാം വയസ്സിൽ ഹൈസ്കൂൾ വിദ്യാഭ്യാസം തീർന്ന് പതിനഞ്ചാം വയസ്സിൽ ഡിഗ്രി എടുത്ത് പതിനേഴാം വയസ്സിൽ എം എ (ഭൗതികശാസ്ത്രം)യും ഗംഭീരമായി പാസ്സായി. പിന്നെ അഖിലേന്ത്യ മത്സരപ്പരീക്ഷ എഴുതി ഉന്നതമായ നിലയിൽ ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ കയറി അസിസ്റ്റന്റ് അക്കൗണ്ട് ജനറലായി. പിന്നെ ഗവേഷണം തുടങ്ങി. പ്രൊഫസറായി. വലിയ കണ്ടുപിടുത്തം നടത്തി അദ്ദേഹം ഏഷ്യയിലേക്കു ആദ്യത്തെ നോബൽ സമ്മാനം കൊണ്ടു
വന്നു. സി വി രാമൻ (ചന്ദ്രശേഖര വെങ്കിട്ട രാമൻ) എന്ന പേരിൽ ലോകപ്രശസ്തനായി.

ചേട്ടൻ സി എസ് അയ്യരുടെ മകനും വീട്ടിലെ ലൈബ്രറിയിലെ ഗ്രന്ഥങ്ങൾ വായിച്ചുവളർന്ന് വളരെ മിടുക്കനായി. പിൽക്കാലത്ത് നക്ഷത്രങ്ങളുടെ ജനനമരണ രഹസ്യങ്ങൾ കണ്ടെത്തി പ്രഗൽഭനായ അസ്ട്രോഫിസിസിസ്റ്റായി. അവസാനം നോബൽ സമ്മാനവും വാങ്ങി. ആ മകനാണ് ഡോ എസ് ചന്ദ്രശേഖർ!

അതേ കൂട്ടുകാരേ! ഒരേവീട്ടിൽ നിന്നു രണ്ടുപേർ നോബൽ സമ്മാനാർഹരായ അപൂർവങ്ങളിൽ അപൂർവമായ സംഭവം ആർ സി യുടെ വീട്ടിൽ അരങ്ങേറിയതിനു പിന്നിൽ ഒരു ലൈബ്രറിയുണ്ട്. വായനയെന്ന മാസ്മരികമായ പ്രവർത്തനമുണ്ട്!

വായിച്ചാലും വളരും വായിച്ചില്ലെങ്കിലും


സി വി രാമൻ

വളരും. വായിച്ചുവളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും. കുഞ്ഞുണ്ണിമാസ്റ്ററുടെ മനോഹരമായ സൂക്തത്തിന്റെ അവസാന ഭാഗം നമുക്കൊന്നു മാറ്റേണ്ടകാലമാണ് ഇന്ന്. 'വായിക്കാതെ വളർന്നാൽ തുലയും!' അങ്ങനെതന്നെ മാറ്റണം. വായിച്ച്, രസിച്ച്, ആശയങ്ങൾ സൃഷ്ടിക്കുന്നവരാകണം. പുതിയ സ്വപ്നങ്ങൾ, പുതിയ ചിന്തകൾ, പുതിയ സങ്കൽപ്പങ്ങൾ, പുതിയ ടെക്നോളജികൾ, പുതിയ വഴികൾ അവയെ യാഥാർത്ഥ്യമാക്കുന്ന ജീനിയസ്സുകൾ ആണ് നാളെ ലോകം ഭരിക്കാൻ പോകുന്നത്. പുതിയ ലോകം സൃഷ്ടിക്കാൻ പോകുന്നത്. നോബൽ സമ്മാനജേതാക്കളായി നാടിന്റെ അഭിമാനമാകുന്നത്. വിജ്ഞാനം ലോകം ഭരിക്കുന്ന കാലത്ത് വിജ്ഞാനം ആർജിച്ച് ശക്തരാകുന്നവർക്കേ നിലനിൽപ്പുണ്ടാകൂ. അതിനാണ് വായന. ആ വായനയ്ക്കു പകരം ഒന്നു മാത്രമേയുള്ളൂ. വായന... വായന...!

അതിനാൽ കൂട്ടുകാരേ നമുക്ക് ഈ ഒഴിവുകാലം ഒരു വായനക്കാലമാക്കി മാറ്റാം. വായന തുടങ്ങാം. ചിട്ടയായി നടത്താം. ഒറ്റയ്ക്കു വായിക്കാം. കൂട്ടുകാർ ഒന്നിച്ചിരുന്നു വായിക്കാം. കൂട്ടവായനയ്ക്കു രസം കൂടും. കൂട്ടുകാർ ഒന്നിച്ചിരുന്നു പായസം കുടിക്കുന്ന രസം. ഓരോ പുസ്തകവും ഒരു മാന്ത്രിക ലോകം ആണ് എന്ന് അറിയുക. അതിന്റെ വാതിൽ തുറക്കാനറിയണം. അതിലേക്കു കയറാനും കാഴ്ചകൾ കാണാനുമറിയണം. പുസ്തകം വായിച്ച് ആസ്വദിക്കാൻ അറിയണം.

വായിച്ചു വായിച്ച് ആസ്വദിച്ച് ആസ്വദിച്ച് പുസ്തകപ്രേമം വളർത്തുക. പുസ്തകസംസ്കാരം വളർത്തുക. പുതിയ മനുഷ്യനാവുക. മഹത്തായ നേട്ടങ്ങൾക്ക് ഉടമയാവുക. ഈ ഒഴിവുകാലത്തുതന്നെ ആ തപസ്സു തുടങ്ങാം.



# കുറുക്കന്റെ പ്രേമം

(ജാതകകഥ)
ചിത്രീകരണം വെങ്കി



പൊൻപാറയിലെ ഗുഹയിലാണ് സിംഹത്തിന്റെ താമസം. ഒപ്പം ഏഴ് അനുജന്മാരും ഒരു അനുജത്തിയും. തൊട്ടടുത്താണ് കണ്ണാടിപ്പാറ. ഒരു കുറുക്കനാണ് അതിനുള്ളിൽ താമസം.

ആൺസിംഹങ്ങളെല്ലാം പകൽ ഇര തേടാൻ പോകും. ഗുഹയിൽ അനുജത്തി ഒറ്റയ്ക്കാവും. ഒരു ദിവസം കുറുക്കൻ പതുങ്ങിപ്പതുങ്ങി ഗുഹയ്ക്കടുത്തെത്തി.



സിംഹങ്ങളുടെ അനു
ജത്തിയോട് കുറച്ചു
കൊച്ചുവർത്തമാന
മൊക്കെ പറഞ്ഞു
തിരിച്ചുപോയി.

പിറ്റേ ദിവസവും ഇതാ
വർത്തിച്ചു. അങ്ങനെ
അതൊരു പതിവായി.

കുറെദിവസം കഴി
ഞ്ഞു. കുറുക്കനൊരാ
ഗ്രഹം.

സിംഹിയെ വിവാഹം
കഴിക്കണം! ശക്തരു
മായുള്ള കൂട്ടുകെട്ട്
നല്ലതല്ലേ.





നമുക്കു വിവാഹം കഴിച്ചാലോ?

അവൾ മറുപടിയൊന്നും പറഞ്ഞില്ല.

കുറുക്കൻ തിരിച്ചുപോയി.

സിംഹമായ തന്നെ വെറുമൊരു കുറുക്കന്
വിവാഹം കഴിക്കണമത്രേ!





അവൾക്കു അപമാനവും
ദുഃഖവും കോപവും തോന്നി.

ഉച്ചകഴിഞ്ഞ് ആങ്ങളമാർ
വേട്ടയാടിക്കിട്ടിയ ഇറച്ചിയു
മായി വന്നു. ഇറച്ചി കൊടു
ത്തിട്ടും അവൾ അനങ്ങി
യില്ല. ഒന്നും പറഞ്ഞുമില്ല.
കാര്യമറിയാതെ ആങ്ങളമാർ
കുഴങ്ങി. വീണ്ടും വീണ്ടും
ചോദിച്ചപ്പോൾ അവൾ



നടന്നതെല്ലാം
പറഞ്ഞു.
'അവനെവിടെ?'
ആങ്ങളമാർ ചോദിച്ചു.
'ആ കണ്ണാടിപ്പാറയി
ലുണ്ട്.' അവൾ
പറഞ്ഞു.
കുറുക്കന് ഇത്ര
അഹങ്കാരമോ? അവർ
കണ്ണാടി





പ്പാറയ്ക്കടുത്തേക്കു പോയി.
കുറുക്കൻ അതിനുള്ളി
ലുണ്ടായിരുന്നു. കണ്ണാടിക്കു
ള്ളിൽക്കൂടി അതിനെ പുറമേ
കാണാൻ കഴിയും. പാറയുടെ
മുകളിൽ കിടക്കുകയാണെന്നേ
തോന്നൂ.
കുറുക്കൻ കണ്ണാടിക്കുള്ളി
ലാണെന്നറിയാതെ സിംഹങ്ങൾ
കുതിച്ചുചാടി. കഷ്ടം! കണ്ണാടി
പ്പാറയിലിടിച്ച് അവരേഴുപേരും



ചത്തു വീണു.

അപ്പോഴാണ് ജ്യേഷ്ഠൻസിംഹം അവിടെയെത്തിയത്. അവൻ ആ പാറ സൂക്ഷ്മമായി നോക്കി. അതിനുള്ളിലെവിടെയോ ആണ് കുറുക്കൻ കിടക്കുന്നത്. പുറത്തുനിന്നു നോക്കിയാൽ പാറയ്ക്കു മുകളിലാണെന്നു തോന്നും.





അതു മനസ്സിലാക്കിയ സിംഹത്തിന് അനുജന്മാരുടെ വിഡ്ഢിത്തത്തിൽ സങ്കടം വന്നു. അവൻ പെങ്ങളോടു പറഞ്ഞു.



“പെങ്ങളേ ഈ കണ്ണാടിയിലൂടെ കാണുന്നത് സത്യമല്ല. കുറുക്കൻ ഉള്ളിലെവിടെയോ ആണ്. കണ്ണാടിയിലൂടെ നോക്കുമ്പോൾ അവൻ പാറയുടെ മുകളിൽ കിടക്കുന്നതായി തോന്നും. ചതിയനാണവൻ. അവന്റെ വീടും ചതിക്കുണ്ടാണ്.”

സിംഹം നേരെ ആ ഗുഹയുടെ വാതിൽക്കലെത്തി ഗർജ്ജിച്ചു.

ആ സിംഹഗർജനം കേട്ടപ്പോഴേ കുറുക്കൻ പേടിച്ച് ചത്തുവീണു.

# അവധിക്കാലം ആസ്വദിക്കാം

ഡോ. ബി പത്മകുമാർ

പരീക്ഷയ്ക്ക് ഉറക്കമിളച്ച് പഠിക്കുമ്പോൾ തന്നെ കുഞ്ഞുണ്ണി അച്ഛനെക്കൊണ്ട് ഒരു കാര്യം സമ്മതിപ്പിച്ചിരുന്നു. സ്കൂൾ അടച്ചാലുടൻ ടൂറിനു പോകാമെന്ന്. കഴിഞ്ഞവർഷം അതും ഇതുമൊക്കെ പറഞ്ഞ് ഒന്നും നടന്നില്ല.

പരീക്ഷ കഴിഞ്ഞപ്പോൾ തന്നെ അച്ഛനും അമ്മയും അമ്മൂമ്മയുമൊക്കെ ടൂറിനായി പല പല സ്ഥലങ്ങളും ആലോചിച്ചു. അവസാനം കുഞ്ഞുണ്ണിയുടെ ചേട്ടൻ പഠിക്കുന്ന ചെന്നൈയിൽ പോകാൻ തീരുമാനിച്ചു. ചെന്നൈയിൽ കാണേണ്ട സ്ഥലങ്ങളുടെ ലിസ്റ്റു തയ്യാറാക്കുന്ന തിരക്കിലാണ് കുഞ്ഞുണ്ണിയിപ്പോൾ.

കൂട്ടുകാരിൽ പലരും വിനോദയാത്രയ്ക്കു തയ്യാറെടുപ്പുകൾ തുടങ്ങിക്കാണും. യാത്രകൾ ആനന്ദകരമാണ്. വിജ്ഞാനപ്രദവുമാണ്. പുതിയ സ്ഥലങ്ങൾ, ഭാഷ, വേഷഭൂഷാദികൾ, ഭക്ഷണം എല്ലാം വളരെ കൗതുകകരമായിരിക്കും. യാത്രയ്ക്ക് ഒരുങ്ങുമ്പോൾ ആവശ്യമുള്ള വസ്ത്രങ്ങളും ക്യാമറയും പുസ്തകങ്ങളുമൊക്കെ എടുക്കാൻ ശ്രദ്ധിക്കുന്നതുപോലെ ആരോഗ്യകാര്യങ്ങളിലും ശ്രദ്ധയും കരുതലും വേണം. ടൂറിനിടയിൽ ഒരു പനിയോ വയറുവേദനയോ ഛർദ്ദിലോ ഒക്കെ വന്നാൽ ടൂറിന്റെ രസമൊക്കെ പോവുകയില്ലേ.

ഏറ്റവും കൂടുതലായി ശ്രദ്ധിക്കേണ്ടത് ഭക്ഷണക്കാര്യമാണ്. യാത്രയ്ക്കിടയിൽ വയറിളക്കവും ഛർദ്ദിലുമൊക്കെ ഉണ്ടാകുന്നതിന്റെ പ്രധാനകാര്യം വൃത്തിഹീനമായ ഭക്ഷണം കഴിക്കുന്നതാണ്. വഴിവക്കിൽ തുറന്നുവച്ചിരിക്കുന്നതും ഈച്ചയും മറ്റു കീടങ്ങളും വന്നിരിക്കുന്നതുമായ ആഹാരസാധനങ്ങൾ വാങ്ങരുത്, കഴിക്കരുത്. അതുപോലെ വൃത്തിയും വെടിപ്പുമില്ലാത്ത ഭക്ഷണശാലകളിൽ നിന്നും ഭക്ഷണം വാങ്ങി കഴിക്കുകയുമരുത്. വൃത്തിയുള്ള പാത്രങ്ങളിൽ അടച്ചു സൂക്ഷിച്ചിരിക്കുന്ന ചൂടുള്ള ഭക്ഷണം കഴിക്കാൻ ശ്രദ്ധിക്കണം. യാത്രയ്ക്കിടയിൽ പൊതുവെ വെജിറ്റേറിയൻ ഭക്ഷണമാണ് നല്ലത്.

അടുത്തത് വെള്ളത്തിന്റെ കാര്യമാണ്. കൂട്ടുകാരുടെ



വര: ടി ആർ രാജേഷ്

ടൂറു മുഴുവനും വേനൽക്കാലത്തായിരിക്കുമല്ലോ. വെയിലത്ത് സ്ഥലം കാണാനായി അലഞ്ഞുതിരിഞ്ഞു നടക്കുമ്പോൾ ക്ഷീണവും തളർച്ചയും ഉണ്ടാകാം. വിയർപ്പിലൂടെ ജലാംശവും ലവണങ്ങളും നഷ്ടമാകുന്നതുകൊണ്ടാണ് ക്ഷീണമനുഭവപ്പെടുന്നത്. അതുകൊണ്ട് ധാരാളം വെള്ളം കുടിക്കണം. തിളപ്പിച്ചാറിയ വെള്ളം കൊണ്ടുപോയി കുടിക്കാമെങ്കിൽ ഏറ്റവും നല്ലത്. ഉപ്പിട്ട നാരങ്ങവെള്ളം, സംഭാരം, കരിക്കിൻവെള്ളം, എന്നിവയെല്ലാം നല്ല പാനീയങ്ങളാണ്. കഴിയുന്നതും കൃത്രിമ ശീതളപാനീയങ്ങൾ ഒഴിവാക്കണം. അതുപോലെതന്നെ തുറന്നുവച്ചിരിക്കുന്ന കുടിവെള്ളം, പൈപ്പുവെള്ളം എന്നിവയും കുടിക്കരുത്. യാത്രയ്ക്കിടയിൽ പഴങ്ങൾ ധാരാളമായി കഴിക്കുന്നതും നല്ലതാണ്.

വെയിലു കൊള്ളാതിരിക്കാനായി കൈയിലൊരു കുട കരുതണം. കഴിയുന്നതും ഉച്ചയ്ക്ക് 12 നും 2 നും ഇടയ്ക്കുള്ള സൂര്യപ്രകാശം നേരിട്ട് ഏൽക്കാതെയിരിക്കുന്നതാണു നല്ലത്. കാരണം സൂര്യരശ്മികളിലെ അൾട്രാവയലറ്റ് രശ്മികൾ നേരിട്ടേൽക്കുന്നതു ചർമത്തിൽ പൊള്ളലും മറ്റ് അസ്വസ്ഥതകളും ഉണ്ടാക്കും.

ടൂറിനു പോകുമ്പോൾ വസ്ത്രധാരണത്തിലും ഉണ്ടായിരിക്കണം ശ്രദ്ധ. പ്രത്യേകിച്ചും ചൂടുകാലത്ത് നൈലോൺ, പോളിസ്റ്റർ വസ്ത്രങ്ങൾ ഒഴിവാക്കുന്നതാണു നല്ലത്. ഇങ്ങനെയുള്ള വസ്ത്രങ്ങൾ ശരീരം കൂടുതൽ വിയർക്കാനും വിയർപ്പുക്കുരു ഉൾപ്പെടെയുള്ള ചർമരോഗങ്ങൾക്കും കാരണമാകും. അതുകൊണ്ട് അയഞ്ഞ കോട്ടൺ വസ്ത്രങ്ങളാണു നല്ലത്.

വേനൽക്കാലം പലതരത്തിലുള്ള പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന കാലം കൂടിയാണ്. ചിക്കൻപോക്സ്, അഞ്ചാംപനി, മുണ്ടിനീര്, വൈറൽപനി തുടങ്ങിയവയാണ് പ്രധാനമായും കണ്ടുവരുന്ന വേനൽക്കാല രോഗങ്ങൾ. പനിയും മറ്റ് അസുഖങ്ങളും പിടിപെട്ടവരുമായി അടുത്തിടപഴകാതിരിക്കാൻ ശ്രദ്ധിക്കണം. രോഗങ്ങൾ വരാതെയിരിക്കാൻ ശരിയായ വ്യക്തിശുചിത്വവും പാലിക്കണം. ദിവസവും രണ്ടുനേരം കുളിക്കാനും വൃത്തിയുള്ള വസ്ത്രങ്ങൾ ധരിക്കാനും പ്രത്യേകം ശ്രദ്ധിക്കണം.

യാത്രയ്ക്കുപോകുമ്പോൾ കുടുംബഡോക്ടറോടു ചോദിച്ചു ചില അത്യാവശ്യ മരുന്നുകൾ കൂടി കരുതണം. പനിയോ തലവേദനയോ വയറുവേദനയോ മറ്റോ വന്നാൽ പെട്ടെന്നു കഴിക്കാനുള്ള മരുന്നുകൾ കൊണ്ടുപോകുന്നതു നല്ലതാണ്. ഒപ്പം മുറിവോ മറ്റോ ഉണ്ടായാൽ ഡ്രസ്സ് ചെയ്യാനാവശ്യമായ ബാൻഡേജോ, വൃത്തിയുള്ള കോട്ടണോ കൂടി കൊണ്ടുപോകണം.



കൂട്ടുകാർക്കെല്ലാം സന്തോഷകരവും ആരോഗ്യകരവുമായ ഒരു അടിപൊളി അവധിക്കാലം ആശംസിക്കുന്നു.






# സ്നേഹം കൊതിക്കുന്ന ആത്മാക്കൾ

തനൂജ ഭട്ടതിരി

## സ്പിരിറ്റഡ് എവേ

### ജാപ്പനീസ് സിനിമ

2001 ലാണ് ജാപ്പനീസ്ചരിത്രത്തിൽ ഏറ്റവും കൂടുതൽ സാമ്പത്തികവിജയം നേടിയ ഈ സിനിമ പുറത്തിറങ്ങിയത്. കുറഞ്ഞ കാലയളവിനുള്ളിൽ 289 മില്യൺ ഡോളർ ഈ സിനിമ നേടുകയുണ്ടായി. 2003 ലെ അക്കാദമി അവാർഡ്, 2002 ലെ ഗോൾഡൻ ബെയർ അവാർഡ് തുടങ്ങി നിരവധി രാജ്യാന്തര-അന്തർദേശീയ അവാർഡുകൾ ഈ സിനിമ സ്വന്തമാക്കി. 14 വയസ്സിനുമുമ്പ് കണ്ടിരിക്കേണ്ട അമ്പതുസിനിമകൾ എന്ന വിഭാഗത്തിൽ പ്രമുഖസ്ഥാനം വഹിക്കുന്ന സ്പിരിറ്റഡ് എവേ മുതിർന്നവർക്കും വേറിട്ട ഒരു കാഴ്ചാനുഭവമാണ്.

അനിമേഷൻ മൂവിസ് ഇന്നത്തെ കുട്ടികൾക്ക് പുതിയ കാര്യമല്ല. സാധാരണ സിനിമകളെക്കാൾ ലോകരെ ആകർഷിച്ച നിരവധി അനിമേഷൻ സിനിമകൾ ഉണ്ട്. അതിലൊരെണ്ണമാണ് ജാപ്പനീസ് ചിത്രമായ സ്പിരിറ്റഡ് എവേ.

ചിഹീറോ എന്ന ഒരു ചെറിയ പെൺകുട്ടിയെ കേന്ദ്രീകരിച്ചാണു കഥ. ജോലി സംബന്ധമായി അച്ഛനു സ്ഥലം മാറ്റം കിട്ടുമ്പോൾ, പഠിക്കുന്ന സ്കൂളും ഉറ്റ സുഹൃത്തുക്കളെയും വിട്ടു ചിഹീറോയ്ക്കു പോകേണ്ടിവരുന്നു. അച്ഛനുമമ്മയ്ക്കും ഒപ്പം യാത്രയാകുന്നു അവൾ. കാറിൽ മുഖം വീർപ്പിച്ചിരുന്നു കൊണ്ടാണ് അവളുടെ യാത്ര. ഏറെ ദൂരം സഞ്ചരിച്ച കാർ ആളൊഴിഞ്ഞ ഒരു പ്രദേശം കഴിഞ്ഞതോടെ വഴിതെറ്റുന്നു. ഒരു കാട്ടിൽക്കൂടി അവർ ചെന്നെത്തിയത് അതിവിചിത്രമായ ഒരു സ്ഥലത്തേക്കാണ്. പണ്ടെന്നോ ആരോ ഉപേക്ഷിച്ചുപോയ പ്രദർശനനഗരി പോലെ ഒരു സ്ഥലം. പൊടിപിടിച്ചതെങ്കിലും വലിയവലിയ കെട്ടിടങ്ങൾ കാണാം. കാറിൽ നിന്നിറങ്ങിയ അച്ഛനും അമ്മയും വലിയ പ്രവേശനകവാടത്തിൽ കൂടി അകത്തേക്കു കടക്കാൻ ശ്രമിച്ചു. പക്ഷേ ഒരു ആപത്തു വരുന്നതുപോലെയാണ് ചിഹാറോയ്ക്കു തോന്നിയത്. അവൾ അവരെ തടയാൻ ശ്രമിച്ചു. അവളെ ഗൗനിക്കാതെ അവർ അതിനുള്ളിൽ കടക്കുമ്പോൾ ഒപ്പം കൂടുകയല്ലാതെ അവൾക്കു മറ്റൊരു നിവൃത്തിയുമുണ്ടായിരുന്നില്ല.

ഉള്ളിൽ നിന്നും രുചികരമായ ഭക്ഷണപദാർത്ഥങ്ങളുടെ ഗന്ധം അവൾക്കനുഭവപ്പെട്ടു. വലിയ മേശപ്പുറത്ത് നിരത്തിവെച്ചിരിക്കുന്ന ചൂടാവി വരുന്ന വിഭവങ്ങൾ കണ്ട് എല്ലാവരുടെയും കണ്ണുതള്ളി. എന്നാൽ ഒരാളുപോലും ആ പരിസരത്തെങ്ങും കാണാനുമില്ല. വിശന്നിരുന്ന അവർക്കു സന്തോഷം തോന്നി. പക്ഷേ ചിഹീറോ സംശയാലു തന്നെയായിരുന്നു. ആ ഭക്ഷണം തൊടുകപോലും ചെയ്യരുതെന്ന് അവൾ പറഞ്ഞു. പക്ഷേ അച്ഛനും അമ്മയും അവളെ വീണ്ടും അവഗണിച്ചു. ഭക്ഷണം ആർത്തിപിടിച്ചു കഴിക്കാൻ തുടങ്ങി. ചിഹീറോ പിണങ്ങി മാറിനിന്നതേയുള്ളൂ. അൽപ്പം കഴിഞ്ഞ് അവൾ

നോക്കുമ്പോൾ കാണുന്നത് ആർത്തിപ്പിടിച്ച് ഭക്ഷണം കഴിക്കുന്ന രണ്ടു കൊഴുത്ത പന്നികളെ! അച്ഛനുമമ്മയും പന്നികളായതു കണ്ട് അവൾ അന്തം വിട്ടുനിന്നു. അവിടം മുതൽ പുതിയൊരു ലോകമാണ് ചിഹീറോയ്ക്കും കാണികൾക്കും മുന്നിൽ തുറക്കപ്പെടുന്നത്.

സ്വന്തം അച്ഛനെയും അമ്മയെയും ഉപേക്ഷിച്ച് അവിടെനിന്നും പോകാൻ അവൾ തയ്യാറായിരുന്നില്ല. എന്നാൽ പന്നിക്കൂട്ടങ്ങൾക്കുള്ളിലേക്കു മാറ്റപ്പെട്ട അവരെ കാണാൻകൂടി അവൾക്കു കഴിഞ്ഞില്ല. തുടർന്ന് അവൾ തനിയെ നേരിടേണ്ടിവന്ന വിചിത്രാനുഭവങ്ങളാണു സിനിമയിൽ. ആർത്തിയില്ലാത്ത, സമ്പത്ത് ആഗ്രഹിക്കാത്ത, നിഷ്കളങ്കയായ, സ്നേഹമയിയായ ചിഹീറോ പ്രതിബന്ധങ്ങളെയും അപകടങ്ങളെയും തരണം ചെയ്യുന്ന കാഴ്ച നമ്മെ മുൾമുനയിൽ നിർത്തും.

ഒരു വലിയ നദി ഒഴുകുന്നുണ്ട് അവിടെ. ഒരു തീരം മനുഷ്യരുടേതും മറുതീരം ആത്മാക്കളുടേതും. അതിൽ ആത്മാക്കളുടെ തീരത്താണ് അവർ വന്നുപെട്ടിരിക്കുന്നത്.

ഒരു കുളിസ്ഥലമായ 'സ്പാ'* നടത്തുന്ന മന്ത്രവാദിനിയുണ്ട്. അവരുടെ അധികാരപരിധിയിലാണ് ആ പ്രദേശം. 'സ്പാ' ചില നാട്ടിലൊക്കെ ഒരു സാംസ്കാരികകേന്ദ്രം കൂടിയാണ്. അതാവാം ഒരു സ്പാ തന്നെ കഥാതലമാക്കാൻ സിനിമയ്ക്കു കഥയും സംവിധാനവും ചെയ്ത ഹായ്യോ മിയാക്കസിക്കു തോന്നിയത്. പലതരം ആത്മാക്കൾ ആ പ്രദേശത്തു ജീവിക്കുന്നു. അവരിൽ പലരും സ്പായിൽ കുളിക്കാനെത്തും. അവർക്കു മനുഷ്യഗന്ധം അസഹനീയമാണ്. പിടിക്കപ്പെടുന്ന മനുഷ്യരാകട്ടെ അവിടെ അടിമകളായി ജീവിക്കുന്നു.

ചിഹീറോയുടെ ഭാഗ്യം! അവൾ ആദ്യം തന്നെ കണ്ടുമുട്ടുന്നത് ഹാക്കൂ എന്ന ഒരു ആൺകുട്ടിയെയാണ്. അവനും അവിടെ പെട്ടുപോയതാണ്. അവിടുത്തെ സകല കാര്യങ്ങളും മനസ്സിലാക്കിക്കഴിഞ്ഞ അവൻ സ്വന്തം ജീവൻപോലും പണയപ്പെടുത്തി നിരവധി സന്ദർഭങ്ങളിൽ അവളെ രക്ഷിക്കുന്നു. രക്ഷപ്പെടാനുള്ള മാർഗങ്ങളും ഉപദേശിക്കുന്നു. ആദ്യമേ അവൻ പറയുന്നുണ്ട്. 'ഇവിടുത്തെ വായു ശ്വസിക്കുന്തോറും, ഇവിടുത്തെ ഭക്ഷണം കഴിക്കുന്തോറും നമ്മൾ മറവിയിലേക്കു പോകും. പഴയതൊന്നും ഓർത്തെടുക്കാനാവാതെ വരും. അതിനാൽ ദിവസവും നിന്റെ പേർ സ്വയം പറഞ്ഞുകൊണ്ടിരിക്കുകയും പഴയ ജീവിതം ഓർക്കുകയും വേണം.' ഹാക്കു പറയുന്നതിനനുസരിച്ചാണ് അവൾ അവിടെ ജീവിച്ചത്. ആ പ്രദേശത്തെ വേഷത്തിലോട്ടു മാറിയപ്പോഴും സ്വന്തം വേഷം കളയാതെ സൂക്ഷിക്കുകയും ഇടയ്ക്കിടെ അതെടുത്തു നോക്കുകയും ചെയ്തുകൊണ്ടിരുന്നു അവൾ. താഴെ കടലിൽക്കൂടി സഞ്ചരിച്ചെത്തുന്ന ഒരു തീവണ്ടി മാത്രമായിരുന്നു ആ പ്രദേശത്തെ ഏക യാത്രോപാധി. അവളുടെ കണ്ണുകൾ ആ തീവണ്ടി കാണുമ്പോഴൊക്കെ തിളങ്ങി.

മന്ത്രവാദിനി ഇടയ്ക്കു വേഷംമാറി പരുന്തായി ആകാശത്തിൽ തന്റെ പരിധിപ്രദേശങ്ങളിൽ വട്ടമിട്ടു പറക്കും. കുട്ടികളെ കണ്ടാൽ കൊത്തിപ്പറക്കുകയും ചെയ്യും. ഹാക്കൂ ഉള്ളതു കാരണം അവളതിൽ നിന്നൊക്കെ രക്ഷപ്പെട്ടുപോന്നു.

അദൃശ്യവും സുതാര്യവുമാക്കാൻ കഴിയുന്ന ശരീരമുള്ള ജീവികൾ, മുഖവും ശരീരവും ഇല്ലാത്ത ജീവികൾ, തലമാത്രം

> വലിയ മേശപ്പുറത്ത് നിരത്തി വെച്ചിരിക്കുന്ന ചൂടാവി വരുന്ന വിഭവങ്ങൾ കണ്ട് എല്ലാവരുടെയും കണ്ണുതള്ളി. എന്നാൽ ഒരാളുപോലും ആ പരിസരത്തെങ്ങും കാണാനുമില്ല. വിശന്നിരുന്ന അവർക്കു സന്തോഷം തോന്നി. പക്ഷേ ചിഹീറോ സംശയാലു തന്നെയായിരുന്നു. ആ ഭക്ഷണം തൊടുകപോലും ചെയ്യരുതെന്ന് അവൾ പറഞ്ഞു. പക്ഷേ അച്ഛനും അമ്മയും അവളെ വീണ്ടും അവഗണിച്ചു. ഭക്ഷണം ആർത്തിപിടിച്ചു കഴിക്കാൻ തുടങ്ങി. ചിഹീറോ പിണങ്ങി മാറിനിന്നതേയുള്ളൂ. അൽപ്പം കഴിഞ്ഞ് അവൾ നോക്കുമ്പോൾ കാണുന്നത് ആർത്തിപ്പിടിച്ച് ഭക്ഷണം കഴിക്കുന്ന രണ്ടു കൊഴുത്ത പന്നികളെ അച്ഛനുമമ്മയും പന്നികളായതു കണ്ടഅവൾ അന്തം വിട്ടുനിന്നു. അവിടം മുതൽപുതിയൊരു ലോകമാണ് ചിഹീറോയ്ക്കും കാണികൾക്കും മുന്നിൽ തുറക്കപ്പെടുന്നത്.

'സ്പാ'– ഔഷധക്കുളിക്ക് ഉപയോഗിക്കുന്ന നീരുറവകളുള്ള ഇടം



ഉരുണ്ട് ഉരുണ്ട് നടക്കുന്ന ജീവികൾ, ഇങ്ങനെ ഭ്രാന്ത് പിടിപ്പിക്കുന്ന കാഴ്ചകകളാണ് മിക്കപ്പോഴും അവൾക്കു മുന്നിൽ.



എപ്പോഴും ജോലി ചെയ്യുന്ന, ആറു കൈയും കാലുമുള്ള ചിലന്തിമനുഷ്യനോട് എന്തെങ്കിലും ജോലി തരണമെന്ന് അവൾ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. പൊതുവെ മനുഷ്യർ പ്രശ്നക്കാരായാണ് അവിടെ എല്ലാവരും കരുതുന്നത്. അതിനാൽ ജോലി കിട്ടാനും പ്രയാസമാണ്. എന്നാൽ വാശിപിടിച്ച് അവൾ ജോലി വാങ്ങുന്നു. കോൺട്രാക്ട് ഒപ്പിടുമ്പോൾ അവളുടെ ഒപ്പ് വലിച്ചെടുത്ത് മന്ത്രവാദിനി അവളുടെ പേരു മാറ്റുന്നു. പിന്നീടവൾ 'സെൻ' എന്ന പേരിലാണറിയപ്പെടുന്നത്. അപ്പോഴും ഹാക്കൂ പറഞ്ഞപോലെ പേരു മറക്കാതിരിക്കാൻ സ്വയം അതവൾ പറയുന്നുണ്ട്.

സെൻ എല്ലാവരോടും സ്നേഹത്തോടെയാണ് പെരുമാറുന്നത്. സ്നേഹം വാരിക്കോരി കൊടുത്ത് ദുഷ്ടരായ ആത്മാക്കളെപ്പോലും അവൾ അമ്പരപ്പിക്കുന്നു.

ഏകാന്തതയുടെ പ്രതീകമായ എപ്പോഴും ഒറ്റയ്ക്കു നിൽക്കുന്ന, വായുവിൽ അലിഞ്ഞുപോകുന്ന ആത്മാവുണ്ടവിടെ. അതിനെ ആരും ഉള്ളിലേക്കു ക്ഷണിക്കാറില്ല. സെൻ ആണ് അതിനെ ആദ്യമായി സ്പായ്ക്കുള്ളിലേക്ക് ക്ഷണിക്കുന്നത്. ആത്മാവ് തന്റെ കൈയിലെ സ്വർണ മണികൾ എത്രവേണമെങ്കിലും അവൾക്കു കൊടുക്കാൻ തയ്യാറാണ്. അവൾക്കു വേണ്ടതാനും. 'സ്പാ'യിലെ എല്ലാവരും സ്വർണ മണിക്ക് അടിയുണ്ടാക്കുമ്പോൾ അവൾ ആ ആത്മാവിനെ സ്നേഹിക്കുക മാത്രം ചെയ്യുന്നു.

ആത്മാക്കൾ പറയുന്നുണ്ട്. 'നമുക്കു മനസ്സിലാവാത്ത ഒരു കാര്യം അവൾ പറയു



ന്നുണ്ട്. 'ലവ്' എന്നതാണ് അത്. ആ ലവ് ഉള്ള കുട്ടിയാണ് സെൻ.' എന്ന്.

ഓരോ അപകടങ്ങളിൽ പെടുമ്പോഴും സ്വന്തം അച്ഛനെയും അമ്മയെയും ഓർത്ത് അവൾ പൊട്ടിക്കരയുന്നു.

ഒരു വയസ്സൻ ജലസ്പിരിറ്റ് ഒരുദിവസം സ്പായിൽ കുളിക്കാൻ വരുന്നു. അഴുക്കുനിറഞ്ഞ ആ സ്പിരിറ്റ് പുറത്തു നിൽക്കുമ്പോഴേ നാറ്റം കാരണം എല്ലാവരും ഓടിമാറി. മന്ത്രവാദിനി, ആ സ്പിരിറ്റിനെ വൃത്തിയാക്കുന്ന ജോലി സെന്നിനെയാണ് ഏൽപ്പിച്ചത്. വൃത്തികെട്ട ആ സ്പിരിറ്റിനെ ഒരുപാട് കഷ്ടപ്പെട്ടാണ് അവൾ വൃത്തിയാക്കി എടുത്തത്. ഒരുപാട് അഴുക്കുസാധനങ്ങൾ അതിന്റെയുള്ളിൽനിന്നും പുറത്തേക്കെടുത്തുകളഞ്ഞു അവൾ. ജലസ്പിരിറ്റിന് ഇതിൽക്കൂടുതൽ സന്തോഷമാവാനില്ല. അഴുക്കിനൊപ്പം പുറത്തുവന്ന സ്വർണമണികൾ അതു സ്പായിൽത്തന്നെ വർഷിച്ചു. അതും സെന്നിനു വേണ്ടിയിരുന്നില്ല. സ്പാ നിവാസികൾക്ക് പക്ഷേ സന്തോഷം പറയാനില്ല. അവൾ കാരണം സ്വത്തുക്കൾ കിട്ടുന്നുണ്ടല്ലോ. ജലസ്പിരിറ്റ്, ശരിക്കും ഇന്നത്തെ പുഴകളുടെ അവസ്ഥയും പാരിസ്ഥിതിക പ്രശ്നങ്ങളും ആണ് പ്രതിനിധാനം ചെയ്യുന്നതെന്ന് ആലോചിക്കുമ്പോൾ മനസ്സിലാകും.

അവൾ നടക്കുന്ന വഴികളിൽ ഇരുട്ടു പടരുമ്പോൾ വിളക്കുകാലിൽ നിന്നും വിളക്ക് ഇറങ്ങിവന്ന് മുന്നിൽ നടന്ന് വെളിച്ചം കൊടുക്കുന്നു.

ഈ സിനിമയുടെ ഓരോ ഫ്രെയിമും ഓരോരോ അത്ഭുതങ്ങളാണ് തരുന്നത്. എത്ര എഴുതിയാലും എങ്ങനെ എഴുതിയാലും ഇതിന്റെ കഥ പറയാനോ അനുഭവങ്ങൾ വിവരിക്കാനോ ആവില്ല. സിനിമ കണ്ടുതന്നെ അതു മനസ്സിലാക്കണം.

ആ മായാനഗരിയിലെ അടിമകളായ അടിമകളും, പന്നികളായ പന്നികളും, ആത്മാക്കളായ ആത്മാക്കളും ആഗ്രഹിച്ചത്, സെന്നിനെ അച്ഛനുമമ്മയ്ക്കും ഒപ്പം തിരികെ പോവാൻ അനുവദിക്കണമെന്നാണ്.

മന്ത്രവാദിനി അവസാനപരീക്ഷണത്തിനു മുതിർന്നപ്പോൾ സെൻ എതിർത്തില്ല. ഒരുകൂട്ടം പന്നികളെ നിരത്തിനിർത്തി അതിൽനിന്നും അച്ഛനെയും അമ്മയെയും ചൂണ്ടിക്കാണിക്കാൻ അവളോടു പറഞ്ഞപ്പോൾ ആ കൂട്ടത്തിൽ തന്റെ അച്ഛനുമമ്മയും ഇല്ല എന്നവൾ പറഞ്ഞു. അതു ശരിയുമായിരുന്നു.

തന്റെ പേരു തിരികെ കിട്ടിയ ചിഹീറോ സ്വന്തം അച്ഛനുമമ്മയേയും കണ്ട് ഏറെ സന്തോഷിച്ചു. എന്നാൽ 'ഇത്രനേരം എവിടെപ്പോയി കിടക്കുകയായിരുന്നു?' എന്നാണ് അവർ ശകാരിച്ചത്. പുറത്തു കിടന്ന കാറിൽ പൊടി അടിഞ്ഞിരിക്കുന്നതും ഇലകൾ മൂടിയിരിക്കുന്നതും കണ്ട്, പക്ഷേ അച്ഛനുമമ്മയും അത്ഭുതപ്പെട്ടു. 'കാറ്റോ, മറ്റോ വന്നില്ലല്ലോ..' എന്നായി അവർ. ചിഹീറോയ്ക്ക് മാത്രമാണ് താനനുഭവിച്ചതൊക്കെ ഓർമയുണ്ടായിരുന്നത്. കാലം എത്ര കഴിഞ്ഞെന്ന് ആർക്കാണ് പറയാനാവുക!

ഹാക്കൂനെ അവൾ പരിചയപ്പെടാനുണ്ടായ ഒരു പഴയ സംഭവം ഈ കഥയിൽ പറയുന്നുണ്ട്. ഇനിയും കാണും എന്ന് പറഞ്ഞ് യാത്ര അയയ്ക്കുമ്പോൾ ഹാക്കൂനെപ്പറ്റി പറയാനവൾക്ക് ഒരുപാടുണ്ടായിരുന്നു.

എനിക്കും ഒത്തിരി പറയാനുണ്ട്. പക്ഷേ പറയുന്നില്ല. ഈ സിനിമ കാണൂ എന്നിട്ടു നിങ്ങൾ എന്നോടു പറയൂ...

**അഴുക്കിനൊപ്പം പുറത്തുവന്ന സ്വർണമണികൾ ജലസ്പിരിറ്റ് സ്പായിൽ തന്നെ വർഷിച്ചു. ജലസ്പിരിറ്റ്, ശരിക്കും ഇന്നത്തെ പുഴകളുടെ അവസ്ഥയും പാരിസ്ഥിതിക പ്രശ്നങ്ങളും ആണ് പ്രതിനിധാനം ചെയ്യുന്നത്**



സുഗതകുമാരി



# വിരാടപർവം (തുടർച്ച)

പിന്നെയൊരുനാളുണ്ട് പരമയോഗ്യനായ ഒരു ഇടയൻ രാജാവിന്റെ പശുക്കൂട്ടത്തെ വീക്ഷിച്ചുകൊണ്ട് തൊഴുത്തുകൾക്കരികെ നിൽക്കുന്നു. രാജസദസ്സിലെത്തിയ സഹദേവന്റെ വരവു കണ്ട് വിരാടൻ അത്ഭുതത്തോടെ ചോദിച്ചു. ''ആരാണു നീ? എന്താണു പേര്? എവിടെനിന്നു വരുന്നു?''

''മഹാരാജാവേ, ഞാനൊരു വൈശ്യനാണ്. പശുപാലനമാണ് എന്റെ ജോലി. ആയിരക്കണക്കിനു പശുക്കളുണ്ടായിരുന്ന പാണ്ഡവരുടെ ഗോശാലകളുടെ നാഥനായിരുന്നു ഞാൻ. അവർ എവിടെയോ പോയി. ഞാൻ തൊഴിലില്ലാത്തവനുമായി. എനിക്കു പശുപാലനമെന്ന ജോലി തന്നു രക്ഷിച്ചാലും.''വിരാടൻ പറഞ്ഞു. ''നിന്നെക്കണ്ടാൽ വൈശ്യനെന്നു തോന്നുകയില്ല. മഹാരാജലക്ഷണങ്ങൾ തികഞ്ഞൊരു ക്ഷത്രിയനെപ്പോലിരിക്കുന്നു. വരിക, എന്റെ പശുക്കളെ പരിപാലിച്ച് ഇവിടെ വസിച്ചുകൊള്ളുക. നിന്റെ യോഗ്യതയ്ക്കൊത്ത ശമ്പളം ഞാൻ തരുന്നുണ്ട്.''

അങ്ങനെ സഹദേവൻ വിരാടരാജധാനിയിൽ തന്ത്രിപാലനെന്ന പേരോടെ പശുക്കളെ സംരക്ഷിച്ചു താമസം ആരംഭിച്ചു.


സഭയിലിരിക്കുന്ന വിരാടനെ അമ്പരപ്പിച്ചുകൊണ്ട് ഒരുദിവസം അതാ വരുന്നു ഒരു വിചിത്ര വേഷധാരി. ഉയർന്നു നിവർന്ന ശരീരവും കനത്തതോളുകളും മുട്ടോളംനീണ്ട കരങ്ങളുമുള്ള ദേവരാജതുല്യനായ ആ രൂപം പക്ഷേ പെണ്ണുങ്ങളെപ്പോലെ ചേലചുറ്റിയുടുത്തിരിക്കുന്നു. കൈകൾ നിറയെ വളകൾ അണിഞ്ഞിരിക്കുന്നു. കാതുകളിൽ പൊന്നുപൊതിഞ്ഞ ശംഖുകൊണ്ടുള്ള കുണുക്കുകൾ കിടന്നാടുന്നു. കഴുത്തിൽ നിറയെ മാലകൾ. പൊട്ടുതൊട്ട് കണ്ണെഴുതി പിന്നിയിട്ട തലമുടിയിൽ പൂക്കൾചൂടി ഇത്തിരി ലജ്ജാഭാവത്തിൽ താളത്തിനു ചുവടുകൾ വെച്ച് കുണുങ്ങിക്കുണുങ്ങി നടന്നുവരുന്ന ആ ഗംഭീരരൂപത്തെക്കണ്ട് രാജാവ് അത്യത്ഭുതം പൂണ്ടു. എന്തൊരു തേജസ്സ്! എന്തൊരു ഗാംഭീര്യം! സാക്ഷാൽ ദേവേന്ദ്രനെപ്പോലെയുള്ള രൂപസൗന്ദര്യം! എന്നാൽ വേഷം പെണ്ണുങ്ങളുടേത്! നടപ്പോ മദയാനയുടേതും!... കഷ്ടം, ശ്യാമസുന്ദരനായ ഇവൻ പൊൻചട്ടയിട്ട് വില്ലെടുത്ത് തേരിലേറി വരേണ്ടവനാണ്. ഈ രാജ്യത്തിന് അവകാശിയാകാനുള്ള യോഗ്യതയുള്ള ഇവൻ ഷണ്ഡനോ! എന്തൊരാശ്ചര്യം!

വിരാടൻ ചോദിച്ചു. ''ആരാണു നീ! ഷണ്ഡവേഷത്തിൽ വന്നു നിൽക്കുന്ന ദേവരാജതുല്യനായ നീ ആരെന്നു പറയുക. എന്താണു നിന്റെ വരവിന്റെ ലക്ഷ്യം?''

അർജുനൻ സവിനയം വന്ദിച്ചു പറഞ്ഞു. ''മഹാരാജൻ, ഞാൻ ബൃഹന്നളയാണ്. പാട്ടുപാടിയും നൃത്തമാടിയും വാദ്യങ്ങൾ മേളിച്ചും നടക്കുന്നവൾ. എന്റെ ഷണ്ഡത്വത്തെപ്പറ്റി ചോദിക്കരുതേ. അതു പറയാൻ ദു:ഖമാണെനിക്ക്. എനിക്ക് ഈ രാജധാനിയിൽ വസിക്കാൻ അനുവാദം തന്നാലും. അവിടുത്തെ മകൾ ഉത്തരരാജകുമാരിയെ ഞാൻ നൃത്തവും സംഗീതവും പഠിപ്പിക്കാം. അവിടുന്ന് അതിനുള്ള അനുമതി നൽകിയാലും.''

രാജാവു പറഞ്ഞു. ''ബൃഹന്നളേ, നീ ഈ പണി ചെയ്യേണ്ടവളല്ല. ആഴി ചൂഴുന്ന ഭൂമിയെ അടക്കിവാഴാനുള്ള യോഗ്യത ഞാൻ നിന്നിൽ കാണുന്നു. ശരി, എന്തായാലും ഇവിടെ വസിച്ച് എന്റെ കുമാരിയെയും കൂട്ടുകാരികളെയും നൃത്തഗീതങ്ങൾ പഠിപ്പിച്ചുകൊള്ളൂ.''

അന്തപ്പുരത്തിൽ ഈ ദിവ്യരൂപിയെ എങ്ങനെ പ്രവേശിപ്പിക്കും! രാജാവ് മന്ത്രിമാരുമായി ആലോചിച്ച് ബൃഹന്നള നപുംസകംതന്നെയോ എന്ന് സ്ത്രീകളെക്കൊണ്ടു പരിശോധിപ്പിച്ചു നിർണയിച്ചു. അങ്ങനെ ത്രൈലോക്യവീരനായ അർജുനൻ പെൺവേഷത്തിൽ രാജകുമാരിയെ



വര: ജയേന്ദ്രൻ

പാട്ടും നൃത്തവും പഠിപ്പിച്ച് കൊട്ടാരത്തിൽ വാണു. ഉത്തരയുടെ തോഴിമാർക്കും ദാസിമാർക്കുമെല്ലാം ഏറെ പ്രിയപ്പെട്ടവളായിത്തീർന്നു ബൃഹന്നള. പിന്നെയൊരു ദിവസം വിരാടന്റെ മുമ്പിൽ അതീവസുന്ദരനായ ഒരു യുവാവു വന്നു തൊഴുതു നിന്നു. അതിനിടയിലും അയാളുടെ കണ്ണുകൾ അവിടെ നിൽക്കുന്ന കുതിരകളെ പരിശോധിക്കുകയാണെന്നു കണ്ട വിരാടൻ ചോദിച്ചു. ''അതിസുന്ദരനായ നീ ആരാണ്? എന്താണെന്റെ കുതിരകളെ ഉറ്റുനോക്കുന്നത്? നീയെവിടെനിന്നു വരുന്നു!''

നകുലൻ തൊഴുതു പറഞ്ഞു. ''മഹാരാജാവേ, ഞാനൊരു സൂതനാണ്. കുതിരകളെ സംരക്ഷിക്കുവാനും തേരോടിക്കുവാനും വിദഗ്ധനാണു ഞാൻ, യുധിഷ്ഠിര മഹാരാജാവിന്റെ പ്രിയപ്പെട്ട അശ്വപാലകനായിരുന്നു ഞാൻ. ദാമഗ്രന്ഥിയെന്നാണെന്റെ പേര്. എനിക്കൊരു ജോലിതന്നു രക്ഷിച്ചാലും.''

രാജാവു പറഞ്ഞു. ''പരമസുന്ദരനായ യുവാവേ, നിന്നിൽ സൂതലക്ഷണങ്ങളല്ല, രാജലക്ഷണങ്ങളെല്ലാം ഒത്തിണങ്ങിയിരിക്കുന്നുവല്ലോ. വരിക, യുധിഷ്ഠിരനെപ്പോലെ ഞാൻ നിന്നെ പാലിച്ചുകൊള്ളാം. എന്റെ കുതിരകളെ നിന്റെ സംരക്ഷണയിൽ ഞാൻ വിട്ടുതരുന്നു. കഷ്ടം, മഹാപുരുഷനായ യുധിഷ്ഠിരൻ ഏതുകാട്ടിൽ കിടന്നു ക്ലേശിക്കുകയാണോ ഇപ്പോൾ!''

അങ്ങനെ നകുലനും വിരാടരാജധാനിയിൽ അശ്വരക്ഷകനായി പാർത്തുവന്നു. കുറച്ചുമാസങ്ങൾ അങ്ങനെ നീങ്ങി. കങ്കൻ തന്റെ വിദ്യയാലും ചൂതുകളിയാലും രാജാവിനെ സന്തോഷിപ്പിച്ചുപോന്നു. രാജസമ്മാനമായ ധനമെല്ലാം കങ്കൻ സഹോദരന്മാർക്കു നൽകി. ഭീമനോ, പാചകശാലയിൽനിന്നു കിട്ടുന്നതെല്ലാം പങ്കുവെച്ച് സഹോദരന്മാർക്കു നൽകി. അന്തപ്പുരത്തിൽനിന്നു കിട്ടുന്ന വസ്ത്രങ്ങൾ വിൽക്കുകയാണെന്ന മട്ടിൽ ബൃഹന്നള സഹോദരന്മാർക്കു നൽകി. സഹദേവൻ പാലും നെയ്യും തൈരും ജ്യേഷ്ഠന്മാർക്കു കൊടുത്തുപോന്നു. സൈരന്ധ്രീവേഷധാരിണിയായ പാഞ്ചാലിയാകട്ടെ അവരെയാരെയും കാണാത്തമട്ടിൽ അവിടെപ്പാർത്തുപോന്നു. മലിനവേഷം ധരിച്ചു ദാസവൃത്തി ചെയ്യുന്ന ഭീമനകുലസഹദേവന്മാരെയും കാലിൽ ചിലങ്കകെട്ടി ആണുംപെണ്ണുമല്ലാത്തമട്ടിൽ നൃത്തംചെയ്യുന്ന വിജയനെയും നോക്കി അവൾ രഹസ്യമായി കണ്ണീരൊഴുക്കി. ആരുമാരും അവരെ അറിഞ്ഞില്ല. *(തുടരും)*

ഇളം തളിര്


**ഫർഹാനജന്നത്ത്,**
ക്ലാസ് 8,
എ കെ എം എച്ച് എസ് എസ്,
കോട്ടൂർ





## എവിടെ?

**ലക്ഷ്മി ഇതിഹാസ്,**
റോസ്ഡേൽ പബ്ലിക് സ്കൂൾ,കല്ലമ്പലം - 695605



വര: ഗോപു പട്ടിത്തറ

കൊയ്തുകഴിഞ്ഞു
പാടമുറങ്ങി
കൊയ്ത്തരിവാളിനു വിശ്രമമായി
കൊയ്ത്തു മെതിച്ചൊരു
നെന്മണിയഖിലം
പത്തായത്തിന്നറയിലൊളിച്ചു

കുമ്പയൊതുക്കി വൈക്കോൽ കൂനകൾ
കുന്നുകൾ പോലെയുയർന്നേ നിന്നൂ
കാലികൾ ആലയിൽ നിന്നു വിളിച്ചു
കറവയ്ക്കുള്ളൊരു സമയമതായീ


പുത്തരിയുണ്ടു പള്ള നിറച്ചു,
വറുതിയുമിപ്പോൾ മറവിയിലായി
ഇങ്ങനെയുള്ളൊരു നാടിക്കാലം
കേരളമണ്ണിലതെവിടുണ്ടല്ലോ?



**നേഹ ജിബിൻ പി കെ,**
ക്ലാസ് 8,
എ കെ എം എച്ച് എസ് എസ്,
കോട്ടൂർ

ഇളംതളിരിലേക്ക് രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ... നിങ്ങളുടെ കഥകളും
കവിതകളും സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ് പ്രസിദ്ധീകരിക്കുന്നത്.





# പുരസ്സരണം കാണാം

അരവിന്ദ് ഗുപ്ത
ഡിസൈൻ:
K V Potdar


കറങ്ങുന്ന ഒരു വസ്തുവിന്റെ അച്ചുതണ്ട് വൃത്താകൃതിയിൽ പതിയെ കറങ്ങുന്ന പ്രതിഭാസമാണ് പുരസ്സരണം (Precession).



**ആവശ്യമുള്ള സാധനങ്ങൾ**

- പ്ലാസ്റ്റിക് പങ്ക (സ്വയം നിർമ്മിച്ചെടുക്കാം.)
- ബലമുള്ള ഒരു ചെറിയ വടി
- ഗ്ലാസ്
- മാർക്കർപേനകൾ

ഒരു പ്ലാസ്റ്റിക്പങ്കയും ഒരു ഗ്ലാസും ഉപയോഗിച്ച് ഈ പ്രതിഭാസത്തെ അടുത്തുകാണാം.




1 ഒരു പ്ലാസ്റ്റിക് ഡിസ്ക് മുറിച്ച് ചിത്രത്തിലേതു പോലെ ഒരു പങ്ക ഉണ്ടാക്കുക. ഇതളുകൾ എല്ലാം ഒരേ ദിശയിൽ മടക്കുക.



2 ചെറിയ വടിയിൽ പങ്ക ഉറപ്പിക്കണം.



3 ഈ സംവിധാനം ഗ്ലാസിനുള്ളിൽ വയ്ക്കുക. വടിയുടെ താഴ്ഭാഗം ഗ്ലാസിന്റെ അടിയിൽ മുട്ടിയിരിക്കണം.



4 ഇനി ഈ സംവിധാനം ഒരു ഫാനിനു കീഴിൽ പിടിക്കൂ.



5 പ്ലാസ്റ്റിക്പങ്ക അതിവേഗത്തിൽ സ്വയം കറങ്ങുന്നതിനൊപ്പം ഗ്ലാസിന്റെ വക്കിലൂടെ കറങ്ങുന്നതും കാണാം. ഈ ചലനമാണ് പുരസ്സരണം.



6 ഭൂമിയ്ക്കും ഇതേ പോലെ ഒരു ചലനമുണ്ട്. അതിനാൽ എല്ലാക്കാലത്തും ധ്രുവനക്ഷത്രം ഒന്നു തന്നെയായിരിക്കില്ല. 26000 വർഷം വേണം ഈ കറക്കം പൂർത്തിയാവാൻ എന്നു മാത്രം. ആഗോളകാലാവസ്ഥയെയും ഈ പുരസ്സരണം സ്വാധീനിക്കുന്നുണ്ട്. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പുസ്തകങ്ങളിലും ഇന്റർനെറ്റിലും തിരഞ്ഞ് കണ്ടെത്തുമല്ലോ. ഇനി ഒരു പമ്പരം എടുത്ത് നിലത്തു വച്ച് കറക്കിവിടൂ. അതിൽ പുരസ്സരണം ഉണ്ടോ എന്നും നോക്കൂ. എന്നിട്ട് തളിരിനെഴുതണേ.



Printed and Published by **Dr. Paul Manalil** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# അക്ഷരചിത്രം


ഭരണിക്കാവ് കൃഷ്ണൻ

**5** - കൊണ്ട് സിംഹത്തെ വരയ്ക്കാം.



**C** - കൊണ്ട് ഹിപ്പോപ്പൊട്ടാമസിനെ വരയ്ക്കാം.





**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70
Regd KL/TV (N)/399/2015-2017

April 2016
Published on 29-03-2016 Vol:22, Issue:4, ₹15


# വരുന്നൂ...
# ഇന്ററാക്ടീവ് പുസ്തകങ്ങൾ

## ഇനി കളിക്കാനും ചിന്തിക്കാനും കൂട്ടുകൂടാനും പുസ്തകങ്ങൾ

- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നു –
- മലയാളത്തിൽ ആദ്യമായി ഇന്ററാക്ടീവ് പുസ്തകങ്ങൾ
- പ്രൈമറി കുട്ടികൾക്കുള്ള ഉപഹാരം

